**2007 മെയ്–ജൂൺ**

1182 ഇടവം - മിഥുനം

1428 ജമാഅത്തുൽ അവ്വൽ - ജമാഅത്തുൽ ആഖിർ

1385 ഹിജ്റത്ത് - ഇഹ്സാൻ

പുസ്തകം 3    ലക്കം 7

വില 10 രൂപ

بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം

ദ്വൈമാസിക

**ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം**

## വി ഷ യ വി വ രം

**ആമുഖം**

വ്രതാനുഷ്ഠാനം സമാധാനം പ്രദാനം ചെയ്യുന്നു ........ 4

**യുഗനാദം**



**പ്രാ**ർത്ഥന മനുഷ്യഹൃദയത്തെ ദോഷബാധകളിൽനിന്നു ശുദ്ധീകരിക്കുമ്പോൾ വ്രതം മനുഷ്യാത്മാവിനെ പ്രഭാമയമാക്കിത്തീർക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണം എന്നാൽ, അനിയന്ത്രിതമായ അധമപ്രവണതകളുടെ ബന്ധനങ്ങളിൽനിന്നുള്ള വിമുക്തിയത്രെ. ആത്മാവിന്റെ പ്രകാശവൽക്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയ ദർശനങ്ങളാൽ അനുഗൃഹീതനായിത്തീരുന്നു. അതുവഴി അവൻ ദൈവത്തെ പ്രാപിക്കുമാറാകുന്നു.

വിശുദ്ധ റമദാൻ ........ 5

**വിശുദ്ധ ഖുർആൻ**

സൂറത്തുൽ ബഖറഃ അർത്ഥം, വ്യാഖ്യാനം ........ 7

ശരീരേച്ഛകളോട് പോരാടി വ്രതാനുഷ്ഠാനം ധന്യമാക്കുക ........ 9
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (ഖലീഫത്തുൽ മസീഹ് )

വ്രതാനുഷ്ഠാനം ........ 13
എൻ. ഹാമിദ്

അഞ്ചാം ഖിലാഫത്തിനെ സംബന്ധിച്ച് മുൻകൂട്ടി അറിയിച്ച സ്വപ്നങ്ങൾ ........ 15
*അത്താഉൽ മുജീബ് റാശിദ്, ലണ്ടൻപള്ളി ഇമാം*

2005 ഡിസംബറിൽ ജലസാ സലാന സ്പെഷ്യൽ പതിപ്പായി ഇറങ്ങിയ ബദ്ർ വാരികയിൽ എഴുതുയ ലേഖനത്തിന്റെ പരിഭാഷയാണിത്. (ഇംഗ്ലീഷിൽനിന്ന്)

ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ.അ) ........ 18
ഡോ. മുസഫർ അഹ്മദ്

**ലേഖനം**

നൈൽനദിയും, കെയ്റോയിലെ പുരാതന മ്യൂസിയവും' ........ 21
ഏ.ക്യു. മഹ്ദി

മുഹമ്മദ് നബി(സ)യെ അംഗീകരിക്കാതെ ഖുർആൻ സ്വീകരിക്കാമോ? ........ 24
അബ്ദുൽ ഹഖീം, ആലപ്പുഴ

മനുഷ്യന്റെ ജീവിതാവസ്ഥകളും ജീവിതസാക്ഷാത്കാരവും ........ 27
എ. അമ്രീൻ

ഫസ്ഖ്'- നിയമവും ചരിത്രവും ........ 30
അഡ്വ. നിസാർ അഹ്മദ്

പർദ്ദ: തഖ്വയുടെ വസ്ത്രം ........ 34
സലിഹ മാലിക്ക്, യു.എസ്.എ.

**കവിത**

'ഖുദ്റത്തെ സാനിയ'തൻ തേജോവിലാസം........ 37
അബൂഅയ്മൻ

ജവാബ്! ........ 38
ഇബ്നുമർയം

മജ്ലിസ് അൻസാറുല്ലാ സംസ്ഥാന ഇജ്തിമാഅ് ........ 40
ഇബ്നു മുഹമ്മദ്

**ബാലസാഹിത്യം**

ഇബ്ലീസും, ഖന്നാസും, വസ്വാസുകളും........ 42
ഡോ. ഫുആദ്

*എഡിറ്റർ ഇൻ ചാർജ്:*
**എം. നാസിർ അഹ്മദ്**

*മാനേജർ:*
**എം. മുഹമ്മദ് സലിം**

**SATHYAMITHRAM**
**ANSARULLAH PUBLICATION**
Printed and Published by Majlis Ansarullah State Committee, Kerala
at BRB Offset Printers & Publishers, Thavakkara, Kannur-17.
Ph: 0497-2761010, 2761020

بســم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

ആമുഖം


# വ്രതാനുഷ്ഠാനം സമാധാനം പ്രദാനം ചെയ്യുന്നു

ഇസ്‌ലാം നിഷ്കർഷിച്ചിട്ടുള്ള ആരാധനാകർമ്മങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് വ്രതാനുഷ്ഠാനം. നന്മ തിന്മകളുടെ ബലപരീക്ഷണാന്തരീക്ഷത്തിൽ ജീവിക്കുന്ന മനുഷ്യന് കൂടുതൽ നന്മ ചെയ്യാനും തിന്മയിൽനിന്ന് അകന്നുനില്ക്കാനുമുള്ള ഒരു പ്രചോദനമാണത്. മോക്ഷപ്രാപ്തി കൈവരിക്കുന്നതിന് ഇസ്‌ലാം നിർദ്ദേശിച്ച വിവിധ കർമ്മങ്ങളിൽ വ്രതാനുഷ്ഠാനത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. ആത്മാവിനെ ശുദ്ധീകരിച്ച് ദൈവപ്രാപ്തി കരസ്ഥമാക്കാൻ അല്ലാഹുതന്നെ വർഷിക്കുന്ന ഒരു മഴയാണ് റമസാൻ. ഇതിൽനിന്നും ഫലമെടുക്കുന്നവന് മാനസികോല്ലാസം ലഭിക്കാനും സംഭവിച്ചുപോയ പാപങ്ങൾ ഏറ്റുപറഞ്ഞ് അതിൽനിന്നൊഴിയാനും അവസരം ലഭിക്കുന്നു.

വ്രതാനുഷ്ഠാനം ഇസ്‌ലാമിന് മുമ്പുള്ള മതങ്ങളിലും നിർദ്ദേശിച്ചിട്ടുണ്ട്. അത് പല വിധത്തിലാണ്. അതിന്റെ പൂർത്തീകരണമാണ് ഖുർആനിലൂടെ വിശ്വാസികൾക്ക് നല്കിയ വ്രതാനുഷ്ഠാന നിർദ്ദേശം.

ആത്മീയമൂല്യം സ്വായത്തമാക്കുക എന്നതാണ് മനുഷ്യന്റെ ആത്യന്തികലക്ഷ്യമായി ഖുർആൻ പറയുന്നത്. ഭൗതികസുഖസൗകര്യങ്ങളും ആദരവും നേടലല്ല. ഇന്നത്തെ ലോകം ഭൗതികമാത്സര്യത്തിന്റെ ഒരു അന്തരീക്ഷമാണ് പ്രദാനം ചെയ്യുന്നത്. അവിടെ അവൻ ഭൗതികമായി ഉയരാനുള്ള അത്യാർത്തി കാണിക്കുന്നു. ഇതിന്നിടയിൽ സഹജീവികളോടുള്ള കാരുണ്യം മറന്നുപോകുന്നു. സമൂഹത്തോടുള്ള ബാധ്യത അവന്റെ മനസ്സിൽനിന്നും അകലുന്നു. മറ്റുള്ളവനെ ചവിട്ടിമെതിച്ചാണെങ്കിലും സ്വന്തം ഉയർച്ച മാത്രമാണ് ആധുനികമനുഷ്യൻ ലക്ഷ്യമിടുന്നത്. പാവപ്പെട്ടവന്റെ പട്ടിണിയും പരിവേതനങ്ങളും അവന് പ്രശ്നമല്ല.

ഖുർആന്റെ അഭിസംബോധകരായ വിശ്വാസികളും കാലത്തിന്റെ ഈ കുത്തൊഴുക്കിൽപ്പെട്ടുപോകുന്നു. അത് തടയാനുള്ള ഒരു തടയണയാണ് വ്രതാനുഷ്ഠാനം. വ്രതമനുഷ്ഠിക്കുന്നതിലൂടെ മനുഷ്യൻ ഇച്ഛാനിരോധനം ശീലിക്കുകയും പാപകരമായ പ്രേരണകളെ അതിജയിക്കുകയും ചെയ്യുന്നു. ഇച്ഛകളെ നിയന്ത്രിക്കുമ്പോൾ മറ്റുള്ളവരുടെ കഷ്ടതകൾ കണ്ടറിയാനും അവരോട് സഹാനുഭൂതി കാണിക്കാനും മനുഷ്യന് സാധിക്കുന്നു. നോമ്പുകാരൻ തെറ്റുകളിൽനിന്ന് അകന്നുനില്ക്കുമ്പോൾ, അത് തുടർന്നുള്ള ജീവിതചര്യയാക്കി മാറ്റുമ്പോൾ സമൂഹത്തിൽ സമാധാനം കൈവരുന്നു. അത് ലോകസമാധാനത്തിനുതന്നെ നിദാനമാകുന്നു. ഈ വർഷത്തെ വ്രതാനുഷ്ഠാനം അത്തരത്തിലുള്ള ഒരു സാഹചര്യത്തിന്റെ സൃഷ്ടിക്കു കാരണമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



# വിശുദ്ധ റമദാൻ

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

'റമദ്' എന്ന പദത്തിന്റെ അർത്ഥം 'ഊഷ്മാവ്' എന്നാണ്. റമദാൻ മാസത്തിൽ, ഒരുഭാഗത്ത് ജനങ്ങൾ ഭക്ഷണപാനീയങ്ങളേയും മറ്റെല്ലാ ശാരീരികസുഖങ്ങളേയും ഉപേക്ഷിക്കുകയും മറുഭാഗത്ത് ദൈവീക കല്പനകൾ അനുസരിക്കുന്നതിൽ ബദ്ധതയും ആവേശവും വളർത്തികൊണ്ടുവരികയും ചെയ്യുന്നു. ആത്മീയവും ഭൗതികവുമായ ഈ ഉജ്ജ്വലനങ്ങളുടെ സമവായമാണ് റമദാൻ. വ്രതാനുഷ്ഠാനം ആദ്യം ഒരു ഉഷ്ണമാസത്തിൽ സംഭവിച്ചതുകൊണ്ടാണ് റമദാൻ എന്ന പേരുണ്ടായത് എന്നുള്ള ചില നിഘണ്ടുകർത്താക്കളുടെ നിഗമനം ശരിയല്ലെന്നാണ് എന്റെ പക്ഷം; അത് അറേബ്യയ്ക്ക് മാത്രമുള്ള ഒരു പ്രത്യേക കാര്യമല്ല. ആത്മീയാർത്ഥത്തിൽ 'റമദ്' എന്നു പറഞ്ഞാൽ ആത്മീയമായ ആവേശവും ആത്മോജ്ജ്വലനവുമത്രെ. കല്ലുകളേയും ഇതര സാധനങ്ങളേയും ചൂടുപിടിപ്പിക്കുന്ന ഉഷ്ണത്തിനും റമദ് എന്നു പറയുന്നു.

"വിശുദ്ധഖുർആൻ അവതരിച്ച മാസമാണ് റമദാൻമാസം" എന്ന ഖുർആനികവചനം ഈ മാസത്തിന്റെ ഔൽകൃഷ്ട്യത്തേയും പ്രാധാന്യത്തേയും സാക്ഷീകരിച്ചിരിക്കുന്നു. ആത്മാവിനെ പ്രദീപ്തമാക്കുന്നതിനുള്ള അത്യുത്തമമായ ഒരു മാസമായിട്ടത്രെ സൂഫിവര്യന്മാർ റമദാനെ വിവരിച്ചിട്ടുള്ളത്. ഈ മാസത്തിൽ അധികതരമായ ആത്മീയദർശനങ്ങളാൽ മനുഷ്യൻ അനുഗ്രഹിക്കപ്പെടുന്നു.

പ്രാർത്ഥന മനുഷ്യഹൃദയത്തെ ദോഷബാധകളിൽനിന്നു ശുദ്ധീകരിക്കുമ്പോൾ വ്രതം മനുഷ്യാത്മാവിനെ പ്രഭാമയമാക്കിത്തീർക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണം എന്നാൽ, അനിയന്ത്രിതമായ അധമപ്രവണതകളുടെ ബന്ധനങ്ങളിൽനിന്നുള്ള വിമുക്തിയത്രെ. ആത്മാവിന്റെ പ്രകാശവൽക്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയദർശനങ്ങളാൽ അനുഗൃഹീതനായിത്തീരുന്നു. അതുവഴി അവൻ ദൈവത്തെ പ്രാപിക്കുമാറാകുന്നു. "ഖുർആൻ ഈ മാസത്തിലാണ് അവതരിച്ചത്" എന്ന വചനത്തിൽ ഈ വസ്തുതയുടെ ഒരു സൂചനയുണ്ട്. വ്രതം അനുഷ്ഠിക്കാനുള്ള ശാസനയിൽ ഒരു മഹത്തായ അനുഗ്രഹം നിശ്ചമായും അടങ്ങിയിരിക്കുന്നു. ഇതുസംബന്ധമായി ദൈവം ഇപ്രകാരം പറയുന്നു: "നിങ്ങൾ വ്രതം അനുഷ്ഠിക്കുകയാണെങ്കിൽ നിങ്ങൾക്കത് വലിയ അനുഗ്രഹങ്ങൾക്ക് നിദാനമായിരിക്കും."

ആഹാരം കുറക്കുകയും വിശപ്പ് സഹിക്കുകയും ചെയ്യുകയെന്നതും ആത്മാവിന്റെ സംസ്കാരത്തിനും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമ്മമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. മനുഷ്യർ ഭക്ഷണപദാർത്ഥങ്ങളാൽ മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷം അവന് മറ്റൊരു ജീവിതമുണ്ട്. നിത്യമായുള്ള ആ പാരത്രികജീവിതത്തെ അലക്ഷ്യമാക്കിക്കളയുകയെന്നത് ദൈവത്തിൽനിന്നുള്ള വേർപാടിനേയും അതുവഴി അവന്റെ അനിഷ്ടത്തേയും സ്വയംവരിക്കുകയാകുന്നു.

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലംവരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പ് സഹിക്കുക മാത്രമല്ല എന്നതു സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽനിന്നും അകന്നുനിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. വിശുദ്ധനബി(സ) റമദാൻ മാസത്തിൽ വള

പേജ് 20-ൽ

# സൂറ: ബഖറ

### (മദീനയിൽ അവതരിച്ച അദ്ധ്യായം)

## അർത്ഥം, വ്യാഖ്യാനം

وَلِلَّهِ الْمَشْرِقُ وَالْمَغْرِبُ ۚ فَأَيْنَمَا تُوَلُّوا فَثَمَّ وَجْهُ
اللَّهِ ۚ إِنَّ اللَّهَ وَاسِعٌ عَلِيمٌ ﴿١١٦﴾

**116.** "കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതുതന്നെയാണ്. അതുകൊണ്ട് നിങ്ങൾ എവിടെ തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ ശ്രദ്ധയുണ്ടായിരിക്കുന്നതാണ്. നിശ്ചയമായും അല്ലാഹു വിശാലത നല്കുന്നവനും സർവ്വജ്ഞനുമാകുന്നു."

*പദാർത്ഥം*

وَلِلَّهِ അല്ലാഹുവിനാണ് الْمَشْرِقُ കിഴക്ക് وَالْمَغْرِبُ പടിഞ്ഞാറും فَأَيْنَمَا تُوَلُّوا നിങ്ങൾ എവിടെ തിരിഞ്ഞാലും فَثَمَّ وَجْهُ اللَّهِ അല്ലാഹുവിന്റെ മുഖം അവിടെയാണ്, (അല്ലാഹുവിന്റെ ശ്രദ്ധ അവിടെയാണ്) إِنَّ اللَّهَ നിശ്ചയമായും അല്ലാഹു وَاسِعٌ വിശാലത നല്കുന്നവൻ عَلِيمٌ ﴿١١٦﴾ സർവ്വജ്ഞൻ.

*വ്യാഖ്യാനം*

വിശുദ്ധഖുർആനെ വിമർശിക്കുന്നവർ ഈ ആയത്തിനെക്കുറിച്ച് പറയുന്നത് മുസ്‌ലിംകളുടെ കിബ്‌ല കഅ്ബയിലേക്ക് തിരിക്കാൻ വേണ്ടി നിർദ്ദേശിച്ചത് ഘട്ടം ഘട്ടമായാണെന്നാണ്. ആദ്യം പറഞ്ഞത് നിങ്ങൾക്ക് ഏതുഭാഗത്തേക്ക് വേണമെങ്കിലും മുഖം തിരിക്കാം എന്ന്. ഈ ആയത്തിൽ അതാണ് പറയുന്നത്. പിന്നീട് ബയ്ത്തുൽ മുഖദ്ദസിലേക്ക് മുഖം തിരിക്കാൻ പറഞ്ഞു. അവസാനം കഅ്ബയിലേക്ക് മുഖം തിരിക്കാൻ പറഞ്ഞു. ഈ ആയത്ത് അതായത് എവിടേക്ക് വേണമെങ്കിലും മുഖം തിരിക്കാം എന്നുള്ളത് പിന്നീട് ദുർബലപ്പെട്ടുപോയി എന്നും അവർ പറയുന്നു. ഇത് ശരിയാണെന്ന് അംഗീകരിക്കുന്ന ചില മുസ്‌ലിം വ്യാഖ്യാതാക്കളുണ്ടെന്നതാണ് ഖേദകരം. കാരണം ഈ ആയത്തിലോ ഇതിനു തൊട്ടുമുമ്പോ നമസ്കാരത്തെ കുറിച്ച് പറയുന്നില്ല. ഇതിനുശേഷവും പറയുന്നില്ല. ഇതിനുമുമ്പ് പറഞ്ഞത് പള്ളിയെക്കുറിച്ചാണ്. പള്ളിയെ കുറിച്ച് പറയുമ്പോൾ അതുമായി ബന്ധപ്പെടുത്തിയാണെങ്കിൽ ഏതെങ്കിലും ഒരു ഭാഗത്തേക്ക് മുഖം തിരിക്കാനെ പറയുകയുള്ളൂ. അല്ലാതെ ഒരുകൂട്ടർ ഒരുഭാഗത്തും മറ്റൊരു കൂട്ടർ വേറൊരു ഭാഗത്തേക്കും തിരിയുക എന്നത് ഒട്ടും ശരിയല്ല. ഇതിൽനിന്നുതന്നെ നമസ്കാരവുമായി ബന്ധപ്പെട്ട കാര്യമേയല്ല ഇതെന്ന് മനസ്സിലാകുന്നതാണ്. പിന്നെ ഇവിടെ പ്രതിപാദിക്കുന്ന വിഷയം എന്താണ്?

കഴിഞ്ഞ കുറേ ആയത്തുകളിൽ ഒരു പ്രത്യേക വിഷയമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ജൂതക്രിസ്ത്യാനികൾ പറയുന്നത് മോക്ഷം അവരുടെ കുത്തകയാണെന്നും മറ്റൊരു മതത്തിലും മോക്ഷം ലഭിക്കുകയില്ല എന്നുമാണ്. ഇതുപോലെ ഒരു മതവും അംഗീകരിക്കാത്ത മുശ്‌രിക്കുകളും ദൈവത്തെ അംഗീകരിക്കാത്ത നിരീശ്വരവാദികളും എല്ലാം ചേർന്ന് മുസ്‌ലിംകളെ അവരുടെ ആരാധനാലയങ്ങളിൽനിന്ന് തടഞ്ഞുനിർത്തുകയാണ്. ഇങ്ങനെ അല്ലാഹുവിന്റെ ഭവനങ്ങളിൽനിന്ന് ജനങ്ങളെ തടയുന്നവർക്ക് ശിക്ഷ ലഭിക്കുന്നതാണെന്നും നിങ്ങളുടെ അധികാരവും സമ്പത്തും എല്ലാം നശിക്കുന്നതാണെന്നും അല്ലാഹു അവർക്ക് താക്കീത് നല്കുന്നു. ഇവിടെ ഒരുകൂട്ടരിൽനിന്നും അധികാരം അല്ലാഹു പിടിച്ചെടുക്കുമ്പോൾ അത് അതിന്നർഹരായ മറ്റൊരുകൂട്ടർക്ക് അവൻ നല്കുന്നതാണ്. അല്ലാഹു ഈ വചനത്തിലൂടെ മുസ്‌ലിംകൾക്ക് സാന്ത്വനമോതുകയാണ്. നിങ്ങൾ ഇന്ന് നിരാലംബരും ആശ്രിതരുമാണ്. എന്നാൽ ഒരുകാര്യം നിങ്ങൾ ഓർക്കണം. കിഴക്കും പടിഞ്ഞാറുമെല്ലാം അല്ലാഹുവിന്റെ കരങ്ങളിലാണ്. ഇന്ന് ഇത് ഭരിക്കുന്നത് മറ്റുള്ളവരാണെങ്കിൽ അത് അവരിൽനിന്നും തിരിച്ചെടുത്ത് കിഴക്കിന്റേയും

പടിഞ്ഞാറിന്റേയും അധികാരം നിങ്ങളെ അവൻ ഏല്പിക്കുന്നതാണ്.

ചുരുക്കത്തിൽ ഭൗതികമായ വിജയങ്ങളെക്കുറിച്ചുള്ള സുവാർത്തകളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. അല്ലാതെ നമസ്കാരത്തിൽ മുഖം തിരിക്കാനല്ല. അല്ലാഹു പറയുന്നു. നിങ്ങൾ നിങ്ങളുടെ സൈന്യങ്ങളെ ഏതുഭാഗത്തേക്ക് തിരിക്കുകയാണെങ്കിലും അവിടെ അല്ലാഹുവിന്റെ ശ്രദ്ധ നിങ്ങൾക്ക് കാണാൻ സാധിക്കും. 'വജ്ഹ്' എന്നതിന് മൂന്നർത്ഥമാണുള്ളത്. (1) ഒരു വസ്തുവിന്റെ അസ്തിത്വം (2) ശ്രദ്ധ (3) മുഖം. ഇവിടെ ഈ മൂന്നർത്ഥവും യോജിക്കും. നിങ്ങൾ ഏതുഭാഗത്തേക്ക് തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ അസ്തിത്വം നിങ്ങൾക്ക് കാണാൻ സാധിക്കും. കാരണം അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യം വെച്ചുകൊണ്ടായിരിക്കും നിങ്ങളുടെ എല്ലാ മുന്നേറ്റങ്ങളും. അല്ലാഹുവിന്റെ ശ്രദ്ധ അവിടെയുണ്ടായിരിക്കും. അതായത്, അല്ലാഹുവിന്റെ സഹായം നിങ്ങൾക്ക് ഇറങ്ങിക്കൊണ്ടിരിക്കുകയും, അതുമുഖേന വിജയങ്ങൾ നിങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ മുഖം കാണും എന്നിതിന്റെ അർത്ഥം അല്ലാഹു അവരെ തന്റെ സംരക്ഷണവലയത്തിൽ വെക്കുന്നതാണ് എന്നാണ്.

നിങ്ങൾക്ക് ഈ ലഭിക്കുന്ന ഭൗതികവിജയങ്ങളെല്ലാം തന്നെ ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനും മർദ്ദിതരെ സഹായിക്കുന്നതിനുമാണ്. കാരണം ബാഹ്യമായ ഈ ഭൗതികനേട്ടങ്ങൾതന്നെ മതപരമായ ലക്ഷ്യങ്ങൾക്കുവേണ്ടിയായിത്തീരുകയും അത് ദൈവപ്രീതിക്ക് കാരണമായിത്തീരുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ പ്രീതിക്കായി ചെയ്യുന്ന സൃഷ്ടിസേവനങ്ങൾക്കെല്ലാം ദൈവം പ്രതിഫലം നല്കുന്നതാണെന്നും ഇതിൽനിന്ന് തെളിയുന്നു. തിരുനബി(സ) ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി. "തന്റെ ഭാര്യയുടെ വായയിൽ അപ്പക്കഷണം ഇട്ടുകൊടുക്കുന്നതും ഒരു നന്മയാണ്." ബാഹ്യമായി ഈ പ്രവർത്തി ഭർത്താവ് തന്റെ സ്നേഹപ്രകടനാർത്ഥം ചെയ്യുന്നതാണെങ്കിലും ദൈവകല്പനയുള്ളതുകൊണ്ടാണ് ഞാനിത് ചെയ്യുന്നത് എന്ന ഉദ്ദേശ്യം ഉള്ളതുകൊണ്ട് അതും ഒരു നന്മയായിത്തീരുകയാണ്. ചുരുക്കത്തിൽ മറ്റുള്ളവർക്ക് വിജയം ലഭിക്കുമ്പോൾ ഭൗതികമായ നേട്ടം മാത്രം ലഭിക്കുകയും, മുസ്ലിംകൾക്ക് ഭൗതികവും ആത്മീയവുമായി ഇരട്ടനേട്ടം ലഭിക്കുകയും ചെയ്യുന്നു.

ഈയൊരു പ്രവചനം മുസ്ലിംകളുടെ എണ്ണം തുലോം കുറവായിരുന്ന കാലത്ത് ചെയ്യപ്പെട്ടതാണ്. കഷ്ടപ്പാടിന്റേയും പ്രയാസങ്ങളുടേയും കാലത്താണ് നിങ്ങൾക്ക് വിജയങ്ങൾ വരാൻ പോകുന്നുവെന്ന് അല്ലാഹു അവരോട് പറയുന്നത്. അല്പകാലങ്ങൾക്കുശേഷം മക്കാവിജയത്തോടുകൂടി ഈ പ്രവചനം പൂർത്തിയാവുകയുണ്ടായി. മാത്രമല്ല ഒരു നൂറ്റാണ്ടിനുള്ളിൽ എല്ലാ നാട്ടിലും ഇസ്ലാമിന്റെ പതാക പാറിപ്പറക്കാൻ തുടങ്ങുകയും ചെയ്തു.

"വലില്ലാഹിൽ മശ്രിഖുവൽ മഗ്രിബു" കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാണെന്ന വചനത്തിൽ നിന്നും മനസ്സിലാകുന്ന മറ്റൊരു കാര്യം ഇസ്ലാം ആദ്യം കിഴക്കാണ് പ്രചരിക്കുക എന്നാണ്. പിന്നീട് അവസാനകാലത്ത് വാഗ്ദത്തം ചെയ്യപ്പെട്ട വ്യക്തിയുടെ ആഗമനത്തിനുശേഷം മഗ്രിബിലും (പടിഞ്ഞാറും) ഇസ്ലാം വ്യാപിക്കുന്നതാണ്. അതിനാൽ ആ കാലം വിദൂരമല്ല. ഇതാ സൂര്യൻ ഉദിച്ചിരിക്കുന്നു. അതിന്റെ കിരണങ്ങൾ പാശ്ചാത്യരെ തട്ടിയുണർത്തിക്കൊണ്ടിരിക്കുകയാണ്.

"***വല്ലാഹുവാസിഉൻ അലീം***" എന്ന വചനം ഇത് ഖിബ്ലയുമായി ബന്ധപ്പെട്ട് പറഞ്ഞ വചനമല്ലെന്നതിന് വ്യക്തമായ തെളിവും കൂടിയാണ്. അല്ലാഹ് 'വാസിക്ക്' ആർക്കാണോ അവൻ സമൃദ്ധി നല്കാൻ ഉദ്ദേശിക്കുന്നത് അതവൻ നല്കുന്നു. മാത്രമല്ല അവൻ 'അലീം' എല്ലാം അറിയുന്നവൻ കൂടിയാണ്. ആർക്ക് നല്കിയാലാണ് ജനങ്ങൾക്ക് പ്രയോജനം ലഭിക്കുക എന്നും അവന്നറിയാം.

ഇവിടെ അഹ്മദികൾ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. നമ്മുടെ ജമാഅത്തിനും ഭരണകൂടങ്ങൾ ലഭിക്കും എന്ന് പ്രവചനമുള്ളതാണ്. പക്ഷേ, ജനങ്ങൾക്ക് കൂടുതൽ സേവനം ചെയ്യുന്നവർക്കാണ് അല്ലാഹു ഭരണം നല്കാറുള്ളത്. അതുകൊണ്ട് നിങ്ങൾ ജനക്ഷേമപരമായ പ്രവർത്തനങ്ങൾ കൂടുതലായി ചെയ്യുക. അല്ലാതെ ലോകത്തിന്റെ അധികാരം അല്ലാഹു നിങ്ങളെ ഏല്പിക്കുകയില്ല.

---

وَقَالُوا اتَّخَذَ اللّٰهُ وَلَدًا سُبْحٰنَهٗ بَلْ لَّهٗ مَا فِي السَّمٰوٰتِ وَالْاَرْضِ كُلٌّ لَّهٗ قٰنِتُوْنَ ﴿١١٦﴾ بَدِيْعُ السَّمٰوٰتِ وَالْاَرْضِ وَاِذَا قَضٰٓى اَمْرًا فَاِنَّمَا يَقُوْلُ لَهٗ كُنْ فَيَكُوْنُ

**117, 118.** "അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്നവർ പറയുന്നു. (എല്ലാ ന്യൂനതകളിൽനിന്നും) അവൻ എത്രയും പരിശുദ്ധൻ. മാത്രമല്ല, ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. സർവ്വവും അവന്

കീഴ്പ്പെട്ടിരിക്കുന്നു. (മുൻമാതൃകയില്ലാതെ) ആകാശങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചവനത്രെ അവൻ. ഒരു കാര്യം അവൻ തീരുമാനിച്ചുകഴിഞ്ഞാൽ അതിനെ സംബന്ധിച്ച് ഉണ്ടാവുക എന്ന് മാത്രം അവൻ പറയുന്നു. അപ്പോൾ അതുണ്ടാകുന്നു."

---

***പദാർത്ഥം***

وَقَالُوا അവർ പറഞ്ഞു اتَّخَذَ اللَّهُ അല്ലാഹു സ്വീകരിച്ചു
وَلَدًا ഒരു പുത്രനെ سُبْحَانَهُ അവൻ പരിശുദ്ധനാകുന്നു بَلْ
അങ്ങനെയല്ല. മാത്രമല്ല, لَهُ അവനുള്ളതാണ്. مَا فِي السَّمَاوَاتِ
ആകാശങ്ങളിലുള്ളതെല്ലാം وَالْأَرْضِ ഭൂമിയിലും كُلٌّ എല്ലാം
لَهُ قَانِتُونَ അവന് കീഴ്പ്പെട്ടിരിക്കുന്നു بَدِيعُ സൃഷ്ടിച്ചവൻ
السَّمَاوَاتِ وَالْأَرْضِ ആകാശങ്ങളും ഭൂമിയും وَإِذَا قَضَىٰ അവൻ
തീരുമാനിച്ചുകഴിഞ്ഞാൽ أَمْرًا ഒരു കാര്യം فَإِنَّمَا يَقُولُ അവൻ
ഇത്രമാത്രം പറയുന്നു لَهُ അതിനോട് كُنْ ആവുക فَيَكُونُ
ആയിത്തീരുന്നു.

---

***വ്യാഖ്യാനം***

അല്ലാഹു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന പൊള്ളയായ വാദത്തെ തെളിവുസഹിതം ഈ വചനത്തിലൂടെ അല്ലാഹു നിരാകരിക്കുകയാണ്. അല്ലാഹുവിന് പുത്രനുണ്ടെങ്കിൽ അവനിൽ പല ന്യൂനതകളും അടങ്ങിയിട്ടുണ്ടായിരിക്കണം.

1. പുത്രനുണ്ടാകണമെങ്കിൽ ഒരു സ്ത്രീയുമായി ബന്ധപ്പെടണം. ലൈംഗികബന്ധം എന്നത് മറ്റൊന്നിനെ ആശ്രയിക്കലാണ്. മറ്റൊന്നിനെ ആശ്രയിക്കുന്നവൻ എങ്ങനെ ദൈവമാകാനാണ്.

2. മകൻ പിതാവിന്റെ ഒരംശമാണെന്ന് പറയാം. പിതാവിന്റെ രക്തം അതിൽ പങ്കാളിയാണ്. അല്ലാഹുവിന് മകനുണ്ടെങ്കിൽ അല്ലാഹുവിന്റെ അംശങ്ങൾ മറ്റുള്ളവരിലേക്ക് വിതരണം ചെയ്യപ്പെട്ടു എന്നു പറയേണ്ടിവരും. ഇത് തെറ്റാണ്.

3. മകൻ ഉണ്ടെന്ന് അംഗീകരിക്കുമ്പോൾ ദൈവം നശിക്കും എന്നും അംഗീകരിക്കേണ്ടിവരും– കാരണം നശിക്കുന്ന വസ്തുക്കൾക്കാണ് മക്കളുണ്ടാകുന്നത്. തന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നതുവരെ നിലനില്ക്കുന്ന വസ്തുക്കൾക്ക് പുത്രന്മാരുടെ ആവശ്യമില്ല. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, ആകാശം, ഭൂമി ഇവയെല്ലാം ഉദാഹരണങ്ങൾ. ഇവയുടെ ആവശ്യം നിലനില്ക്കുന്നിടത്തോളംകാലം ഇതുണ്ടാകും. അതുകൊണ്ട് അതുവരെ ഇവയൊന്നും നശിക്കില്ല മാത്രമല്ല ഇവയ്ക്ക് പകരക്കാരുടെ ആവശ്യവുമില്ല.

'***ലഹൂമാഫിസ്സമാവാത്തി വൽ അർള്***' ആകാശഭൂമിയിലുള്ളതെല്ലാം അവനുള്ളതാണ് എന്നു പറഞ്ഞുകൊണ്ട് പുത്രന്റെ ആവശ്യത്തെ പാടെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ഒരു രാജാവിന് തന്റെ രാജ്യം വിപുലീകരിക്കുന്നതിന് സഹായം ആവശ്യമാണ്. അപ്പോൾ അദ്ദേഹത്തിന് സഹായിയായി ഒരു മകന്റെ ആവശ്യമുണ്ടാകുന്നു. എല്ലാം രാജാവിന്റെ അധികാരപരിധിയിലല്ല എന്നതാണ് സത്യം. എന്നാൽ അല്ലാഹുവിന്റെ അധികാരപരിധിയ്ക്ക് പുറത്ത് ഒന്നുംതന്നെയില്ല. പിന്ന ഒരു സഹായിയുടെ ആവശ്യമെന്തിന്?

ഇതുപോലെ ഭരണം നിലനിർത്താനും രാജ്യത്തിന്റെ ദൂരദൂര സ്ഥലങ്ങളിൽ ഭരണത്തെ അട്ടിമറിക്കുന്ന ദുഃശക്തികളെ നേരിടാനും ഒരുപക്ഷേ, ഭരണാധികാരികൾക്ക് സഹായികളെ ആവശ്യമായി വരാറുണ്ട്. അല്ലാഹുവിന് അങ്ങനെയുള്ള ഭയപ്പാടുമില്ല. കാരണം '***കുല്ലുൻലഹൂ ഖാനിതൂൻ***' എല്ലാം അവന് കീഴ്പ്പെട്ടുകൊണ്ടാണ് നില്ക്കുന്നത്.

ആകാശഭൂമികളുടെ സൃഷ്ടിപ്പ് സമയത്ത് ദൈവത്തിന് സഹായികളുടെ ആവശ്യമുണ്ടായിരുന്നെന്നും ആ സമയത്താണ് ദൈവം പുത്രനേയും സ്വീകരിച്ചതെന്നും വല്ലവരും പറയുകയാണെങ്കിൽ അവർക്കുള്ള മറുപടിയാണ് അടുത്തവചനത്തിലുള്ളത്. '***ബദീഉസ്സമാവാത്തി വൽ അർള്***'. ആകാശങ്ങളേയും ഭൂമിയേയും സ്വയം ഒറ്റയ്ക്ക് ഉണ്ടാക്കിയവനാണവൻ. മറ്റാരുടേയും സഹായം അവന് ആവശ്യമില്ല.

'***ബദഅ***' എന്ന വാക്കിന് അർത്ഥം ഒന്നുമില്ലാത്ത അവസ്ഥയിൽനിന്ന് പിന്നീട് ഉണ്ടാക്കുക, നേരത്തെ ഇല്ലാതിരുന്ന ഒരു വസ്തുവിനെ സൃഷ്ടിക്കുക എന്നിവയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആത്മാവും പദാർത്ഥവും എല്ലാം നശ്വരമാണെന്നാണ് ഇസ്ലാം സിദ്ധാന്തിക്കുന്നത്.

പിന്നീട് പറയുന്നു. 'അവൻ വല്ലതും ഉണ്ടാവണം എന്ന് തീരുമാനിച്ചുകഴിഞ്ഞാൽ 'ഉണ്ടാവുക' എന്ന് പറഞ്ഞാൽ അതുടനെ ഉണ്ടായിത്തീരുന്നു. ഉണ്ടാക്കുകയും അതുപോലെ ഇല്ലാതാക്കുകയും ചെയ്യാനും അല്ലാഹുവിന് കഴിവുണ്ട്. അല്ലാഹു ഇല്ലാതാക്കാൻ ഉദ്ദേശിച്ചാൽ അതങ്ങനെ ആയിത്തീരട്ടെ എന്ന് കല്പിച്ചാൽ ഉടനെ അത് ഇല്ലാതായിത്തീരുന്നതുമാണ്.

ഇതിന്റെ മറ്റൊരർത്ഥം ലോകത്ത് പുതിയ ദൈവികസന്ദേശം ഇറക്കണം എന്ന് അല്ലാഹു ഉദ്ദേശിച്ചാൽ അതിറക്കാനും അല്ലാഹുവിന് കഴിവുണ്ട് എന്നാണ്. ക്രിസ്ത്യാനികൾ പറയുന്നതുപോലെ യേശുവിൽ വച

*ശേഷം 36-ൽ*

*ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്*
*(ഖലീഫത്തുൽ മസീഹ് )*

# ശരീരേച്ഛകളോട് പോരാടി വ്രതാനുഷ്ഠാനം ധന്യമാക്കുക

**അ**ല്ലയോ വിശ്വസിച്ചവരേ, നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ സൂക്ഷ്മത പാലിക്കാൻവേണ്ടി (2:185).

നോമ്പ് നിർബന്ധമാക്കപ്പെട്ടതിനെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ നിർദ്ദേശവും കല്പനയുമാണിത്. അല്ലാഹു അവന്റെ അനുഗ്രഹത്താൽ, ഈ വർഷം നോമ്പ് പിടിക്കാനുള്ള അവസരം വീണ്ടും നമുക്ക് നല്കിയിരിക്കുന്നു. അവൻ നമ്മുടെ ആത്മീയോന്നമനത്തിനായി ഏറ്റവും ഉന്നതമായ മാർഗ്ഗമാണ് ചെയ്തുതന്നിട്ടുള്ളത്. അതിൽ നാം പങ്കെടുക്കുകയാണ്. ഇന്നലെ മുതൽ ആരംഭിച്ച ആ എണ്ണപ്പെട്ട ദിനങ്ങളിലൂടെ നാം കടന്നുപോകുകയാണ്. അല്ലാഹു പറഞ്ഞതനുസരിച്ച്, നാം ഭക്തിയിൽ അഭിവൃദ്ധിപ്പെടുകയും അവന്റെ സാമീപ്യം കരസ്ഥമാക്കുകയും നമ്മുടെ പ്രാർത്ഥന സ്വീകാര്യയോഗ്യമാക്കുകയും നമ്മുടെ ദീനീപരവും സ്വഭാവപരവും ആത്മീയവുമായ അവസ്ഥ നന്നാക്കിത്തീർക്കുകയും ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ ഈ ദിനങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ഓരോ അഹ്മദിയും ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു പറയുന്നു: നിങ്ങൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്ന ഈ നോമ്പ്, ആത്മീയോന്നമനത്തിനും ഭക്തിയിൽ അഭിവൃദ്ധിപ്പെടുന്നതിനും വളരെ ആവശ്യമാണ്. മുൻകഴിഞ്ഞ പ്രവാചകന്മാരുടെ അനുയായികൾക്ക് അവരുടെ മനഃപരിശുദ്ധിയ്ക്കും ആത്മീയോന്നമനത്തിനും അല്ലാഹുവിന്റെ അടുപ്പം ലഭിക്കുന്നതിനും വേണ്ടി ഇത് നിർബന്ധമാക്കപ്പെട്ടിരുന്നു.

വളരെ പ്രധാനപ്പെട്ട ഒരു കല്പനയാണിത്. ഇതിന്റെ ആചരണം ഭക്തിയിൽ ഉന്നതി പ്രാപിക്കാൻ നമ്മെ സഹായിക്കുന്നു. മുൻകഴിഞ്ഞ പ്രവാചകന്മാരുടെ അനുയായികളും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുകയും അവന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുകയും ചെയ്തു. കാരണം അവർ യാതൊന്നും നോക്കാതെ അല്ലാഹുവിന്റെ കല്പന പാലിച്ചു. അല്ലാഹു തന്റെ കല്പനകൾ ഏതെങ്കിലും നബിയുടെമേൽ ഇറക്കിയിട്ടുള്ളപ്പോഴും, ലോകത്തിന്റെ പരിഷ്കരണത്തിന്നായി അവൻ റസൂൽമാരെ അയച്ചിട്ടുള്ളപ്പോഴുമെല്ലാം, അവരുടെ അനുയായികൾ മാത്രമാണ് അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചതും അവന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കായതും. അവർ ആ അയക്കപ്പെട്ടവരെ പരിപൂർണ്ണമായും പിൻപറ്റിക്കൊണ്ട് ആ മഹാന്മാർ കൊണ്ടുവന്ന അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും അവർക്ക് നല്കപ്പെട്ട കല്പനകൾ പാലിക്കുകയും തങ്ങളുടെ ഭക്തിയുടെ നിലവാരം ഉയർത്തിക്കൊണ്ടിരിക്കുകയും ചെയ്തു. അവർ നിഷേധിച്ചപ്പോൾ ആത്മീയമായ നിലവാരം ഇടിഞ്ഞുപോയതിനോടൊപ്പം, അവരുടെ പ്രൗഢിയും അന്തസ്സും ഭൗതികമായനിലയിലും കളഞ്ഞുകുളിച്ചു. അല്ലാഹു, വിശുദ്ധഖുർആനിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

നബിമാരെ വിശ്വസിച്ചവരോട് ഭക്തിയിലൂടെ നടക്കാൻ അല്ലാഹുതആല ഉപദേശിക്കുമ്പോൾ, നിങ്ങൾ ഭക്തിയുടെ ഏറ്റവും ഉന്നതമായനില കരസ്ഥമാക്കിയെങ്കിൽ മാത്രമേ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരായിത്തീരുകയുള്ളൂ എന്നും പറയുന്നു. എങ്കിലേ അവന്റെ സ്വർഗ്ഗത്തിന് അവകാശികളാകുകയുള്ളൂ. അവൻ പറയുന്നു: ***വലിമൻ ഖാഫ മഖാമ റബ്ബിഹീ ജന്നത്താൻ*** ആരാണോ തന്റെ റബ്ബിന്റെ പ്രൗഢിയെ ഭയപ്പെടുന്നത്, അവന് രണ്ട് സ്വർഗ്ഗമുണ്ട്. അതുകൊണ്ട് അല്ലാഹുവിനോടുള്ള ഭക്തി അവലംബിച്ചുകൊണ്ട്, അവന്റെ സ്ഥാനത്തെ തിരിച്ചറിയുക. എല്ലാ ശക്തിപ്രഭാവങ്ങളുടേയും അധികാരി അവനാണ്. അനോടുള്ള ഭയവും ഏറ്റവും കൂടുതൽ നിങ്ങളുടെ മനസ്സിലുണ്ടായിരിക്കണം. അപ്പോൾ ഈ ലോകത്തും അവന്റെ സ്വർഗ്ഗത്തിൽനിന്ന് ഓഹരി പ്രാപിക്കും. പരലോകത്തും അവന്റെ അനുഗ്രഹങ്ങളുടേയും സ്വർഗ്ഗത്തിന്റേയും അവകാശികളാകും.

ഓരോ അഹ്മദിമുസ്ലിമും, ഭക്തിയിൽ അഭിവൃദ്ധിപ്പെടാനും അല്ലാഹുവിന്റെ സ്വർഗ്ഗങ്ങൾക്ക് അവകാശിയാകാനും അവന്റെ സ്ഥാനം തിരിച്ചറിയേണ്ടത് നിർബന്ധമാണ്. ഈ തിരിച്ചറിവുണ്ടാകുന്നത്, ആത്മാർത്ഥമായും അല്ലാഹുവിന്റേതായിക്കൊണ്ട് അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. ആ കല്പനകളിൽ ഒന്ന്, റമദാൻ മാസത്തിലെ നോമ്പാചരണമാണ്. പരിപൂർണ്ണവും തികവുറ്റതുമായ ഒരു ഗ്രന്ഥത്തെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. തന്റെ നിഅ്മത്തുകളെ പരിപൂർണ്ണമാക്കിയിരിക്കുന്നുവെന്ന് അല്ലാഹു വെളിപ്പെടുത്തിയിട്ടുള്ള ആ ഗ്രന്ഥത്തെ വിശ്വസിക്കുന്നവരാണ് നമ്മൾ. ഖിയാമത്തുന്നാൾവരെ നിലനിറുത്തുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള ആ മഹത്തായ ഗ്രന്ഥത്തെ വിശ്വസിച്ചിട്ടുള്ള ഭാഗ്യശാലികളാണ് നമ്മൾ; അല്ലാഹു

ഖാത്തമുൽ അമ്പിയാഅ് എന്നു പറഞ്ഞുകൊണ്ട് എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനാക്കിയ, അവസാന ശരീഅത്തുമായിവന്ന ആ അവസാനനബി (സ)യെ വിശ്വസിക്കുന്ന ഭാഗ്യവാന്മാർ.

തങ്ങളുടെ ജനതകളെ ഭക്തിയിൽ നിലനിറുത്താനാണ് മുൻകഴിഞ്ഞ റസൂൽമാർ വന്നത്. ആ ജനതയുടെ കഴിവുകളും ശക്തികളുമനുസരിച്ച് അല്ലാഹുവിന്റെ കല്പനകൾ അവർ നിറവേറ്റിക്കൊണ്ടിരിക്കുകയും ചെയ്തു. പക്ഷേ, വിശുദ്ധഖുർആൻ ലോകം മുഴുവനുമുള്ള എക്കാലത്തേയും എല്ലാ ജനതകളുടേയും പരിഷ്കരണത്തിനായുള്ള കല്പനകളുമായി നബി(സ)ന് ഇറങ്ങിയതാണ്. എല്ലാ ജനതകളേയും ഭക്തിയിൽ നിലനിറുത്തുന്നതിനുവേണ്ടി, ഇന്നും പുതിയതായിട്ടുള്ള കല്പനകളുമായാണ് അത് നിലകൊള്ളുന്നത്. തുടർന്നും അത് നിലനില്ക്കുന്നതാണ്. ഈ കാര്യങ്ങൾ നമ്മളിൽനിന്ന് എന്താണ് ആവശ്യപ്പെടുന്നതെന്ന് ചിന്തിക്കണം. ഈ കല്പനകൾ ഇറക്കിക്കൊണ്ട് അല്ലാഹു നമ്മളിൽ അനുഗ്രഹവും ഔദാര്യവും ചെയ്തിരിക്കുകയാണ്. ഇത് നമ്മളിൽനിന്ന് എന്താണ് തേടുന്നത്? ഇത് നമ്മളിൽനിന്ന് തേടുന്നത്, ഈ അവസാന ന്യായപ്രമാണ ഗ്രന്ഥത്തിൽ അല്ലാഹു പറഞ്ഞിട്ടുള്ള പരിപൂർണ്ണമായ അനുഗ്രഹം സമ്പാദിക്കാൻ ശ്രമിക്കുക എന്നാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ, നമ്മുടെ കഴിവുകളെല്ലാം ഉപയോഗിക്കാൻ അത് നമ്മോടാവശ്യപ്പെടുന്നു. അല്ലാഹുവും അവന്റെ റസൂലും കല്പിച്ച മാർഗ്ഗത്തിൽ മുജാഹദ-പോരാട്ടം നടത്തുക. അല്ലാഹു പറയുന്നു: ***വല്ലദീന ജാഹദൂ ഫീനാ ലനഹ്ദി യന്നഹും സുബുലനാ.*** നമ്മെ കണ്ടുമുട്ടാൻ പരിശ്രമിക്കുന്നവർക്ക്, നാം തീർച്ചയായും നമ്മുടെ വഴിയിലേക്ക് വരാൻ ഭാഗ്യം നല്കുന്നതാണ്. അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനായി ശരീരേച്ഛയുമായി പോരാട്ടം നടത്തേണ്ടതും പരിശ്രമിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. തന്റെ വഴിയിലേക്ക് വരാൻ ആത്മാർത്ഥതയോടെ പരിശ്രമിക്കുന്നവർക്കാണ് അല്ലാഹു വഴികാട്ടുന്നത്. സ്വയം ഭക്തിമാർഗ്ഗത്തിലൂടെ നടക്കാൻ പരിശ്രമിക്കുന്നവർക്കാണ് അല്ലാഹു അതിലൂടെ നടക്കാൻ ഭാഗ്യം നല്കുന്നത്. അല്ലാഹുവിലേക്ക് കുറഞ്ഞപക്ഷം നടന്നുവരാൻ ശ്രമിക്കുന്നവരുടെയടുത്തേക്ക് അവൻ ഓടിയെത്തുന്നു. അല്ലാഹു റമദാനെ ഭയഭക്തി കരസ്ഥമാക്കുന്നതിനുള്ള ഒരു വലിയ മാർഗ്ഗമാക്കിയിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അവന്റെ പാരിതോഷികങ്ങളും കരസ്ഥമാക്കാൻ, ആരാണോ സത്യസന്ധതയോടെ പ്രവർത്തിക്കുന്നത് അവൻ പാപങ്ങളിൽനിന്ന് പരിശുദ്ധനാക്കപ്പെടുന്നു. അവന് നന്മ ചെയ്യാനുള്ള തൗഫീഖ് കിട്ടുന്നു. അവൻ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നവനായിത്തീരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂസഈദ് ഖുദ്രി(റ) നിവേദനം ചെയ്യുന്നു. നബി കരീം(സ) പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ആരുംതന്നെ ഒരു ദിവസം വ്രതമനുഷ്ഠിക്കുകയില്ല, അതുകാരണം അവന്റെ മുഖത്തെ നരകത്തെത്തൊട്ട് 70 ശരത്കാലത്തെ വഴി അന്തരമാക്കിയിട്ടല്ലാതെ. അതായത് ശൈത്യകാലത്തിന്റേയും ഉഷ്ണകാലത്തിന്റേയും ഇടയിൽ എത്ര അന്തരമുണ്ടോ അതിനേക്കാൾ 70 ഇരട്ടി കൂടുതൽ അന്തരമുണ്ടാക്കും. ഇത് ഉദാഹരണമാണ്. അതായത് അവനിൽനിന്ന് അഗ്നിയെ തികച്ചും അകറ്റിക്കളയുന്നു.

അല്ലാഹുവിന്റെ വഴിയിൽ അവന്റെ അനുഗ്രഹം ആഗ്രഹിച്ചുകൊണ്ട് അവൻ കല്പിച്ച നോമ്പ് പിടിക്കേണ്ടതത്യാവശ്യമാണ്. അതിന്റെ പിന്നിൽ ഒരുതരത്തിലുള്ള ഭൗതികോദ്ദേശ്യവും ഉണ്ടായിരിക്കരുത്. തികച്ചും അവന്റെ തൃപ്തി കരസ്ഥമാക്കലായിരിക്കണം. എന്നാൽ, അല്ലാഹു സ്വന്തം ഇച്ഛയോട് പോരാടുന്നവരെ അഗ്നിയിൽനിന്ന് രക്ഷിക്കുമെന്നു മാത്രമല്ല, മറിച്ച് തന്റെ തൃപ്തിയുടെ സ്വർഗ്ഗങ്ങളിലും അവരെ പ്രവേശിപ്പിക്കുന്നതാണ്. അവന് ദീനും കിട്ടുന്നു. ലോകവും കിട്ടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിലേക്ക് ഓടുന്നവൻ ഒരിക്കലും പരാജയപ്പെടുകയില്ല.' ***അല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ*** എന്ന അവന്റെ സത്യമായ വാഗ്ദാനവുമുണ്ട് (29:70). അല്ലാഹുവിന്റെ വഴി അന്വേഷിക്കാൻ ശ്രമിച്ചത് ആരാണോ അവൻ അവസാനം ഉദ്ദേശ്യലക്ഷ്യത്തിൽ എത്തിച്ചേരുന്നു. ഭൗതികമായ പരീക്ഷകൾക്കായി തയ്യാറെടുപ്പ് നടത്തുന്നവനും, രാത്രിയെ പകലാക്കുന്നവനുമായ വിദ്യാർത്ഥിയുടെ കഠിനപരിശ്രമം കണ്ടുകൊണ്ട് നമുക്ക് ദയയുണ്ടാകുന്നുവെങ്കിൽ, അല്ലാഹുവിന്റെ ദയയും അനുഗ്രഹവും അതിരറ്റതും അന്തമില്ലാത്തതുമാണ്. അവൻ അതിലേക്ക് വരുന്നവരെ നഷ്ടപ്പെടുത്തിക്കളയുമോ? ഒരിക്കലുമില്ല. ഒരിക്കലുമില്ല. അല്ലാഹു ആരുടേയും പരിശ്രമത്തെ പാഴാക്കിക്കളയുകയില്ല."

അതിനാൽ അല്ലാഹു തന്റെ അനുഗ്രഹംകൊണ്ട് നമുക്ക് അവസരം നല്കിയിരിക്കുകയാണ്. നമ്മെ ഈ മാസത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടുമാത്രം നോമ്പു പിടിക്കുന്നവർക്ക്, നബി(സ) തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് നോമ്പ് പരിചയായിത്തീരുന്നു. മനുഷ്യന്റേയും അഗ്നിയുടേയുമിടയിൽ നോമ്പ് ഒരു പരിചയായി മാറുന്നു. നോമ്പ് മനുഷ്യന്റേയും തീയുടേയും ഇടയിൽ ശക്തമായ ഒരു കോട്ടയായും ചുറ്റുമതിലുമായും മാറുന്നു. അതിന്നുള്ളിലേക്ക് കടന്നുവന്ന് തീയ്ക്ക് അല്ലാഹുവിന്റെ ദാസരെ നശിപ്പിക്കാൻ സാധിക്കുകയില്ല.

അല്ലാഹു മനുഷ്യന്റെ ഉള്ളിന്റെയുള്ളുവരെ അറിയുന്നവനാണ്. ഹൃദയാവസ്ഥ അറിയുന്നവനാണ്. മനുഷ്യപ്രവൃത്തിയുടെ പിന്നിലുള്ള ഉദ്ദേശ്യമെന്തെന്ന് അറിയുന്നവനാണ്. രഹസ്യവും പരസ്യവുമായതെല്ലാം അറിയുന്നവനാണ്. അവന്റെ ഗുണവിശേഷങ്ങൾ

മുന്നിൽവച്ചുകൊണ്ട് ഓരോ നോമ്പുകാരനും നോമ്പനുഷ്ഠിക്കുകയും ശരീരേച്ഛയോട് പോരാടുകയും ചെയ്താൽ ആ നോമ്പ് അവന് പ്രതിഫലമായിത്തീരും. 'ഇന്ന് ഞാൻ ഈ തെറ്റായ ചിന്താഗതികളിൽനിന്ന് അകന്നുനില്ക്കുമെന്ന വിചാരത്തോടെ നോമ്പുനോറ്റാൽ– റമളാനിൽ മാത്രമല്ല, എന്നെന്നേക്കുമായി– ആ നോമ്പ് അല്ലാഹുവിനു വേണ്ടിയുള്ളതായിരിക്കും.' അതാണ് അല്ലാഹുവിനുവേണ്ടി പിടിക്കുന്ന നോമ്പ് എന്നു പറയപ്പെടുന്നത്.

ആരെങ്കിലും ചീത്ത വിളിച്ചാൽ ഞാൻ നോമ്പുകാരനാണെന്നും നിന്റെ പൊളിവാക്കിന് മറുപടി പറയാൻ കഴിയില്ലെന്നും പറഞ്ഞ് ഒഴിഞ്ഞുമാറേണ്ടതാണ്. ഇതിന്റെ അർത്ഥം നോമ്പ് തുറക്കട്ടെ ഞാൻ കാണിച്ചുതരാം എന്നു പറയാമെന്നല്ല. നോമ്പ് ഒരു പരിശീലന കേമ്പാണ്. അതിൽ തിന്മകൾ ഉപേക്ഷിക്കാനുള്ള പരിശീലനമാണ് നല്കപ്പെടുന്നത്. ഇത് നോമ്പുകാരൻ ചെയ്യേണ്ട ഒരു മുജാഹദ അഥവാ പോരാട്ടമാണ്. അല്ലാഹുവിലേക്ക് വയ്ക്കുന്ന ശരിയായ ചുവട് എന്നു പറയപ്പെടുന്നത് സ്ഥിരസ്വഭാവത്തോടുകൂടി തിന്മകൾ ഉപേക്ഷിക്കാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുമ്പോഴാണ്. അവനാണ് തന്റെ റബ്ബിനെ കണ്ടുമുട്ടുമ്പോൾ നോമ്പു പിടിച്ച കാരണത്താൽ സന്തോഷിക്കുന്നത്. എന്നാൽ, 30 ദിവസത്തെ നന്മ കൊണ്ടുമാത്രമാണോ തന്റെ തൃപ്തിയുടെ സ്ഥാനം അല്ലാഹു അവന് കൊടുക്കുകയും അവൻ സന്തോഷിക്കുകയും ചെയ്യുന്നത്. അല്ല, അവൻ സന്തോഷിക്കുന്നത് ഒരു റമളാനിലെ നോമ്പ് തന്റെ ഉള്ളിലെ തിന്മകൾക്ക് അന്ത്യം കുറിച്ചതുകൊണ്ടാണ്. തന്റെ വിഷയേച്ഛപരമായ അവസ്ഥകളെ അകറ്റാനുള്ള ശ്രമവും ഇസ്തിഗ്ഫാറും കൊണ്ട് അല്ലാഹുവിനുവേണ്ടി തന്റെ പാപങ്ങളെല്ലാം ഉപേക്ഷിക്കണം എന്ന വിചാരത്തോടെയുള്ള പരിശ്രമം കൊണ്ടാണ്. അതിനാൽ, അല്ലാഹു സ്വയം അവനെ തിന്മകളിൽനിന്ന് അകറ്റിയതാണെന്ന് അവൻ മനസ്സിലാക്കുന്നു. ജീവിതത്തിലെ ഓരോ റമളാനും ഈ പരിശ്രമോദ്ദേശ്യത്തോടെ വരികയും വർഷത്തിലെ ഓരോ മാസവും റമളാനിൽ നേടിയെടുത്ത നന്മകൾ നടപ്പിൽവരുത്തിക്കൊണ്ട് കടന്നുപോകുകയും വർഷത്തിലെ ഓരോ ദിവസം ഈ 30 ദിവസത്തെ പരിശീലനംകൊണ്ട് തിന്മയിൽനിന്ന് അകന്നുകൊണ്ട് കടന്നുപോകുകയും ചെയ്യുകയാണെങ്കിൽ അവസാനം അല്ലാഹു അവനെ അവന്റെ തൃപ്തി കരസ്ഥമാക്കുന്നവനാക്കിത്തീർക്കും. തന്റെ തിന്മകളെ റമളാന്റെ അനുഗ്രഹംകൊണ്ട് അല്ലാഹു തന്നിൽനിന്നകറ്റുകയും തന്റെ നന്മകളിലും ഭക്തിയിലും അഭിവൃദ്ധിപ്പെടാനുള്ള അവസരം തനിക്ക് നല്കുകയും താൻ ആത്മാർത്ഥയോടുകൂടി നോമ്പ് നോല്ക്കുകയും ശരീരേച്ഛയോട് പോരാടിക്കൊണ്ട് തന്റെ കർമ്മങ്ങൾ നന്നാക്കിത്തീർക്കാൻ ശ്രമിക്കുകയും തന്റെ ആരാധനാകർമ്മങ്ങളുടെ നിലവാരം ഉയർത്തുകയും ചെയ്തതുകൊണ്ട് ഇന്ന് താൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവനായിത്തീർന്നു എന്ന് മനസ്സിലാക്കി ദാസൻ സന്തോഷിക്കുന്ന സ്ഥാനമായിരിക്കും അത്.

റമദാൻ സമാഗതമായിരിക്കുന്നു. അതുകൊണ്ട് നമ്മുടെ ആരാധനാകർമ്മങ്ങൾ മെച്ചപ്പെടുത്തേണ്ട ആവശ്യം നമുക്കുണ്ട്. നമ്മുടെ കർമ്മങ്ങളെ പരിശോധിച്ച് അവയെ അല്ലാഹുവിന്റെ കല്പനയ്ക്ക് വിധേയമാക്കി അനുഷ്ഠിക്കേണ്ട ആവശ്യമുണ്ട്. പരീക്ഷയ്ക്ക് തയ്യാറാവുന്ന വിദ്യാർത്ഥി കഠിനപരിശ്രമം ചെയ്ത് രാത്രിയെ പകലാക്കുന്നതുപോലെ നാം ആരാധനാകർമ്മങ്ങളിൽ വ്യാപൃതരാകണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ നമ്മളും നമ്മുടെ രാത്രികളെ ഈ ദിനങ്ങളിൽ അല്ലാഹുവിനുവേണ്ടി ചെലവഴിക്കാൻ ശ്രമിച്ചാൽ റഹീമും കരീമുമായവനും ദുആ സ്വീകരിച്ച് ഉത്തരം ചെയ്യുന്നവനുമായ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് നമ്മെ തന്റെ തൃപ്തിയുടെ മാർഗ്ഗങ്ങളിൽ കയറ്റിയിടുന്നതാണ്. അവന്റെ തൃപ്തിയുടെ പാതയിലേക്ക് നമ്മെ കൊണ്ടുവരുന്നതാണ്. തന്റെ പ്രത്യേക ദാസരെ അനുഗ്രഹിക്കുന്നതുപോലെ നമ്മയേയും അനുഗ്രഹിക്കുന്നതാണ്. നമ്മുടെ ഭക്തിയുടെ നിലവാരത്തെ തന്റെ സാമീപ്യം കിട്ടുന്ന സ്ഥാനംവരെ അവൻ ഉയർത്തുന്നതുമാണ്.

അതുകൊണ്ട് നോമ്പിനെ അല്ലാഹു പരിചയാക്കിയിട്ടുണ്ടെങ്കിൽ ആ പരിച ഉപയോഗിക്കുകയും വേണം. പരിച ബലമായും ശരിയായ രീതിയിലും മുമ്പിൽ പിടിക്കുന്നില്ലെങ്കിൽ ശത്രുവിന്റെ ഒറ്റവെട്ട് അതിനെ കാറ്റിൽ പറത്തിക്കളയുന്നു. പരിചയ്ക്ക് അതിന്റെ സഹായം നല്കാൻ സാധിക്കുകയില്ല.

ശയ്ത്വാൻ എല്ലാ ആക്രമണകാരിയേക്കാളും ശക്തനാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിൽ അഭിവൃദ്ധിപ്പെടുകയും തങ്ങളുടെ രാത്രികളെ ജീവിപ്പിക്കുകയും അല്ലാഹുവിന്റെ കല്പനകളെ ബലമായി പിടിക്കുകയും ചെയ്തുകൊണ്ടുമാത്രമേ ഈ നോമ്പിനെ ഒരു വിശ്വാസിക്ക് ശരിയായ നിലയിൽ പ്രയോജനപ്പെടുത്താനും ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് സുരക്ഷിതരായിരിക്കാനും സാധിക്കുകയുള്ളൂ. അതിനുവേണ്ടി ഈ പരിശീലനനാളുകൾ അല്ലാഹു നല്കിയിരിക്കുകയാണ്. നരകത്തിന്റെ അഗ്നയിൽനിന്ന് രക്ഷിക്കുന്നതിനായി, നോമ്പ് കോട്ടയായി പ്രവർത്തിക്കുന്നത് കോട്ടയുടെ എല്ലാ വാതിലുകളിലും തന്റെ ആരാധനകളും കർമ്മങ്ങളും കാവലായി ഏർപ്പെടുത്തുമ്പോഴാണ്. പിന്നീട് ഈ കാവലും അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് ഉയർത്തിപ്പെട്ടിട്ടുള്ള ശക്തമായ കോട്ടയുടെ ഭിത്തികളും നരകത്തീയിൽനിന്ന് ഈ ലോകത്തും ഓരോ സത്യവിശ്വാസിയായ ദാസനേയും രക്ഷപ്പെടുത്തുന്നതാണ്, ആഖിറത്തിലും രക്ഷപ്പെടുത്തുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കലും ഭക്തിയിൽ പദമൂന്നലും സത്യവിശ്വാസിയായ ഒരു ദാസന്റെ ജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ചുകൊണ്ട് ഈ ലോകത്തേയും പരലോകത്തേയും അനുഗ്രഹങ്ങളാൽ സത്യവിശ്വാസിയായ ദാസനെ അണി

യിച്ചൊരുക്കുന്നതാണ്.

അതുകൊണ്ട് നാം അല്ലാഹു ഏർപ്പെടുത്തിയിട്ടുള്ള ഈ അവസരത്തെ പ്രയോജനപ്പെടുത്തണം. അവൻ പറഞ്ഞിട്ടുള്ള കല്പനയനുസരിച്ച് ഈ ദിനങ്ങൾ കഴിച്ചുകൂട്ടിക്കൊണ്ട് ഭക്തിയിലുയരണം. നബി(സ) തിരുമേനിക്ക് മുമ്പേ വന്ന നബിമാരുടെ അധ്യാപനങ്ങൾ കാലികവും താല്ക്കാലികവുമായിരുന്നു. അത് കഴിഞ്ഞുകടന്നുപോയി. അവരുടെ അധ്യാപനം താല്ക്കാലികമായ ഭക്തി നല്കുന്നതിനുവേണ്ടിയായിരുന്നു. ആ അധ്യാപനങ്ങൾ അവസാനിച്ചതോടെ അതിലെ പുതുമ നിലനിന്നില്ല. അതായത്, ഭക്തി നിലനിന്നില്ല. പക്ഷേ, അവൻ പറഞ്ഞതുപോലെ ഇസ്ലാമിന്റെ അധ്യാപനം എന്നന്നേക്കുമായി ജീവനോടെ നിലനില്ക്കുന്നു. വിശുദ്ധഖുർആന്റെ കല്പനകൾ എന്നന്നേക്കുമായി നിലനില്ക്കുന്നു. മറ്റു മതങ്ങളിലെ നോമ്പുകളിൽ വിഷയേച്ഛകൾ കടന്നുകൂടിയിരിക്കുകയാണ്. നമ്മുടെ അധ്യാപനവും കല്പനകളും യഥാർത്ഥ നിലയിൽ ജീവനോടെ നിലകൊള്ളുന്നവയാണ്.

അതുകൊണ്ട് നമുക്ക് നമ്മുടെ തഖ്‌വയുടെ നിലവാരം ഉയർത്തിവെക്കുന്നതിനായി എന്നെന്നും കഠിനപരിശ്രമം നടത്തിക്കൊണ്ടിരിക്കേണ്ടത് ആവശ്യമാണ്. ഭക്തിയുടെ കോണിയിൽ കാല് വെച്ചുകൊണ്ട് അല്ലാഹു വിന്റെ തൃപ്തി കരസ്ഥമാക്കാനും അവന്റെ സാമീപ്യം പ്രാപിക്കാനും ഏറ്റവും ഉന്നതസ്ഥാനം കരസ്ഥമാക്കാൻ അവൻ കല്പിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാനും അവൻ നമ്മെ അനുഗ്രഹിച്ചിരിക്കുകയാണ്. ആ കോണിയിൽ നാം കയറേണ്ടതുണ്ട്. അതിന്റെ ഉന്നതിക്ക് അതിർത്തിയില്ല. നമ്മളിൽ ഓരോരുത്തരും നമ്മുടെ കഴിവനുസരിച്ച് ആ ഉന്നതി കരസ്ഥമാക്കാൻ ശ്രമിക്കണം. ഒന്നിനു പിറകെ മറ്റൊരു ചുവട് വെച്ചുകൊണ്ട് മുകളിലേക്ക് ഉയർന്നുപോകേണ്ടതാണ്. അതിനുവേണ്ടി ശ്രമിക്കേണ്ടതാണ്. അല്ലാഹുതആല നമ്മെ ഉത്ക്കൃഷ്ടസമുദായമാക്കിക്കൊണ്ട് ആരാധനാകർമ്മങ്ങളുടേയും സൽക്കർമ്മങ്ങളുടേയും ഉന്നതമായ വഴിയും കാണിച്ചുതന്നിരിക്കുന്നു. നാം ഉത്തമസമുദായം എന്നു പറയപ്പെടുന്നത് ഈ നിലവാരം കരസ്ഥമാക്കുന്നവരായിത്തീരുമ്പോഴും ഒന്നിനുപിറകെ മറ്റൊരു നില കരസ്ഥമാക്കാൻ പരിശ്രമിച്ചുകൊണ്ടു പോകുമ്പോഴുമാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടി ചെയ്യപ്പെട്ട ഈ കർമ്മങ്ങൾ തന്നെയാണ് ഭക്തി എന്നറിയപ്പെടുന്നത്. അത് കരസ്ഥമാക്കുന്നതിനായി റമദാനിൽ നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നമുക്ക് ഈ റമദാനിൽ തഖ്‌വ അഥവാ ഭയഭക്തി കരസ്ഥമാക്കാനുള്ള പോരാട്ടത്തിന് സൗഭാഗ്യം നല്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നോമ്പിന്റെ യാഥാർത്ഥ്യത്തിലും ജനങ്ങൾ അജ്ഞരാണ്. വിശപ്പും ദാഹവും സഹിച്ചിരിക്കുക എന്നതു മാത്രമല്ല നോമ്പ്. മറിച്ച് അതിന്നൊരു പ്രഭാവമുണ്ട്. അതിന്നൊരു സ്വാധീനമുണ്ട്. അത് അനുഭവം കൊണ്ടാണ് മനസ്സിലാകുന്നത്. എത്രത്തോളം കുറച്ച് ഭക്ഷിക്കുന്നുവോ അത്രത്തോളം മനഃപരിശുദ്ധിയുണ്ടാകുന്നുവെന്നത് മാനുഷികമായ പ്രകൃതിയാണ്. ദിവ്യദർശനശക്തി വർദ്ധിക്കുന്നു. ഇതുകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് ഒരു ഭക്ഷണം കുറയ്ക്കുകയും മറ്റൊരു ഭക്ഷണം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ്. നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം വിശന്നിരിക്കുക എന്നത് മാത്രമല്ലെന്ന കാര്യം നോമ്പുകാരൻ എപ്പോഴും ഓർത്തിരിക്കണം; അവന് ഭൗതികതയോടുള്ള വിരക്തിയുണ്ടാകാൻ എപ്പോഴും ദൈവസ്മരണയിൽ മുഴുകിയിരിക്കേണ്ടതാണ്. നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം ശരീരത്തെ പോഷിപ്പിക്കുന്ന ഒരു ഭക്ഷണമുപേക്ഷിച്ചുകൊണ്ട് അവന് തൃപ്തിക്കും സന്തോഷത്തിനും കാരണമാകുന്ന മറ്റൊരു ഭക്ഷണം സമ്പാദിക്കുകയും ചെയ്യുക എന്നതാണ്. ചടങ്ങെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി മാത്രം നോമ്പ് പിടിക്കുന്നത് അവന് മറ്റേ ഭക്ഷണം ലഭിക്കാൻ അല്ലാഹുവിനെ സ്തുതിക്കുന്നതിലും സ്തോത്രം ചെയ്യുന്നതിലും ലാഇലാഇല്ലാഹ് എന്ന് ഉച്ചരിച്ചുകൊണ്ടിരിക്കുന്നതിലും മുഴുകേണ്ടതാണ്."

ഇതാണ് നോമ്പുകാരന്റെ ഉദ്ദേശ്യം. ഇതുമുഖേന അല്ലാഹുവിന്റെ സാമീപ്യവും ഭക്തിയും കൈവരുന്നതാണ്. തന്റെ ദാസരെ അല്ലാഹു മുന്നോട്ടെത്തിയെടുത്ത് തന്റെ മടിത്തട്ടിലിരുത്തുന്നതാണ്. അവന് തന്നെക്കുറിച്ചുള്ള ജ്ഞാനം നല്കുന്നതാണ്. തന്റെ സമ്മാനവും നല്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'സത്യസന്ധതയോടും സദുദ്ദേശ്യത്തോടും കൂടി ആരാണോ തന്റെ മാർഗ്ഗം തിരയുന്നത് താൻ അവർക്ക് സന്മാർഗ്ഗത്തിന്റേയും ഈശ്വരീയജ്ഞാനത്തിന്റേയും വഴികൾ തുറന്നുകൊടുക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ***വല്ലദീന ജാഹദൂ ഫീന ലനഹ്ദി യന്നഹും സുബുലനാ*** എന്ന് അവൻതന്നെ പറഞ്ഞതുപോലെ. അതായത്, ആരാണോ നമ്മളിലായിക്കൊണ്ട് ശരീരേച്ഛകൾക്കെതിരെ പോരാടുന്നത് നാം അവനിൽ നമ്മുടെ വഴികൾ തുറക്കുന്നതാണ്. പറഞ്ഞു. നമ്മളിലായിക്കൊണ്ട് എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം ആത്മാർത്ഥതയുടേയും സദുദ്ദേശ്യത്തിന്റേയും അടിസ്ഥാനത്തിൽ അല്ലാഹുവിനെ തിരയുക എന്നതുമാത്രമായിരിക്കും അവരുടെ ഉദ്ദേശ്യം എന്നുള്ളതാണ്. അവരാണ് യഥാർത്ഥത്തിൽ പരിശ്രമിക്കുന്നവർ.

അല്ലാഹുവിന്റെ തൃപ്തി സമ്പാദിക്കുക എന്ന ഉദ്ദേശ്യത്തോടെ ഈ റമദാൻ കഴിച്ചുകൂട്ടാൻ അല്ലാഹു നമുക്ക് ഭാഗ്യം നല്കുമാറാകട്ടെ. നമ്മുടെ നോമ്പ് അല്ലാഹുവിനുവേണ്ടി മാത്രമുള്ളതായിരിക്കട്ടെ. അത് നമ്മുടെ ജീവിതത്തിന്റെ സ്ഥിരഭാഗമായിരിക്കട്ടെ. നമ്മെ എപ്പോഴും ഭക്തിയിൽ നിലനിറുത്തുന്നവരാക്കിത്തീർക്കട്ടെ.

*ഖുത്ബ 14-09-2007.*

*എൻ. ഹാമിദ്*

# വ്രതാനുഷ്ഠാനം

വർഷത്തിൽ ഒരുമാസം തുടർച്ചയായി വ്രതമനുഷ്ഠിക്കേണമെന്ന് ഇസ്ലാംമതം ശാസിച്ചിരിക്കുന്നു. ആ റമദാൻ എന്ന ചാന്ദ്രമാസം ആരംഭിച്ചിരിക്കുന്നു. ഇസ്ലാമിന്റെ ഈ വിധി പ്രായപൂർത്തി വന്നിട്ടില്ലാത്ത ബാലികാബാലന്മാരേയും രജസ്വലകളായ സ്ത്രീകളേയും ബാധിക്കുന്നില്ല. രോഗികളും വഴിയാത്രക്കാരും ഈ മാസത്തിൽ നോമ്പുനോല്ക്കേണ്ടതില്ല. തങ്ങൾക്ക് ഒഴിഞ്ഞുപോകുന്ന നോമ്പുകൾ അവർ മറ്റൊരവസരത്തിൽ അനുഷ്ഠിച്ചാൽ മതിയാകും. സ്ഥിരമായ പല രോഗങ്ങളും ബാധിച്ചവരും നോമ്പുനോല്ക്കാൻ കഴിയാത്തവണ്ണം ബലഹീനരും അതിവാർദ്ധക്യം ബാധിച്ച് വശംകെട്ടവരും ഈ ശാസനയിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. എങ്കിലും അവർ ഓരോ നോമ്പിനും പകരം ഓരോ അഗതിക്ക് ഭക്ഷണം ദാനം ചെയ്യേണ്ടതാകുന്നു. നോമ്പെടുക്കുന്നവർ പ്രഭാതം മുതൽ പ്രദോഷംവരെ എല്ലാത്തരം ആഹാരപാനീയാദികളേയും എന്നവണ്ണം ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പ്രത്യേക ബന്ധത്തേയും വർജ്ജിക്കേണ്ടതാവശ്യമാണ്. എങ്കിലും ശരീരത്തിന് അനാവശ്യമായ പീഢകളേല്ക്കാതിരിക്കുന്നതിന് പുലർച്ചയ്ക്ക് മുമ്പായി വല്ലതും ആഹരിക്കുന്നത് ആശാസ്യമായിരിക്കും.

നോമ്പ് നോല്ക്കുന്നതുകൊണ്ട് മനുഷ്യൻ ഇച്ഛാനിരോധനം ശീലിക്കുന്നു. അങ്ങനെ പാപകരമായ പ്രേരണകളെ ജയിക്കാനുള്ള കഴിവ് അത് അവനുണ്ടാക്കിക്കൊടുക്കുന്നു. പാപം ശാരീരികമായ ഭോഗാസക്തിയിൽനിന്നും ഉത്പന്നമാകുന്നതാണ്. മനുഷ്യൻ ഒരു കാര്യം ശീലിച്ചുപോയാൽ പിന്നെ അവന് അതുപേക്ഷിക്കാൻ വളരെ പ്രയാസമായിരിക്കുമെന്നത് സുവിധിതമാണ്. എന്നാൽ, ഒരുവൻ തന്റെ ശീലത്തേയോ സമ്പ്രദായത്തേയോ ഇഷ്ടാനുസരണം വിട്ടൊഴിയാൻ കഴിവുള്ളവനായിത്തീരുന്നുവെങ്കിൽ അവൻ ഒരിക്കലും അതിന് അടിമപ്പെട്ടുപോകയില്ല. തന്നെ ചിലപ്പോഴെല്ലാം പാപത്തിലേക്ക് പ്രേരിപ്പിച്ചേക്കുന്ന ലൗകികസുഖഭോഗങ്ങളെ ദൈവപ്രീതിക്കായി ഒരുമാസക്കാലം വർജ്ജിക്കുകയും അങ്ങനെ ഇച്ഛാനിരോധനം ശീലിക്കുകയും ചെയ്യുന്നതുമൂലം അവന് മനോനിയന്ത്രണശേഷി വർദ്ധിക്കുകയും പാപകരമായ പ്രേരണകളെ എളുപ്പത്തിൽ ജയിച്ചടക്കാൻ സാധിക്കുകയും ചെയ്യുന്നതാണ്. ഇച്ഛാശക്തിയെ നിയന്ത്രിച്ച് ക്രമപ്പെടുത്തുമ്പോൾ മാത്രമേ മനുഷ്യന് അവന്റെ ആത്മീയോൽകർഷത്തിനുള്ള യോഗ്യത സിദ്ധിക്കുന്നുള്ളൂ. അതിനാൽ എല്ലാ ദൈവികമതങ്ങളിലും വ്രതം ഒരു മുഖ്യകർമ്മമായി വിധിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആൻ പറയുന്നത് കാണുക: "ദൈവവിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് വിധിക്കപ്പെട്ടിട്ടുള്ള പ്രകാരം നിങ്ങൾക്കും വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ തഖ്വയുള്ളവരായിത്തീർതന്നെ" (2:183).

ദൈവികമായ പൗരാണികമതങ്ങളേയെല്ലാം പരിശോധിക്കുന്നതായാൽ അവയോരോന്നിലും രീതിവ്യത്യാസത്തോടുകൂടിയാണെങ്കിലും വ്രതാനുഷ്ഠാനം വിധിച്ചിരിക്കുന്നത് കാണാം. തന്നെയുമല്ല പ്രവാചകന്മാരും മഹർഷിമാരും ദൈവപ്രേമികളായ മറ്റു മഹാത്മാക്കളും തങ്ങളുടെ സ്ഥാനലബ്ധിക്ക് മുമ്പും അതിനുശേഷവും വ്രതാനുഷ്ഠാനം ചെയ്തതായി അവരുടെ ചരിത്രങ്ങളും പറഞ്ഞുതരുന്നുണ്ട്.

മുൻപറഞ്ഞവിധം ഒരുവൻ ഇച്ഛാനിരോധനം ചെയ്ത് മനോനിയന്ത്രണം സാധിക്കുമ്പോൾ അവൻ ദിവ്യമായ ഒരു പരിശുദ്ധതയിലേക്ക് നീതനായിത്തീരുന്നു. അവൻ തന്റെ ഇന്ദ്രിയേച്ഛകളെ ബാഹ്യമായ നിർബന്ധങ്ങളൊന്നും കൂടാതെ കേവലം ദൈവാജ്ഞയ്ക്ക് കീഴ്വണങ്ങണമെന്ന ഉദ്ദേശ്യത്തിന്മേൽ നിയന്ത്രിക്കുകയും തന്റെ വ്രതത്തെ പൂർണ്ണമായി പാലിക്കുകയും ചെയ്യുമ്പോൾ സർവ്വരേക്കാളും സ്വന്തം സുഖത്തേക്കാളും ദൈവാജ്ഞയെ ഉപരിയായി കരുതുവാനുള്ള ഒരു ബോധം അവനിലുളവായിവരുന്നു. തനിക്ക് ഇഷ്ടാനുസരണം അനുഭവിക്കാവുന്ന തന്റെ സുഖസാധനകളെയെല്ലാം ദൈവാജ്ഞയ്ക്ക് വഴിപ്പെടുക എന്ന ഏകസംഗതിയാൽ മാത്രം ഒരുവൻ വർജ്ജിക്കുകയും അവയോട് തനിക്ക് എത്രതന്നെ ആഗ്രഹവും ആവശ്യവും തോന്നിയാലും സർവ്വസാക്ഷിയായ ദൈവത്തിന്റെ മുമ്പിൽവച്ച് അവന്റെ ശാസനയെ ലംഘിക്കുന്നതിലുള്ള ആത്മസങ്കോചത്താൽ തന്റെ ഇച്ഛകളെ അടക്കിനിറുത്തുകയും ചെയ്യുമ്പോൾ അവന്റെ ആത്മാവിന് ദിവ്യമായ ഒരു പരിശുദ്ധത അനുഭവപ്പെടുകതന്നെ ചെയ്യും. ആ പരിശുദ്ധത അവന്റെ ബോധേന്ദ്രിയങ്ങളിലും കർമ്മേന്ദ്രിയങ്ങളിലും പ്രകാശിക്കുകയും ചെയ്യും. ഇപ്രകാരം

ദൈവനിരീക്ഷണത്തോടുകൂടി ആണ്ടുതോറും ഓരോ മാസം ഇടവിടാതെ വ്രതാനുഷ്ഠാനം ചെയ്ത് ഇച്ഛാ നിരോധനം ശീലമാക്കുന്നതിനാൽ ദൈവനിരീക്ഷണം അവനിൽ ഒരു സ്ഥിരഗുണമായി ഉറക്കുകയും ദൈവ വിരോധമായ യാതൊന്നും ആഗ്രഹിക്കാതേയും അനു ഭവിക്കാതേയും ഇരിക്കുന്നതിനുള്ള ഒരാത്മീയശക്തി അവന് സിദ്ധിക്കുകയും ചെയ്യുന്നു. വ്രതാനുഷ്ഠാന ത്താൽ അനുഭവമാകുന്ന ഈ പരിശുദ്ധത നോമ്പു കാരന്റെ സ്വഭാവത്തിൽ ശാന്തതയെ ഉളവാക്കുന്നു. അവങ്കൽനിന്ന് അശുദ്ധഗുണങ്ങളോ അശുദ്ധകർമ്മ ങ്ങളോ വരാതിരിക്കാൻ അവൻ സൂക്ഷിക്കുകയും തന്മൂലം സമാധാനവും സ്ഥിരതയും അവനിൽ സ്ഥായിയായി പ്രകാശിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

നോമ്പുകാലത്ത് പകൽസമയത്ത് ഭക്ഷണപ ദാർത്ഥങ്ങൾ പാകം ചെയ്യുക, ആഹാരം കഴിക്കുക തുടങ്ങിയ കൃത്യങ്ങളിൽനിന്ന് വിശ്രമം ലഭിക്കുകയും അങ്ങനെ കൂടുതൽ ഒഴിവുസമയം കൈവരികയും ചെയ്യുന്നതുകൊണ്ട് അങ്ങനെ നോമ്പ് നോല്ക്കുന്ന വർക്ക് ആധ്യാത്മികകാര്യങ്ങളിൽ അധികം ശ്രദ്ധ പതി പ്പിക്കാനും ദൈവത്തെ അധികം സ്മരിച്ചുകൊണ്ടിരി ക്കാനും സാധിക്കുന്നു. നോമ്പുകാലത്ത് പൈദാഹങ്ങ ളുടെ ഫലമായുണ്ടാകുന്ന ക്ലേശം അനുഭവിച്ചറിയുക മൂലം താൻ ദിനേന അനുഭവിക്കാറുള്ള ദൈവത്തിന്റെ ആ കാരുണ്യാനുഗ്രഹങ്ങളുടെ വില അറിയുന്നതിനും മനുഷ്യൻ പ്രാപ്തിയുള്ളവനായിത്തീരുന്നു. മനുഷ്യൻ തന്റെ കൈവശമിരിക്കുന്ന വസ്തുവിനെ അത്ര സാര മായി ഗണിക്കാറില്ല. എന്നാൽ, അത് തനിക്ക് നഷ്ടമാ കുമ്പോഴാണ് അവൻ അതിന്റെ വില അറിയുന്നത്. കണ്ണുകൾ ദൈവത്തിന്റെ ഒരു മഹാനുഗ്രഹമാണെന്ന തിനെക്കുറിച്ച് അധികമാളുകളും ചിന്തിക്കാറില്ല. എന്നാൽ, അവ തങ്ങൾക്ക് നഷ്ടമാകുമ്പോഴാണ് അവൻ അവയുടെ മഹിമ അറിയുന്നത്. അപ്രകാരം തന്നെ ഒരുവൻ നോമ്പുകാലത്ത് എല്ലാവിധ ഭക്ഷ്യ പേയ സാധനങ്ങളേയും വർജ്ജിക്കുകയും വിശപ്പി ന്റേയും ദാഹത്തിന്റേയും ഉഗ്രത അനുഭവിക്കുകയും ചെയ്യുമ്പോൾ ദൈവം തനിക്കു നല്കിയിട്ടുള്ള സുഖ സൗകര്യങ്ങളെക്കുറിച്ച് അവന് സ്തുതി പാടുകയും ആ സുഖസൗകര്യങ്ങളെ നിസ്സാരവും അനാവശ്യവു മായ കാര്യങ്ങളിൽ പാഴാക്കാതെ ഉത്തമവും ഉപകാര പ്രദവുമായ കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ട താണെന്ന് അവന് ഉണർവ്വുണ്ടാവുകയും ചെയ്തുതു ടങ്ങുന്നു. നോമ്പുകാരൻ രാത്രിയുടെ അപരാംശ ത്തിൽ അത്താഴം കഴിക്കുന്നതിന് എഴുന്നേല്ക്കേണ്ടി വരുന്നതിനാൽ അവനുതന്നെ ആത്മോത്കർഷത്തിൽ ശീഘ്രഗമനം ചെയ്യിക്കുന്നതായ പ്രാർത്ഥനയും ആരാ ധനയും നടത്തുന്നതിനും മറ്റുകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ അവസരം ലഭിക്കുമാറാകുന്നു. ഇങ്ങനെ, അവൻ തന്റെ സുഖസൗകര്യങ്ങളെ ദൈവാജ്ഞയ്ക്കു വേണ്ടി ബലി കഴിച്ചുകൊണ്ട് പ്രാർത്ഥനയിലും ആരാ ധനയിലും ഏർപ്പെടുന്നതിനാൽ ദൈവം അവന്റെ ആത്മാവിനെ ശക്തിപ്പെടുത്തുകയും തന്റെ അടുക്ക ലേക്ക് അവനെ അടുപ്പിക്കുകയും ചെയ്യാനിടയാകു ന്നു.

വ്രതം സമുദായക്ഷേമത്തെ നിലനിറുത്തുന്നതി നുവേണ്ട ഗുണപാഠങ്ങളും മനുഷ്യർക്ക് നല്കുന്നു. ഒരിക്കലും വിശപ്പിന്റേയോ ദാഹത്തിന്റേയോ ക്ലേശം അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത സുഖജീവിതം നയിക്കുന്ന ഒരു ധനികന് പലപ്പോഴും പട്ടിണിയിൽ കഴിഞ്ഞുകൂ ടുന്ന തന്റെ ദരിദ്രസഹോദരരുടെ കഷ്ടപ്പാടുകളെ കുറി ച്ചറിയാൻ സാധിച്ചെന്നുവരികയില്ല. ധാരാളിത്തത്തിൽ ആറാടുന്ന ഒരു ധനികന്റെ മനസ്സ് പാവങ്ങളുടേയും അവശരുടേയും ദാരിദ്ര്യദുഃഖത്തിൽ സഹതപിക്കാൻ പരിചയിച്ചിരിക്കുകയുമില്ല. എന്നാൽ, വ്രതാനുഷ്ഠാനം ചെയ്യുന്നതോടൊപ്പം അയാൾക്ക് പൈദാഹങ്ങളുടെ വേദന അനുഭവപ്പെടുകയും അങ്ങനെ പാവങ്ങൾ അനുഭവിക്കുന്ന കഷ്ടതകളെക്കുറിച്ച് അറിയാറാകയും ചെയ്യുന്നു. ഈ ബോധം അവന്റെ മനസ്സിൽ ദരിദ്രരെ ക്കുറിച്ചുള്ള ഒരു ആർദ്രതയെ ജനിപ്പിക്കുകയും അത് അവരുടെ സ്ഥിതി നന്നാക്കിത്തീർക്കുന്നതിനു വേണ്ട നടപടികളെടുക്കുവാൻ അവന് പ്രേരകമാവുകയും ചെയ്യുന്നു. ഇതിന്റെ സ്വാഭാവികഫലം സമുദായ ത്തിന്റെ ക്ഷേമവും രക്ഷയും വർദ്ധിക്കുകതന്നെയാ ണ്. ഇതിനു പുറമെ നോമ്പുകാലത്ത് സാധുക്കൾക്ക് ദാനധർമ്മം ചെയ്യുന്നതിന് നബിതിരുമേനി(സ) പ്രത്യേകം നിഷ്കർഷിക്കുകയും തന്റെ പാവനമായ മാതൃകകൊണ്ട് ദാനധർമ്മത്തിന്റെ മഹിമയെ വെളി പ്പെടുത്തുകയും ചെയ്തിരിക്കുന്നു. നോമ്പുനോല്ക്കു വാൻ കേവലം കഴിവില്ലാത്തവർ തങ്ങൾക്കൊഴിഞ്ഞു പോകുന്ന ഓരോ നോമ്പിനും പകരം ഓരോ അഗ തിക്ക് ഭക്ഷണദാനം ചെയ്യണമെന്ന് ഇസ്ലാം ശാസി ച്ചിരിക്കുന്നു. ഈ വ്യവസ്ഥയെല്ലാം സമുദായത്തിലെ ദരിദ്രവ്യക്തികളുടെ ദുഃഖത്തിന് ശമനം വരുത്തു വാനും അവരുടെ ജീവന വൈഷമ്യങ്ങളെ ലഘൂക രിക്കാനുമുള്ള ഒരു മാർഗ്ഗമായിത്തീരുന്നു. വ്യക്തിക ളുടെ ക്ഷേമം ഇപ്രകാരം സാധ്യമായിവരുമ്പോൾ സമു ദായത്തിന് ക്ഷേമം വർദ്ധിക്കുമെന്നത് സുവ്യക്തമാ ണല്ലോ. കൂടാതെ, ഇസ്ലാം തദനുയായികൾ അല സരും ഉദാസീനരും ക്ലേശാനുഭവത്തിൽ അധോമുഖ രുമായിരിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. മറിച്ച്, അത് ഉദ്ദേ ശിക്കുന്നത് ആവശ്യം നേരിടുമ്പോൾ അവർ എല്ലാ ത്തരം ബുദ്ധിമുട്ടും കഷ്ടപ്പാടും കൈക്കൊള്ളാൻ ഒരു ക്കവും കഴിവുമുള്ളവരായിരിക്കണമെന്നാണ്. വ്രതം തദനുഷ്ഠാനകനെ പൈദാഹങ്ങൾ സഹിക്കാനും എല്ലാ ഇച്ഛകളേയും വികാരങ്ങളേയും നിയന്ത്രി ക്കാനും ശീലിപ്പിക്കുന്നു. ഇസ്ലാമിന്റെ ഈ ശാസ നയെ ആത്മാർത്ഥമായി അനുസരിച്ചുപോരുന്നവർ ഒരി

*ശേഷം 41-ൽ*

*അത്താഉൽ മുജീബ് റാശിദ്, ലണ്ടൻപള്ളി ഇമാം*

# അഞ്ചാം ഖിലാഫത്തിനെ സംബന്ധിച്ച് മുൻകൂട്ടി അറിയിച്ച സ്വപ്നങ്ങൾ – 2

(തിരഞ്ഞെടുപ്പിന് മുമ്പുകണ്ട ദർശനങ്ങൾ)

***2005 ഡിസംബറിൽ ജൽസാ സാലാന സ്പെഷ്യൽ പതിപ്പായി ഇറങ്ങിയ ബദ്ർ വാരികയിൽ എഴുതിയ ലേഖനത്തിന്റെ പരിഭാഷ (ഇംഗ്ലീഷിൽനിന്ന്)***

**9**

ജർമ്മനിയിലെ മി. മുഹമ്മദ് അബ്ദുല്ലാഹ് രണ്ടു സ്വപ്നങ്ങളെക്കുറിച്ച് ഹുസൂറിന് എഴുതുന്നു:

"ഖലീഫത്തുൽ മസീഹ് നാലാമന്റെ (റഹ്) ചരമത്തിന് കുറച്ചു മാസങ്ങൾക്കു മുമ്പ് ഞാൻ പാക്കിസ്ഥാൻ സന്ദർശിക്കാനുള്ള ഒരുക്കത്തിലായിരുന്നു. രാത്രി വളരെ വൈകിയതിനാൽ കിടന്നുറങ്ങിപ്പോയി. ഞാൻ വലിയ ഒരു മുറിയിലാണുള്ളത്. മതിലിൽ വാഗ്ദത്ത മസീഹ്(അ)ന്റെ ചിത്രമുണ്ട്. അതിനു താഴെ ക്രമത്തിൽ നാലു ഖലീഫമാരുടെയും ചിത്രങ്ങളും അതിന് ശേഷം സാഹിബ് സാദാ മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ ചിത്രവും ഉണ്ട്. ഞാൻ ദുറൂദ് ശരീഫ് ചൊല്ലാൻ തുടങ്ങുന്നു. ഹദ്റത്ത് മിയാൻ സാഹിബിന്റെ ചിത്രത്തിൽനിന്ന് ഒരു പ്രകാശം വരുന്നതായി ഞാൻ കാണുന്നു. ഞാൻ സൂക്ഷിച്ചു നോക്കി. അത് ഒരു ചിത്രമാണോ, അല്ല ഹദ്റത്ത് മിയാൻ സാഹിബ് താൻ തന്നെയാണോ എന്ന് ഞാൻ അത്ഭുതപ്പെടുന്നു. അത് ചലിക്കുന്നതായും അത് മിയാൻ സാഹിബ് താൻ തന്നെയാണെന്ന് ഞാൻ പറയുന്നതായും കണ്ടു. അതോടെ ഞാനുണർന്നു. ഞാൻ ഉച്ചത്തിൽ ദുറൂദ് ശരീഫ് ചൊല്ലുകയായിരുന്നു.' '

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ(റഹ്) ചരമത്തിന്റെ ഒരു ദിവസത്തിന് ശേഷം എന്റെ 13 വയസ്സായ മകൾ മറിയം, ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫയായതായി സ്വപ്നം കണ്ടു.

**10**

പാക്കിസ്ഥാനിലെ ലോദ്രാൻ ജില്ലയിലെ മുറബ്ബിയായ മി. മുബശ്ശിർ അഹ്മദ് ത്വാഹിർ സാഹിബ് തന്റെ 2003 ഏപ്രിൽ 28 ലെ കത്തിൽ എഴുതുന്നു:

"2003 ഫെബ്രുവരി അവസാനത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ്(റഹ്) നാലാമൻ വഫാത്തായതായി ഞാൻ സ്വപ്നം കണ്ടു. ഞാൻ വളരെ ദുഃഖത്തോടെ കരഞ്ഞുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ കണ്ണീർത്തുള്ളികൾ എനിക്ക് ശരിക്ക് അനുഭവപ്പെട്ടു. ഹുസൂർ വഫാത്തായതിനാൽ ആരായിരിക്കും ഇനി ഖലീഫ എന്ന് ഞാൻ ചോദിക്കുന്നുണ്ടായിരുന്നു. അത് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ആയിരിക്കുമെന്ന് അപ്പോൾ എന്റെ ഹൃദയത്തിൽ ഇടപ്പെട്ടു. ഞാൻ ഈ സ്വപ്നത്തെക്കുറിച്ച് ജില്ലാ അമീർ ചൗദ്ദരി മുനീർ അഹ്മദ് സാഹിബിനോടു പറയുകയുണ്ടായി.

**11**

ലാഹോറിൽ സമനാബാദിലെ ശെയ്ഖ് നിസാർ അഹ്മദ് സാഹിബ് 2003 ഏപ്രിൽ 26 ലെ തന്റെ കത്തിൽ എഴുതുന്നു:

"ഒരു മാസം മുമ്പ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വഫാത്തായതായും ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടതായും ഞാൻ സ്വപ്നം കണ്ടു. ഈ സ്വപ്നത്തെക്കുറിച്ച് ഞാൻ എന്റെ ഉമ്മയോടും ഭാര്യയോടും പറഞ്ഞു. ഞാൻ കണ്ടപോലെതന്നെയാണ് അത് വിവരിച്ചതെന്ന് സർവ്വശക്തനായ അല്ലാഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്യുന്നു."

**12**

റബ്വയിലെ റുൽറഹ്മത്ഗർബിലെ മിസ്സിസ് നസീറ ലിയാഖത്ത് തന്റെ 2003 ഏപ്രിൽ 26 ലെ കത്തിൽ എഴുതുന്നു:

"ഹുസൂർ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) രോഗഗ്രസ്തനായി ഓപ്പറേഷന് വിധേയനായ ദിനങ്ങളിൽ കണ്ട ഒരു സ്വപ്നം വിവരിക്കാൻ ആഗ്രഹിക്കുന്നു. ഒരു ദിവസം രാത്രി ഞാൻ ഹുസൂറിന്റെ ആരോഗ്യത്തിനുവേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുമ്പോൾ ഉറങ്ങിപ്പോയി. അപ്പോൾ സ്വപ്നത്തിൽ ഞാൻ എന്നോടു തന്നെ പറഞ്ഞു:കഷ്ടം, ഹുസൂർ വഫാത്തായി... ഇപ്പോൾ മിയാൻ മസ്റൂർ ആയിരിക്കും ഖലീഫ... അതോടെ ഞാൻ ഉണർന്നു. ഞാൻ വളരെ വിഷമിച്ചു. ഓപ്പറേഷനുശേഷം ഹുസൂറിനു ആരോഗ്യം തിരിച്ചു കിട്ടുന്നതുവരെ ഞാൻ ദുആ തുടർന്നു കൊണ്ടിരുന്നു. സ്വപ്നത്തിൽമസ്റൂർ എന്നതിന്റെ അർത്ഥംസന്തോഷം എന്നാണെന്ന് ഞാൻ മനസ്സിലാക്കി. ഹുസൂറിന് ആരോഗ്യം തിരിച്ചുകിട്ടിയപ്പോൾ തീർച്ചയായും ഞാൻ വളരെ സന്തോഷിച്ചിരുന്നു.

ഹുസൂറിന്റെ അപ്രതീക്ഷിതമായ ചരമവാർത്ത ശ്രവിച്ചപ്പോൾ ഞാൻ നടുങ്ങിപ്പോയി. ഞാൻ സ്വപ്നത്തെക്കുറിച്ചോർത്തു. അന്നു രാത്രി ഞാൻ താങ്കളുടെ പേര് ഒരു തുണ്ടം കടലാസ്സിൽ എഴുതി പൂട്ടിവെച്ചു. താക്കോൽ മകളെ ഏൽപിക്കുകയും ചെയ്തു. അത് ഒരു അമാനത്തായി സൂക്ഷിക്കണമെന്നും ഞാൻ പറയുമ്പോൾ മാത്രമെ തുറക്കാവൂ എന്നും ഞാൻ മകളോടു പറഞ്ഞു. അല്ലാഹു ഒരിക്കൽ കൂടി ഖിലാഫത്തിന്റെ അനുഗ്രഹം നമുക്ക് നൽകിയപ്പോൾ താങ്കളുടെ പേര് പ്രഖ്യാപിക്കപ്പെട്ടു. ഞാൻ അൽഹംദുലില്ലാഹ് എന്നു പറഞ്ഞു. കടലാസ്സിലെഴുതിയത് വായിച്ചു നോക്കാൻ മകളോട് പറഞ്ഞു. ഖലീഫയെ നിശ്ചയിക്കുന്നത് അല്ലാഹുവാണെന്ന അവളുടെ വിശ്വാസം ഒന്നുകൂടി ദൃഢീകരിക്കാനാണ് ഞാനങ്ങനെ ചെയ്തത്.''

**13**

സിയാൽക്കോട്ട് ജില്ലയിലെ സപ്രാലിൽ നിന്ന് മി. സെയ്ത് ഹമീദുൽ ഹസ്സൻ അൻസാറുല്ലാഹ് സഊം എഴുതുന്നു:

"ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്(റഹ്) അസുഖം ബാധിച്ച ദിനങ്ങളിൽ ഒരിക്കൽ റാവൽ പിണ്ടി ജില്ലയിൽ മംഗബംഗ്യാലിലെ മുറബ്ബിയായ എന്റെ മകൻ സെയ്ത് സഊദ് ഹസൻ സാജിദ് എന്നെ സന്ദർശിക്കാൻ വന്നു. അതിന് മുമ്പ് ഒരു ദിവസം രാത്രി എനിക്ക് ഒരു സ്വപ്നമുണ്ടായി. ഒരു വലിയ ഹാളിൽ ജമാഅത്തിന്റെ യോഗം നടക്കുകയാണ്. ഹാളിലുള്ള ഒരു സ്റ്റേജിൽ ജമാഅത്തിലെ മുതിർന്നവരും പണ്ഡിതന്മാരും ഉണ്ട്. ഖിലാഫത്തിന്റെ തലപ്പാവ് ധരിച്ചു കൊണ്ട് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ ഞാൻ കണ്ടു. ഞാൻ അമ്പരന്നു പോയി. സാഹിബ് സാദാ സാഹിബ് ഖലീഫയായോ എന്ന് ഞാനൊരാളോട് ചോദിച്ചു. ഇല്ല, ആയില്ല, ഇനിയും സമയമുണ്ട് എന്നെന്നോട് പറയപ്പെട്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്)ന്റെ ആരോഗ്യനില മെച്ചപ്പെട്ടു വരുന്നുണ്ടെന്ന് ഞാൻ പറയുന്നു. ഇനിയും സമയമുണ്ട്. പക്ഷേ അദ്ദേഹം (മിർസാമസ്റൂർ) ആയിരിക്കും ഖലീഫ എന്നെന്നോട് പറയപ്പെട്ടു. അപ്പോൾ ഞാൻ ഉണർന്നു ഈ സ്വപ്നത്തെക്കുറിച്ച് ഞാൻ മുറബ്ബിയായ എന്റെ മകനോടു പറഞ്ഞു.''

**14**

ഇന്ത്യയിലെ ഹൈദരാബാദിൽ നിന്നും മുഹമ്മദ് ദാവൂദ് നൗമാൻ എഴുതുന്നു.

"ഏപ്രിൽ 22 ന് രാത്രി ഞങ്ങളെല്ലാവരും എം.ടി.എ തൽസമയ സംപ്രേഷണം വീക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. പ്രേക്ഷകരിൽ ഒരാളായ ഞാൻ ദുആയിൽ മുഴുകിയിരുന്നു. ഖിലാഫത്ത് കമ്മിറ്റിയോഗം ചേർന്നു. തിരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചു. പുലർച്ചെ 2.15 ന് നഫൽ നമസ്കാരമനുഷ്ഠിച്ചു കൊണ്ട് ഞാൻ പതിവുപോലെ അറബിയിലുള്ള ഹ്രസ്വമായ ദുആകൾ ചെയ്തുകൊണ്ടിരുന്നു. അതുകഴിഞ്ഞു മുസല്ല മടക്കിവെക്കുമ്പോൾ ഒരു ദർശനത്തിൽ മൂന്നു കൈകൾ കണ്ടു. അതിൽ രണ്ടെണ്ണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിന്റെ(റഹ്)തും ഒന്ന് പുതിയ ഖലീഫയുടെതുമായിരുന്നു. തന്റെ വലതു കൈയിലെ വിരലിൽ ഹുസൂർ ധരിക്കാറുള്ള മോതിരം പുതിയ ഖലീഫയുടെ വലതുകൈയിലെ വിരലിൽ ഇട്ടുകൊടുക്കുന്നതും ഞാൻ കണ്ടു. പുതിയ ഖലീഫയുടെ വലതുകൈയുടെ പിൻവശത്ത് കറുത്ത അടയാളം ഞാൻ വ്യക്തമായി കണ്ടു. ഈ ദർശനം കണ്ട് ഏകദേശം രണ്ടര വർഷങ്ങൾക്കുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു) ബൈഅത്തിനുശേഷം ദുആ ചെയ്യാൻ കൈകളുയർത്തിയപ്പോൾ ഹുസൂറിന്റെ വലതു കൈവിരലിൽ കറുത്ത അടയാളം ഞാനും മറ്റുള്ളവരും കാണുകയുണ്ടായി.''

15

ഖൈർപൂരിലെ(സിന്ധ്, പാക്കിസ്ഥാൻ) മിസ്സ്.അമത്തുൽ റഹ്മാൻ തന്റെ 2003 ഏപ്രിൽ 24 ലെ കത്തിൽ എഴുതുന്നു:

"2003 ഏപ്രിൽ 19നും 20നും ഇടയിലുള്ള രാത്രിയിൽ ഞാൻ സ്വപ്നത്തിൽ ഒരു വലിയ മുറി കണ്ടു. അതിൽ ഖിലാഫത്ത് കമ്മിറ്റിയുടെ യോഗം നടക്കുകയാണ്. കമ്മിറ്റി അംഗങ്ങൾ വലിയ ഒരു മേശയ്ക്കു ചുറ്റും കസേരകളിൽ ഇരിക്കുന്നു. ഖലീഫാ പദവിയിലേക്ക് രണ്ടു പേരുകൾ നിർദ്ദേശിക്കപ്പെട്ടു. ഒന്ന് മിയാൻ മസ്റൂർ അഹ്മദ് എന്നാണ്. മറ്റേ പേര് ഞാൻ മറന്നുപോയി. ആ സമയത്ത് ഞാൻ താങ്കളെ അറിയില്ലായിരുന്നു. മേശയുടെ ഒരു വശത്ത് വോട്ടു ചെയ്ത രണ്ടു ബാലറ്റു പേപ്പർ കൂമ്പാരങ്ങൾ ഉണ്ടായിരുന്നു. ഒരു കൂമ്പാരം വളരെ ചെറുതായിരുന്നു. മറ്റേത് ആദ്യത്തേതിന്റെ മൂന്നിരട്ടിയോ അതിൽ കൂടുതലോ ഉണ്ടാവും. വലിയ കൂമ്പാരത്തിലെ ബാലറ്റു പേപ്പറുകളിൽ മിയാൻ മസ്റൂർ അഹ്മദ് എന്നെഴുതപ്പെട്ടിരുന്നു. ആരാണ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതെന്ന് ഞാൻ ചോദിക്കുന്നു. ചെയർമാന്റെ ഇടതുവശത്തിരിക്കുന്ന വ്യക്തി പറഞ്ഞു. മിയാൻ മസ്റൂർ അഹ്മദിനാണ് കൂടുതൽ വോട്ടുകൾ കിട്ടിയതെന്ന്. അപ്പോഴേക്കും ഞാൻ ഉണർന്നു.''

**16**

ഗുജറാത്ത് ജില്ലയിലെ ശാദിവാളിൽ വഖഫ് ജദീദ് മുഅല്ലിമായ മി. മഹ്മൂദ് അഹ്മദ് ഖാലിദ് തന്റെ 2003 ഏപ്രിൽ 28ലെ കത്തിൽ എഴുതുന്നു.

"ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ചരമം ലോകമെങ്ങുമുള്ള അഹ്മദികളിൽ അഗാധമായ ദുഃഖമുളവാക്കി. ഈ ദുഃഖഭാരത്താൽ ഞാൻ രാത്രി 11.45 ന് ടി.വി ഓഫ് ചെയ്തു കിടന്നു. ഏപ്രിൽ 21 ന് രാത്രിയായിരുന്നു അത്. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ കോട്ട് ധരിക്കാനും വാഗ്ദത്ത മസീഹ്(അ)ന്റെ മോതിരമണി

യാനും സഹായിക്കപ്പെടുന്നതായി ഞാൻ സ്വപ്നം കണ്ടു. അപ്പോൾ ഉണർന്നു. വീണ്ടും ഞാൻ ഉറങ്ങിയപ്പോൾ അതേ സ്വപ്നം ആവർത്തിച്ചു. ഞാൻ വീണ്ടും ഉണർന്നപ്പോൾ സമയം 2.30 പുലർച്ചെയായിരുന്നു. ഞാൻ കണ്ട സ്വപ്നം രാവിലെ ഡയറിയിൽ കുറിച്ചു വെച്ചു. പുതിയ ഖലീഫയെക്കുറിച്ച് ഇന്നലെ രാത്രി സ്വപ്നത്തിൽ അല്ലാഹു എന്നോട് പറഞ്ഞിട്ടുണ്ടെന്ന് ഞാൻ ഭാര്യയോടു പറഞ്ഞു. ഖലീഫ ആരാണെന്നറിയാൻ എന്റെ ഭാര്യ ആഗ്രഹിച്ചു. പക്ഷേ, ഞാൻ അവരോട് ഒന്നും പറഞ്ഞില്ല. അവർ നിർബന്ധിച്ചു കൊണ്ടിരുന്നെങ്കിലും ഞാൻ പറഞ്ഞില്ല. ഞാനത് എഴുതി വെച്ചിട്ടുണ്ടെന്നും തിരഞ്ഞെടുപ്പു കഴിഞ്ഞാൽ ഞാൻ അത് അവൾക്ക് കാണിച്ചു കൊടുക്കാമെന്നും പറഞ്ഞു. വാഗ്ദത്ത മസീഹി(അ)ന്റെ കുടുംബത്തിൽ നിന്നുള്ള ആരെങ്കിലുമാണോ അത് എന്നവൾ ചോദിച്ചു. അതെ എന്ന് ഞാൻ ഉത്തരം പറഞ്ഞു. ഏപ്രിൽ 22 നു രാത്രി നിരവധി പേർ ഉണർന്നിരുന്നു കൊണ്ട് ടി.വി കാണുകയായിരുന്നു. രാത്രി 1 മണിക്ക് രണ്ടു സ്ത്രീകൾ എം.ടി.എ കാണാൻ ഞങ്ങളുടെ വീട്ടിൽ വന്നു. പുലർച്ചെ3.40-ന് ഇമാം സാഹിബ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ പേര് പ്രഖ്യാപിച്ചപ്പോൾ ഞാൻ തന്നത്താൻ അല്ലാഹു അക്ബർ എന്ന് ഉറക്കെ പറഞ്ഞു. എന്നിട്ട് എന്റെ ഡയറി എടുക്കാൻ ഓടിപ്പോയി. ഈ പേര് തന്നെയാണ് ഡയറിയിൽ അല്ലാഹു എന്നെക്കൊണ്ട് എഴുതിച്ചത് എന്ന് ഞാൻ എല്ലാവർക്കും കാണിച്ചു കൊടുത്തു. അൽഹംദുലില്ലാഹ്. ഞാൻ സന്തോഷാശ്രു പൊഴിച്ചു. എന്റെ ഭാര്യയും ആ രണ്ടു സ്ത്രീകളും സന്തോഷിക്കുകയും അമ്പരക്കുകയും ചെയ്തു. ഞാൻ സ്വപ്നത്തെക്കുറിച്ച് എഴുതിവെച്ച ഡയറിയുടെ പേജിൽ എന്റെ ഭാര്യയെ കൊണ്ടും ആ സ്ത്രീകളെ കൊണ്ടും (ബുശ്റ നസ്റുല്ലാഹ, മുബശ്ശിറ നസ്റുല്ലാഹ്) ഞാൻ ഒപ്പിടുവിച്ചു."

"പുതിയ ഖലീഫ തിരഞ്ഞെടുക്കപ്പെട്ടതിൽ ഓരോ അഹ്മദിയും സന്തോഷവാനായിരുന്നു. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവൻ അഹ്മദികളുടെ ഭയാവസ്ഥയെ സമാധാനാവസ്ഥയാക്കി മാറ്റിയിരുന്നു. എന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. ഒന്നിനും കൊള്ളാത്ത എന്നോട് അല്ലാഹു എത്ര മാത്രം ഔദാര്യത്തോടെയാണ് പെരുമാറിയത്. ലോകത്തുള്ള ജനങ്ങളിൽ ഏറ്റവും ബഹുമാന്യനായ വ്യക്തിയെക്കുറിച്ച് അല്ലാഹു എനിക്ക് മുൻകൂട്ടി അറിയിച്ചു തന്നു. എനിക്കതൊരമൂല്യനിമിഷം മാത്രമായിരുന്നില്ല. മഹത്തായ ഒരു ബഹുമതികൂടിയായിരുന്നു. ദയാപരനും കാരുണ്യവാനുമായ അല്ലാഹു എന്നോട് എത്രമാത്രം സ്നേഹത്തോടുകൂടിയാണ് പെരുമാറിയിരിക്കുന്നത്."

**17**

ലാഹോറിലെ മിസ്സ് ഹിന സഫർ ഹാഷ്മി തന്റെ 2003 മെയ് 29-ലെ കത്തിൽ എഴുതുന്നു:-

"ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ചരമ മടഞ്ഞപ്പോൾ ഖലീഫാ തെരഞ്ഞെടുപ്പിൽ അല്ലാഹുവിന്റെ മാർഗ്ഗദർശനമുണ്ടാവാൻ ദുആ ചെയ്യാൻ ആഹ്വാനം ചെയ്തു കൊണ്ട് എം.ടി.എ യിൽ നിരന്തര പ്രഖ്യാപനമുണ്ടായി. ഞാൻ ഓരോ നമസ്കാരത്തിലും അല്ലാത്തപ്പോഴും ദുആ ചെയ്തു കൊണ്ടിരുന്നു. അല്ലാഹു തന്നെയാണ് ഖലീഫയെ നിശ്ചയിക്കുന്ന തെന്ന കാര്യത്തിൽ സംശയമില്ലെങ്കിലും തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായ ആളുകൾക്കും മാർഗ്ഗ ദർശനം നൽകേണമെന്നായിരുന്നു എന്റെ പ്രാർത്ഥന. രാത്രി കിടന്നപ്പോഴും ഞാൻ ഈ ദുആ ആവർത്തിച്ചു കൊണ്ടിരുന്നു. അടുത്തടുത്ത രണ്ടു രാത്രികളിൽ എനിക്ക് താഴെപ്പറയുന്ന സ്വപ്നമുണ്ടായി. ആദ്യ ദിവസം കുറേ ആളുകൾ ഒരു കട്ടിലിൽ ഇരിക്കുന്നതായി ഞാൻ കണ്ടു. അവരിലുള്ള ഒരാൾ വേറൊരാളെ ചൂണ്ടിക്കൊണ്ട് അദ്ദേഹത്തെ ഖലീഫയാക്കിയിരിക്കുന്നുവെന്ന് പറഞ്ഞു. അദ്ദേഹം ഒരു കറുത്ത തൊപ്പി ധരിച്ചിരിക്കുന്നതായി ഞാൻ കണ്ടു. തല താഴ്ത്തിയിരിക്കുന്നതിനാൽ എനിക്ക് മുഖം കാണാൻ കഴിയുന്നില്ല. അദ്ദേഹത്തിന്റെ മുമ്പിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ജനാസയാണുള്ളത്.

അടുത്ത ദിവസം, തിരഞ്ഞെടുപ്പിന് ചില മണിക്കൂറുകൾക്ക് മുമ്പ്, ഞാൻ അൽപനേരം ഉറങ്ങി. അപ്പോൾ ആരോ ഒരാൾ എനിക്ക് ഒരു തുണ്ടം കടലാസ്സ് തരുന്നതായി സ്വപ്നം കണ്ടു. അതിൽ ഇംഗ്ലീഷിൽ മനോഹരമായ കൈപ്പടയിൽ ഒരു വരി എഴുതിയിരിക്കുന്നു. അത് ഇംഗ്ലീഷിലായിരുന്നെങ്കിലും ഞാൻ വായിച്ചത് ഉറുദുവിലായിരുന്നു. 'മിർസാ മസ്റൂർ അഹ്മദ് പുതിയ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.' ഞാൻ ഉണർന്നു. ഫജർ നിസ്കാരമനുഷ്ഠിച്ചശേഷം എം.ടി.എ തുറന്നു. ഹുസൂർ, കറുത്ത തൊപ്പി ധരിച്ചു കൊണ്ട് കൈകളുയർത്തി മുഖം മറച്ചു ദുആ ചെയ്തു കൊണ്ടിരിക്കുന്ന താങ്കളുടെ ചിത്രമായിരുന്നു കാണിച്ചു കൊണ്ടിരുന്നത്. ഇതെന്റെ സ്വപനത്തിന്റെ സാക്ഷാത്ക്കാരമായി ഞാൻ കണ്ടു. താങ്കളുടെ പേരെഴുതിയ ഒരു തലവാചകവും കാണിക്കുന്നുണ്ടായിരുന്നു. ഇങ്ങനെ രണ്ടു സ്വപ്നങ്ങളും അല്ലാഹു സാക്ഷാത്ക്കരിച്ചു."

**18**

റബ്‌വയിലെ നസാറത്ത് ദഅ്‌വത്തെഇലല്ലായിലെ മി. മുബശ്ശിർ അഹ്മദ് താരിഖ് എഴുതുന്നു:

"ഖിലാഫത്ത് കമ്മിറ്റിയോഗം നടന്നു കൊണ്ടിരിക്കുകയായിരുന്നു. ഞാൻ പള്ളിയിൽ കിടന്നുറങ്ങിപ്പോയി. തിരഞ്ഞെടുപ്പ് സമാപിച്ചു എന്നും ഖലീഫത്തുൽ മസീഹിനെ തിരഞ്ഞെടുത്തുവെന്നും ഒരു ശബ്ദം സ്വപ്നത്തിൽ ഞാൻ കേൾക്കുന്നു. ആരാണ്? ഞാൻ ചോദിക്കുന്നു. പ്രതികരണം ഞാൻ വ്യക്തമായി കേൾക്കുന്നു.മസ്റൂർ അഹ്മദ്. അതോടെ ഞാൻ ഉണർന്നു.' '

(തുടരും)

ഡോ. മുസഫർ അഹ്മദ്

# ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ.അ)

**സാ**ധാരണജീവിതത്തിൽ വ്യക്തികൾ വളർന്ന് പ്രസ്ഥാനങ്ങളായി പരിണമിക്കാറുണ്ട്. പ്രസ്ഥാനവല്ക്കരിക്കപ്പെട്ട വ്യക്തിത്വങ്ങളാണ് സമൂഹത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സാരഥികൾ. സമൂഹപരിവർത്തനത്തിന്റെ ഘടകം ആൾക്കൂട്ടമല്ല. മറിച്ച്, പ്രസ്ഥാനവൽക്കരിക്കപ്പെട്ട വ്യക്തിത്വങ്ങളാണ്. ഈ പങ്കാളിത്തം വെറുമൊരു പങ്കാളിത്തം മാത്രമാണ് പ്രാരംഭകത്വമല്ല. പ്രാരംഭകത്വം നിർവ്വഹിക്കുന്നത് വലിയ വ്യക്തിത്വങ്ങളും മഹാമനസ്സുള്ളവരുമാണ്.

ചാലകശക്തികളായി പ്രവർത്തിക്കുന്ന ഇത്തരം മഹാമനസ്കരെ രണ്ടായി തരംതിരിക്കാം. ഒന്നാമത്തെ വിഭാഗത്തിലുള്ളവർ അവരുടെ ദാർശനിക പ്രതിഭ കൊണ്ട് സമൂഹത്തെ മാറ്റിമറിക്കാൻ പരിശ്രമിക്കുന്നു. അത്തരംവ്യക്തിത്വമാണ് ശ്രീബുദ്ധന്റേത്. എന്നാൽ, രണ്ടാം വിഭാഗത്തിൽ പെടുന്നവർ അവരുടെ വ്യക്തിപ്രഭാവംകൊണ്ട് പ്രാരംഭകത്വമെടുക്കുകയും, അത് കാണുന്ന ബുദ്ധിജീവികളും പ്രബുദ്ധമതികളും അവരോടൊപ്പം കൂടുകയും ഒരു കൂട്ടായ്മയിലൂടെ സമൂഹമാറ്റത്തിന് പരിശ്രമിക്കുകയും ചെയ്യുന്നു.

എന്നാൽ, ഇവ രണ്ടിലും പെടാതെ വേറിട്ടുനില്ക്കുന്ന വ്യക്തിത്വമാണ് ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ.അ)യുടേത്. താൻ വഴികാട്ടി മാത്രമാണെന്നും, വെറുമൊരു സന്ദേശവാഹകൻ മാത്രമാണെന്നും ഇന്നോളം അവതരിപ്പിക്കപ്പെട്ടിട്ടുള്ള പ്രവാചകമനസ്സുകളെ സമന്വയിപ്പിക്കുക മാത്രമാണ് താൻ ചെയ്യുന്നതെന്നും തന്റേതായി തനിക്കൊന്നും സമ്മാനിക്കാനില്ലെന്നും മുഹമ്മദ്നബി(സ.അ) അറിയിക്കുന്നു. താൻ പറയുന്നത് ജനം കേൾക്കുമോ, അനുസരിക്കുമോ എന്നുപോലും പ്രവാചകൻ സന്ദേഹിക്കുന്നുണ്ട്. ഇവിടെ നാം കേൾക്കുന്നത് വിസ്മയകരമായ പ്രഘോഷണമല്ല മറിച്ച്, സകലജ്ഞനും പരമകാരുണികനുമായ അല്ലാഹുവിന്റെ മനസ്സറിയിക്കാൻ വന്ന വിനീത ദാസന്റെ നിവേദനമാണ്.

മുഹമ്മദ് നബി(സ.അ) അഭ്യസ്ഥവിദ്യനല്ല, ഒരു വേള അക്ഷരജ്ഞാനംപോലും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് 'ഇഖ്റഅ്' എന്ന ദൈവകല്പന ഉണ്ടായപ്പോൾ പേടിച്ചുവിറച്ച് തന്റെ ഭാര്യയുടെ അടുത്തേക്ക് ഓടിപ്പോയത്. അദ്ദേഹത്തിന് ജ്ഞാനവിജ്ഞാനതലങ്ങളിൽ പ്രശസ്തരായ പ്രതിഭകളുമായി ചങ്ങാത്തം പോലുമുണ്ടായിരുന്നില്ല. ഓർക്കാൻ കഴിയുന്നകാലം തൊട്ട് നഷ്ടങ്ങളുടേയും കഷ്ടങ്ങളുടേയും യാതനകളുടേയും സ്വസ്ഥത കുറഞ്ഞ ജീവിതമായിരുന്നു അദ്ദേഹത്തിന്. പ്രായപൂർത്തിയെത്തിയപ്പോൾ സാമൂഹ്യ ഇടപെടലുകളുമായി ബന്ധപ്പെട്ടുവെങ്കിലും ദർശനവും സാഹിത്യവും ചരിത്രവുമൊക്കെ ആവശ്യമില്ലാത്ത കച്ചവട രംഗമാണ് അദ്ദേഹം തിരഞ്ഞെടുത്തത്. അങ്ങനെയാണല്ലോ ഹദ്റത്ത് ഖദീജ(റ)യുമായി പരിചയപ്പെടുന്നത്.

പ്രവാചകത്വത്തോടെയാണ് മുഹമ്മദ് നബി(സ) തിരുമേനിയിൽ അവിശ്വസനീയമായ മാറ്റം ദർശിക്കപ്പെടുന്നത്. അസാധാരണമായ വിവേകവും പക്വതയും അദ്ദേഹം തുടർന്ന് പ്രകടിപ്പിച്ചു. അനുഭവസമ്പത്തും ആജ്ഞാശക്തിയുമുള്ള ഒരു നേതാവിനെപ്പോലെ അദ്ദേഹം മറ്റുള്ളവരെ വഴിനടത്തി. ഈ ലോകത്തെക്കുറിച്ചും പരലോകത്തെക്കുറിച്ചും തെളിഞ്ഞ ഒരു പ്രബോധനം അദ്ദേഹത്തിൽനിന്നുണ്ടായി. സത്യത്തിനും ധർമ്മത്തിനുംവേണ്ടി ഒരു നീതിമാനെപ്പോലെ അദ്ദേഹം ഉറച്ചുനിന്നു. ഒരു നല്ല കുടുംബനാഥനെപ്പോലെ സ്നേഹത്തോടും, വിനയത്തോടുംകൂടി മറ്റുള്ളവരോട് ഇടപെട്ടു. ആദർശമനുസരിച്ച് അനുഷ്ഠാനകർമ്മങ്ങൾ ചെയ്യാൻ മറ്റുള്ളവരെ പഠിപ്പിച്ചു. യഥാർത്ഥത്തിൽ ശൂന്യതയിലാണ് അദ്ദേഹം സമൃദ്ധി അനുഭവിച്ചത്.

താനൊരു മനുഷ്യൻ മാത്രമാണെന്നും ഒരമാനുഷികതയും ദിവ്യത്വവും തന്നിലാരോപിക്കരുതെന്നും അദ്ദേഹം ഇടയ്ക്കിടെ ഓർമ്മിപ്പിച്ചു. ഒരു സാധാരണ പൗരൻ എന്ന നിലയ്ക്ക് പ്രവാചകന്റെ നയസമീപനങ്ങളിൽ പോരായ്മ അനുഭവപ്പെട്ടതായിക്കണ്ട സന്ദർഭങ്ങളിൽ വെളിപാടുകളിലൂടെ അവയെ ചൂണ്ടിക്കാട്ടി തിരുത്തിയതായി വിശുദ്ധഖുർആനിലൂടെ നമുക്ക് മനസ്സിലാക്കാം.

വിശുദ്ധഖുർആൻ വ്യാഖ്യാനിക്കുവാനും വിശദീകരിക്കുവാനും ലോകദൃഷ്ടാന്തങ്ങളുടെ പശ്ചാത്തലത്തിൽ സാധുത ബോധ്യപ്പെടുത്താൻ ചിലപ്പോൾ പ്രവർത്തി മുഖേന ജീവിച്ചു കാട്ടിത്തരുവാനും അല്ലാഹു തിരഞ്ഞെടുത്തത് മുഹമ്മദ് മുസ്തഫ(സ.അ) തിരുമേനിയെ തന്നെയാണ്. അതുമുഖേനയാണ് നബി തിരുമേനി ശ്രേഷ്ഠപ്രവാചകനായി മാറുന്നത്.

ഒരു നല്ല മനുഷ്യന്റെ ഹൃദയത്തിന് മനസ്സിനേക്കാൾ അഗാധതയും വിശാലതയുമുണ്ടാകും. നോവനുഭവിക്കുന്നവരോട് സഹതപിക്കാനും അശരണരോട് അനുതപിക്കുവാനും മിണ്ടാപ്രാണികളോട് ദയ കാണിക്കുവാനും കഴിയുന്നത് അതുകൊണ്ടാണ്. സമസൃഷ്ടികളോട് സ്നേഹവും സമസ്ത സൃഷ്ടിജാലങ്ങളോട് അനുകമ്പയും കാണിക്കാൻ നമ്മെ പഠിപ്പിച്ച പ്രവാചകൻ കാരുണ്യത്തിന്റെ പ്രചാരകനല്ലാതെ മറ്റെന്താണ്. അല്ലാഹുവിന്റെ മുമ്പിൽ പൊറുക്കലിനെ തേടുന്ന നാം പലപ്പോഴും നമ്മെ ആശ്രയിച്ചുകഴിയുന്നവരോട് പൊറുക്കാനും ക്ഷമിക്കാനും തയ്യാറാകുന്നില്ലെങ്കിൽ നമ്മുടെ പൂർവ്വപ്രവർത്തി പരിഹാസ്യമായി പരിണമിക്കുമെന്ന് നാം പലപ്പോഴും ഓർക്കാറില്ല. ഇവിടെയാണ് മുഹമ്മദ് നബി(സ) നമുക്കൊരു മാതൃകാമനുഷ്യനാകുന്നത്.

രാഷ്ട്രത്തിന്റെ സ്ഥാപകനും നായകനുമായ അദ്ദേഹത്തെ മറ്റുള്ളവരിൽനിന്ന് തിരിച്ചറിയാൻ പോലും സാധിച്ചിരുന്നില്ല. ഇരിക്കാൻ സിംഹാസനമോ, ധരിക്കാൻ കിരീടമോ, താമസിക്കാൻ കൊട്ടാരമോ കൂടെ നടക്കാൻ അംഗരക്ഷകരോ അദ്ദേഹത്തിന്നില്ലായിരുന്നു. പ്രതിരോധ പ്രവർത്തനങ്ങളിൽ തന്റെ സൈനികരോടൊപ്പം ഒരു സാധാരണ ജീവനക്കാരനെപ്പോലെയായിരുന്നു അദ്ദേഹം ജോലി ചെയ്തത്.

ആ അസാധാരണ വ്യക്തിത്വം കയ്പ്പും ചവർപ്പും എരിവും മധുരവും കലർന്ന സമൂഹമധ്യത്തിൽതന്നെ ജീവിച്ചു. ഘോരമായ പീഡനങ്ങളിലും ക്രൂരമായ സാഹചര്യങ്ങളിലും സ്ഥിരപ്രജ്ഞനെപ്പോലെ അദ്ദേഹം നിലകൊണ്ടു. വാക്കും പ്രവൃത്തിയും പരസ്പരപൂരകങ്ങളായി ജനമനസ്സുകളിൽ അദ്ദേഹം ജീവിച്ചു. ചരിത്രത്തിലിന്നോളം തുല്യതയില്ലാത്ത വ്യക്തിത്വമായി ഇന്നും നിലകൊള്ളുന്നു. അതുകൊണ്ടാണ് കാർട്ടൂണുകളിലൂടെ അവഹേളിക്കാൻ ഇന്നും ചില കുബുദ്ധികൾക്ക് തോന്നുന്നത്.

ലോകത്തെ ഏറ്റവുമധികം സ്വാധീനിച്ച വ്യക്തികളുടെ പട്ടികയിൽ ഒന്നാമനും നായകനുമായി മൈക്കൾ എച്ച് ഹാർട്ട് തിരഞ്ഞെടുത്തത് മുഹമ്മദ് മുസ്തഫ(സ.അ)യെ ആണ്.

ബ്രിട്ടീഷ് ചരിത്രകാരനും ഉപന്യാസകാരനുമായ തോമസ് കാർലൈൻ തന്റെ പ്രമാദഗ്രന്ഥമായ 'ഓൺ ഹീറോസ് ആന്റ് ഹീറോ വർഷിപ്പ്' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യം ശ്രദ്ധിക്കുക. "വാളുപയോഗിച്ചാണ് മുഹമ്മദ് മതം പ്രചരിപ്പിച്ചതെന്ന് പൊതുവെ ക്രിസ്ത്യാനികളും ജൂതന്മാരും വാദിക്കാറുണ്ട്. മുഹമ്മദിന് അത്ഭുതങ്ങൾ പ്രവർത്തിക്കാനാവില്ല. മുഹമ്മദ് അത് പലപ്പോഴായി വ്യക്തമാക്കി. എനിക്ക് അത്ഭുതങ്ങൾ പ്രവർത്തിക്കാനാവില്ല. ഞാൻ ഈ ആദർശം സർവ്വസൃഷ്ടികളോടും പ്രബോധനം ചെയ്യാൻ നിയുക്തനായ പൊതുപ്രബോധകൻ മാത്രം. എങ്കിലും ഈ ലോകം ആദ്യംതൊട്ടേ ഒരു മഹാത്ഭുതമായിരുന്നു. ഈ ലോകമാകെ ഒന്നുകണ്ണോടിച്ചുനോക്കൂ. ഇത് ദൈവത്തിന്റെ സൃഷ്ടി. നിങ്ങൾ കണ്ണുതുറന്നെങ്കിൽ അത് മുഴുവൻ നിങ്ങൾക്കൊരു അടയാളമാണ്. മുഹമ്മദിനെ ഞാനിഷ്ടപ്പെടുന്നത് നാട്യങ്ങൾ തീരെയില്ലാത്തയാളാണെന്നത് കൊണ്ടാണ്. പ്രകടനമായ അഹന്ത ഇദ്ദേഹത്തിലില്ല. എല്ലാവിധ പേർഷ്യൻ രാജാക്കന്മാരോടും യവന ചക്രവർത്തിമാരോടും അവരെന്ത് ചെയ്യണമെന്ന് വെട്ടിത്തുറന്ന് പറയുന്നു. അറബ് ദേശത്തിന് ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്കുള്ള പിറവിയായിരുന്നു.

മുഹമ്മദിന്റെ താല്പര്യവും ശ്രദ്ധയുമെല്ലാം രാഷ്ട്രീയത്തിനും യുദ്ധത്തിനും മാത്രം അർപ്പിക്കപ്പെട്ടു എന്ന് കരുതുന്നതിൽ ഗൗരവമായ തെറ്റുണ്ട്. അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളുടേയും കേന്ദ്രബിന്ദു തന്റെ സമൂഹത്തെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും അവരെ അച്ചടക്കമുള്ളവരാക്കിത്തീർക്കുകയും ചെയ്യുക എന്നതായിരുന്നു."

John L Espositto Oxford Encyclopedia യുടെ ഡയരക്ടർ ഇങ്ങനെ പറഞ്ഞു: "അസാധാരണമായ ആത്മവിശ്വാസവും കൂറും ജനിപ്പിക്കുന്ന വിശിഷ്ടമായ സ്വഭാവഗുണങ്ങളും വ്യക്തിത്വവുമുള്ള ആളാണ് മുഹമ്മദ്. ജീവിതത്തിന്റെ എല്ലാ വശങ്ങളിലും മാതൃകയ്ക്കും മാർഗ്ഗദർശനത്തിനും മാതൃകയാണ് അദ്ദേഹം. മിത്രങ്ങളോടും ശത്രുക്കളോടും എങ്ങനെ പെരുമാറണം എങ്ങനെ സ്നേഹിക്കണം എങ്ങനെ പൊരുതണം എന്നു തുടങ്ങി എല്ലാ കാര്യങ്ങളും അദ്ദേഹം നമ്മെ പഠിപ്പിച്ചു. മുഹമ്മദായിരുന്നില്ല ഇസ്ലാമിന്റെ സ്ഥാപകൻ. അദ്ദേഹം ഒരു പുതിയ മതം തുടങ്ങുകയുണ്ടായില്ല. ഒരു പുതിയ ദൈവത്തിൽനിന്ന് ഒരു പുതിയ സന്ദേശവുമായിട്ടാണ് താൻ വന്നിരിക്കുന്നത് എന്നല്ല അദ്ദേഹം പറഞ്ഞത്. മറിച്ച്, യഥാർത്ഥ ദൈവത്തിലേക്കും തന്റെ സമകാലികർക്ക് കൈമോശം വരികയും മറക്കുകയും ചെയ്ത ജീവിതവ്യവസ്ഥയിലേക്കും അവരെ തിരിച്ചുവിളിക്കുകയാണ് അദ്ദേഹം ചെയ്തത്."

അമുസ്ലിംകളിൽ അധികപേരുടേയും വീക്ഷണത്തിൽ ക്രിസ്തുവും ശ്രീബുദ്ധനുമാണ് പൂർണതയെ പ്രതിനിധീകരിക്കുന്നത്. വിവേകാനന്ദൻ മുന്നോട്ടുവച്ച തത്വത്തിലും ഇത് പ്രതിഫലിച്ചുകാണാം. പ്രവാചകന്മാർ രണ്ടുതരക്കാരാണ്. ഒന്ന് പരലോകത്തെ മാത്രം പ്രതിനിധീകരിക്കുന്നവർ മറ്റേത് അതോടൊപ്പം ദൈവികമായ ധ്യാനത്തേയും മാനുഷികമായ നിർമ്മാണാത്മകതയേയും പ്രതിനിധീകരിക്കുന്നവർ. എന്നാൽ, മുഹമ്മദ് നബി(സ.അ)യുടെ ജീവിതത്തെ പരിചയപ്പെടുമ്പോൾ പല ഗുണങ്ങൾ മുന്തിനില്ക്കുന്നതായി നമുക്ക് കാണാം. അതിലൊന്നാണ് ഭക്തി. പൂർണ്ണഹൃദയത്തോടെയുള്ള ബന്ധവും അദൃശ്യത്തെക്കുറിച്ചുള്ള ബോധവും നിരുപാധിക സമർപ്പണവുമാണ് ഭക്തികൊണ്ട് ഉദ്ദേശിക്കുന്നത്. അദ്ദേഹത്തിന്റെ ജീവി

തത്തിൽ യുദ്ധങ്ങളുണ്ടായിരുന്നു. ആ യുദ്ധങ്ങളെല്ലാം അക്രമത്തിൽനിന്ന് വേർപ്പെടുത്തപ്പെട്ടവയാണ്. ഭക്തിയെക്കുറിച്ച് പറയുമ്പോൾ ദാരിദ്ര്യത്തോടും വ്രതത്തോടും ജാഗ്രതയോടും അതിനുള്ള താല്പര്യം ശ്രദ്ധിക്കേണ്ടതാണ്. മുഹമ്മദ് നബി(സ)ക്കെതിരെ ഉന്നയിക്കുന്ന മറ്റൊരു ആരോപണം കാർക്കശ്യമാണ്. എന്നാൽ, അത്തരം കാർക്കശ്യം ശത്രുക്കൾക്കെതിരെയല്ല അദ്ദേഹം പ്രകടിപ്പിച്ചത് മറിച്ച് വഞ്ചകർക്കെതിരെയാണ്. മുഹമ്മദ് നബിയിൽ പ്രതികാരപ്രകൃതി ആരോപിക്കുന്നവർ അദ്ദേഹത്തിന്റെ ആത്മീയാവസ്ഥയെക്കുറിച്ച് തെറ്റിദ്ധാരണ പുലർത്തുന്നവരാണ്. മക്കാവിജയഘട്ടത്തിൽ സൈന്യത്തിന്റെ പൊതുവികാരത്തിന്നെതിരായി അല്ലാഹുവിന്റെ ദൂതൻ അതിമാനുഷികമായ ദയ കാണിക്കുന്നത് ഒരുത്തമ ദൃഷ്ടാന്തമാണ്. പ്രവാചക ദൗത്യനിർവ്വഹണത്തിന്റെ തുടക്കത്തിൽ വേദനാജനകങ്ങളായ അവ്യക്തതകളും അനിശ്ചിതത്വങ്ങളുമുണ്ടായിരുന്നു. നബിയുടെമേൽ ചുമത്തപ്പെട്ട ദൗത്യം താനൊരിക്കലും സംശയിച്ചിട്ടില്ലാത്ത തന്റെ മാനുഷിക പ്രതിഭയിൽനിന്ന് ഉയർന്നുവന്നതല്ല മറിച്ച്, ദൈവിക നിയോഗമായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു.

തന്റെ വൈയക്തികവും സാമൂഹികവുമായ ധർമ്മങ്ങൾ പരിഗണിക്കുമ്പോൾ നബിതിരുമേനി(സ) മനുഷ്യമാതൃകയാകുന്നു.

അടിസ്ഥാനപരമായി, അദ്ദേഹം സമതുലിതാവസ്ഥയും വിലയനവുമാണ്. മനുഷ്യനുമായി ബന്ധപ്പെടുത്തുമ്പോൾ സമതുലിതാവസ്ഥയും ദൈവവുമായി ബന്ധപ്പെടുത്തുമ്പോൾ വിലയനവും. സത്യത്തിന്റേയും സൗന്ദര്യത്തിന്റേയും ശക്തിയുടേയും ആവിഷ്ക്കാരമാണ് ഇസ്‌ലാം എങ്കിൽ ഇവ മൂന്നും നമുക്ക് മുഹമ്മദ് നബി(സ.അ)യിലും കാണാം. ശാന്തി, ഔദാര്യം, ശക്തി എന്നിവയുടെ മൂർത്തീകരണമാണ് അദ്ദേഹം. ആവശ്യം വരുമ്പോൾ യുദ്ധോത്സുകമാകുന്ന ആത്മാവിലും ലോകത്തിലുമുള്ള ദൈവികസത്യത്തിന്റെ ദൃഢബോധ്യമാണ് ശക്തി. ഇവിടെയാണ് രണ്ടുതരം വിശുദ്ധയുദ്ധങ്ങൾക്കിടയിൽ ഇസ്‌ലാമിൽ നിർണ്ണയിക്കപ്പെട്ട അതിരുകടക്കുന്നത്. ഉദാരത ശക്തിയുടെ അക്രമോത്സുക ഭാവത്തിന്റെ കുറവ് നികത്തുന്നു. അത് അനുകമ്പയും വിട്ടുവീഴ്ചയുമാണ്. ശക്തിയുടേയും ഉദാരതയുടേയും പരസ്പരപൂരകമായ ഗുണങ്ങൾ പരകോടിയിലെത്തുന്നത് മൂന്നാമതൊരു ഗുണമായ പ്രശാന്തിയിലാണ്. അതാകട്ടെ ലൗകിക കാര്യങ്ങളിൽനിന്നും അഹംഭാവത്തിൽനിന്നുമുള്ള മുക്തിയാണ്. പ്രവാചക അനുകരണം സൂചിപ്പിക്കുന്നത് ഒന്നാമതായി തന്റെ കാര്യത്തിൽ ശക്തിയും അന്യരെ പരിഗണിക്കുമ്പോൾ ഔദാര്യവും മൂന്നാമതായി ദൈവത്തിലും ദൈവഭക്തിയിലൂടെയുള്ള പ്രശാന്തതയുമാണ്. ഇത്തരമൊരു അനുകരണം സൂചിപ്പിക്കുന്നത് ഒന്നാമതായി ലൗകിക ബന്ധങ്ങളിലുള്ള സംയമനമാണ്. രണ്ടാമത് നമുക്കുള്ളിൽ നമ്മുടെ അസ്ഥിത്വത്തിലുള്ള മഹാമനസ്കതയും മൂന്നാമതായി ദൈവത്തിലുള്ള സത്യസന്ധതയുമാണ്. കുറച്ചുകൂടി ക്രമപ്പെടുത്തിപ്പറയുകയാണെങ്കിൽ ദൈവികത്വത്തിലേക്ക് വിന്യസിക്കപ്പെട്ട മനുഷ്യരൂപമാണ് മുഹമ്മദ് (സ) എന്നു പറയാം.

മുഹമ്മദ് നബി(സ.അ) എന്ന പ്രതിഭാസത്തെ ഇങ്ങനെയും വിശദീകരിക്കാം. പ്രവാചകാത്മാവ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത് മഹാമനസ്കതയും പ്രശാന്തതയും കൊണ്ടാണ്. മഹാമനസ്കത, ശക്തിയും ഔദാര്യവും ഉൾക്കൊണ്ടതാണ്. നിദ്രയോടും ഭക്ഷണത്തോടും നബിയുടെ സമീപനം നിർണ്ണയിക്കപ്പെട്ടത് സംയമനത്താലാണ്. സ്ത്രീയോടുള്ള സമീപനമാകട്ടെ ഔദാര്യത്തിലാണ്.

ചുരുക്കത്തിൽ പ്രവാചകനെക്കുറിച്ചുള്ള ഇസ്‌ലാമിക പരികല്പന ബൗദ്ധ ക്രൈസ്തവ സങ്കല്പത്തിൽ നിന്ന് എത്രയോ മഹത്തരമാണ്. മാനുഷിക നിസ്സാരതയേയും ദൈവിക നിഗൂഢതയേയും സമന്വയിപ്പിക്കുന്ന ഒരു ഉദ്ഗ്രഥനമാണ് മുഹമ്മദ് നബി(സ). വൈരുദ്ധ്യങ്ങളുടെ അനുരഞ്ജനം എന്നത് ഇസ്‌ലാമിന്റെ മാത്രം ഗുണമാണ്. ●

*പേജ് 5-ൽനിന്ന്*

രെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആകയാൽ നോമ്പുകാലത്ത് ഭക്ഷണപേയാദികളെ സംബന്ധിച്ച ചിന്തകളിൽനിന്നു വിരമിക്കുകയും ആവക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധയെല്ലാം ദൈവത്തിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെ കുറിച്ചു ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നുവേണം പറയുവാൻ. ഭക്ഷണം കഴിക്കുന്നതുമൂലം ശരീരത്തിന് ബലവും ഓജസ്സും നിലനിൽക്കുന്നമാതിരി ആത്മീയാഹാരംമൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്ക് ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടേയും വാതിൽ ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്ക് അവങ്കൽനിന്നുതന്നെ സഹായം തേടേണ്ടതാണ്. (*റൂഹാനീ ഖസാഇൻ*)

ലേഖനം

എ.ക്യു. മഹ്ദി

ഈജിപ്ഷ്യൻ സഞ്ചാരരേഖകൾ– 2

# 'നൈൽനദിയും, കെയ്റോയിലെ പുരാതന മ്യൂസിയവും'

'ഈജിപ്തിന്റെ അനുഗ്രഹം' എന്നു ചരിത്രകാരന്മാർ വിശേഷിപ്പിച്ച നദിയാണ്, ഒരു മഹാനദിയായ നൈൽ. ലോകത്തിലെ ഏറ്റവും നീളംകൂടിയ നദികളിൽ ഒന്നത്രെ ഇത്. എത്യോപ്യയിലെ താന തടാകത്തിൽനിന്നും ഉത്ഭവിക്കുന്ന ബ്ലൂനൈലും, ടാൻസാനിയായിലെ വിക്ടോറിയ തടാകത്തിൽനിന്നു രൂപംകൊള്ളുന്ന വൈറ്റ്നൈലും വടക്കോട്ടൊഴുകി സുഡാന്റെ തലസ്ഥാനമായ ഖാർത്തൂമിൽ വച്ച് സന്ധിച്ച് ഒറ്റനദിയായി സുഡാനിലൂടെയും, ഈജിപ്റ്റിലൂടെയും ഒഴുകി കെയ്റോ നഗരത്തിനു സമീപംവച്ച് മധ്യധരണ്യാഴിയിൽ പതിക്കുമ്പോഴാണ് 'നൈൽ' പൂർണ്ണമാകുന്നത്. ഈ വൻനദിയുടെ നീളം കേട്ടാൽ അമ്പരന്നുപോകും, 6695 കി.മീറ്റർ. ശരാശരി വീതിയാകട്ടെ 20 കി.മീറ്ററും. നൈലിന്റെ വൃഷ്ടിപ്രദേശം, 34 ലക്ഷം ചതുരശ്രകിലോമീറ്റർ വിസ്തൃതിയിൽ സുഡാൻ, ബറുൺഡി, റുവാൻഡ, കോംഗോ, ടാൻസാനിയ, കെനിയ, യുഗാൻഡ, എത്യോപ്യ പിന്നെ ഈജിപ്റ്റിലുമായി പരന്നുകിടക്കുന്നു. മഴക്കാടുകളിലൂടെയും മലയടിവാരങ്ങളിലൂടെയും ഒഴുകുന്ന നൈൽ, വളരെ വലിയൊരു ദൂരം പൂർണ്ണമായും മരുഭൂമിയിലൂടെ പിന്നിട്ട് കെയ്റോയിൽവെച്ച് പലതായി പിരിഞ്ഞ്, കടലിൽ പതിക്കുന്നു.

പുരാതന ഈജിപ്റ്റുകാർ 'ഇതേരു' (Iteru) എന്നാണ് നൈലിനെ വിളിച്ചിരുന്നത്. മഹാനദിയെന്നർത്ഥം. ഗ്രീക്കുകാരാണ് നദീതടം എന്നർത്ഥത്തിൽ നെയ്ലോസ് (Neilos) എന്ന് ഈ മേഖലയെ വിശേഷിപ്പിച്ചത്. നെയ്ലോസ് ആണ് പിന്നീട് നൈലായി മാറിയത്. നൈലിനെ ഈജിപ്റ്റിന്റെ വരദാനം എന്നു വിശേഷിപ്പിച്ചതും ഒരു ഗ്രീക്കുകാരൻതന്നെ; ചരിത്രകാരനായ ഹെറോഡോട്ടസ്.

വേനലിൽ വെള്ളപ്പൊക്കമുണ്ടാകുന്ന നദിയാണ് നൈൽ. ഈ വെള്ളപ്പൊക്കം സഹസ്രാബ്ദങ്ങളായി മരുഭൂമിയിൽ കഴിയുന്ന മനുഷ്യർക്ക് അനുഗ്രഹമാണുതാനും. വെള്ളമിറങ്ങുമ്പോൾ മണ്ണ് ഫലഭൂയിഷ്ഠമാകും. അടുത്ത സീസൺവരെയുള്ള കൃഷിക്ക് ഇത് ധാരാളം. ചുട്ടുപഴുക്കുന്ന സഹാറ മരുഭൂമിയുടെ വരമ്പുകളെപ്പോലും ആർദ്രമാക്കാനുള്ള കഴിവുണ്ട് നൈലിന്. പണ്ടുകാലം മുതല്ക്കേ ഭരണാധികാരികൾ ഈ വെള്ളപ്പൊക്കം തങ്ങൾക്കു ഗുണപ്രദമായ നിലയിൽ ഉപയുക്തമാക്കാൻ ശ്രമങ്ങൾ നടത്തിയിരുന്നു. കനാലുകൾ വെട്ടിയും, തടം കെട്ടിയും അവർ നൈലിന്റെ അനുഗ്രഹത്തെ പങ്കുവയ്ക്കുന്നു. ആധുനിക ഈജിപ്റ്റിൽ നൈലിൽ നടന്ന ശ്രദ്ധേയമായ നിർമ്മാണ പ്രവർത്തനമാണ് അസ്വാൻ അണക്കെട്ട്. ഈജിപ്റ്റിന്റെ ആദ്യകാല പ്രസിഡന്റ് നാസറിന്റെ കാലത്താണ് അണക്കെട്ട് ഉയർത്തപ്പെട്ടത്. അണക്കെട്ടിലൂടെ സൃഷ്ടിക്കപ്പെട്ട ജലാശയത്തിന് നാസർ തടാകം (Lake Nasser) എന്നാണ് പേര്.

ഈജിപ്തിന്റെ മൊത്തം വിസ്തൃതിയുടെ 90 ശതമാനത്തിലധികം ഭാഗം സഹാറ മരുഭൂമിയാണ്. സഹാറ ഉൾപ്പെടെ മൊത്തം കരഭൂമിയുടെ 95%വും വരണ്ട പരുക്കൻ പ്രദേശമാണ്. മനുഷ്യവാസം കേവലം 5% സ്ഥലത്തുമാത്രമാണെന്നോർക്കുക. രാജ്യത്തെ 99% ജനം താമസിക്കുന്നത് നൈലിന്റെ തടങ്ങളിലാണ്. അത് നൈൽ നദിക്കരകളിൽ മാത്രമാണെന്നറിയുമ്പോൾ ആ ഭാഗത്തെ ജനസാന്ദ്രത എത്രയെന്നു ഊഹിക്കാൻ കഴിയും.

അല്പം രസകരമായി പറഞ്ഞാൽ, നൈലിനെ ഈജിപ്തിൽനിന്നും കിഴിച്ചാൽ സഹാറ മരുഭൂമി കിട്ടും. നൈലും ഈജിപ്തും രണ്ടല്ലെന്നു പറയുന്നതിനു കാരണവും ഇതുതന്നെ.

ആഫ്രിക്കൻ വൻകരയിലാണ് സ്ഥാനമെങ്കിലും ആഫ്രിക്കയുടെ സാമാന്യസ്വഭാവത്തിൽനിന്ന് ഏറെ അകലെയാണ് ഈജിപ്ത്. 99% ജനത്തിനും അറബ് പൈതൃകമാണ്. സംസ്കാരവും ജീവിതശൈലിയുമൊക്കെ അറബ് പാരമ്പര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഈജിപ്തിലൂടെ മാത്രം 1536 കി.മീറ്റർ നീളത്തിലാണ് നൈൽ ഒഴുകുന്നത്. അയ്യായിരം വർഷങ്ങളായി ഈ നദി മനുഷ്യാധിവാസത്തെ അസാധാരണമാംവിധം സഹായിച്ചുവരുന്നു.

ഈജിപ്തിന്റെ തെക്കേയറ്റത്ത്, നൈൽ നദിക്കരയിലാണ് തലസ്ഥാനമായ കെയ്റോ.

ഈജിപ്തിലെ അറബി വംശജരുടെ നിറം വെളുപ്പാണെങ്കിലും തെക്കോട്ടു പോകുന്തോറും അത് ഇരുണ്ടതോ കറുപ്പോ ആയിത്തീരുന്നു. ഈജിപ്തിന്റെ വടക്കേയറ്റത്തുനിന്നും തെക്കേയറ്റംവരെ യാത്ര ചെയ്തപ്പോൾ എനിക്കിത് മനസ്സിലാക്കുവാൻ കഴിഞ്ഞു. നിറം

മാറുന്നതോടൊപ്പം ഇരുനിറക്കാർക്ക് നീഗ്രോകളുടെ മാതിരി ചുരുളൻ മുടിയും ഞാൻ കണ്ടു. ഈ ശാരീരിക മാറ്റങ്ങൾ ആഫ്രിക്കയുടെ വർഗ്ഗപരമായ സ്വാധീനത്തിന്റെ ഫലമായുണ്ടാകുന്നതാവാം.

വളരെ പരുക്കൻ കാലാവസ്ഥയുള്ള ഒരു രാജ്യമാണ് ഈജിപ്ത്. തണുപ്പുകാലം കേവലം മൂന്നുമാസമാണെങ്കിലും അപ്പോൾ കടുത്ത ശൈത്യമാണ്. ഈജ്പിതിൽ ശൈത്യം ആരംഭിക്കുന്ന കാലത്താണ് ഞാനവിടെ സന്ദർശനം നടത്തിയത്.

ശൈത്യം കഴിഞ്ഞാൽ 9 മാസവും ചൂടുള്ള വരണ്ട സമയമാണ്. മഴ അപൂർവ്വമായി മാത്രം അനുഗ്രഹിക്കുന്ന ഈ പ്രദേശത്തെ ചൂട് ഉഷ്ണകാലങ്ങളിൽ 50 ഡിഗ്രിവരെയായി ഉയരാറുണ്ട്.

ലോകത്തെ ഏറ്റവും സമ്പന്നമായ പൗരാണിക ചരിത്രമാണ് ഈജിപ്തിന്റേതെന്നു പറഞ്ഞുവല്ലോ. ചെറിയൊരു താരതമ്യപഠനം നടത്തിയാൽ, കേരളത്തിന്റെ 500 കൊല്ലങ്ങൾക്കപ്പുറത്തെ ചരിത്രംപോലും ഐതിഹ്യങ്ങളുടെ പുകമറയിലൂടെ മാത്രമേ നമുക്ക് കാണാൻ കഴിയൂ. എന്നാൽ, അഞ്ഞൂറല്ല, അയ്യായിരം കൊല്ലങ്ങൾക്കു മുമ്പുള്ള പ്രാചീന ഈജിപ്ഷ്യൻ ജനതയുടെ ചരിത്രം മാത്രമല്ല, അക്കാലത്തെ ആളുകൾ പെരുമാറിയിരുന്ന സാധാരണവസ്തുക്കൾപോലും നമുക്കറിയാനും കാണാനും തൊടാനും കഴിയുമാറ് അവർ 21-ാം നൂറ്റാണ്ടിനെ നമുക്ക് നല്കിയിരിക്കുന്നു. അത്രയേറെ മഹത്തരമായ ഒരു സംസ്കാരമായിരുന്നു പുരാതന ഈജിപ്ഷ്യന്മാരുടേത്. കൂറ്റൻ പിരമിഡുകളും ശിലാക്ഷേത്രങ്ങളും ശവക്കല്ലറകളും സ്തൂപങ്ങളും മാത്രമല്ല, സഹസ്രാബ്ദങ്ങൾക്കപ്പുറത്തെ ദൈനംദിന ജീവിതരംഗങ്ങൾപോലും ചുവരുകളിൽ പകർത്തി അവർ നമുക്ക് കാഴ്ചവച്ചിരിക്കുന്നു. അയ്യായിരം വർഷം മുമ്പേ ജീവിച്ചിരുന്ന ഒരു മനുഷ്യന്റെ ഭൗതികശരീരംപോലും മമ്മിയുടെ രൂപത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കയാണ്. മൃതദേഹങ്ങൾ ഔഷധപ്രയോഗംകൊണ്ട് മമ്മികളാക്കി സഹസ്രാബ്ദങ്ങൾ കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കാനുതകുന്ന തരത്തിലുള്ള അവരുടെ ഉന്നതമായ സാങ്കേതികവിദ്യ ഇന്നത്തെ ആധുനിക ശാസ്ത്രജ്ഞന്മാരെപോലും അത്ഭുതപ്പെടുത്തുന്നു.

കെയ്റോയിലെ ഞങ്ങളുടെ ആദ്യത്തെരാത്രി പിന്നിട്ടു. തണുപ്പ് അധികമായിരുന്നെങ്കിലും ഉറക്കം സുഖകരമായിരുന്നു. പിറ്റേന്ന് രാവിലെ ബ്രേക്ഫാസ്റ്റിനുശേഷം ഞങ്ങൾ അലക്സാണ്ട്രിയയിലേക്ക് പുറപ്പെട്ടു.

കെയ്റോ നൈൽ നദീതീരത്താണെങ്കിൽ ഈജിപ്തിലെ രണ്ടാമത്തെ നഗരമായ അലക്സാണ്ട്രിയ കടൽത്തീരത്താണ്. കെയ്റോ താരതമ്യേന പുതിയ നഗരമാണ്, അലക്സാണ്ട്രിയ ആകട്ടെ വളരെ പുരാതനമായ ഒരു നഗരവും. ഇന്നേയ്ക്ക് 2300 വർഷങ്ങൾക്കു മുമ്പേ ബി.സി. 332-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി സ്ഥാപിച്ചതാണ് ഈ നഗരം.

ട്രാവൽ കമ്പനി ഏർപ്പാടു ചെയ്ത ഒരു ഹൈടെക് ഏ.സി. കോച്ചിലായിരുന്നു ഞങ്ങളുടെ യാത്ര.

ഈ യാത്രയിൽ ഇന്ത്യയിൽനിന്നും ഒട്ടാകെ ഞങ്ങൾ 30 പേരുണ്ടായിരുന്നു. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ളവർ, വ്യത്യസ്ത ഭാഷ സംസാരിക്കുന്നവർ. അധികവും ബോംബെ, ഡൽഹി ഭാഗങ്ങളിൽ നിന്നുള്ളവരായിരുന്നു. മദിരാശിയിൽനിന്നും കയറിയ മറ്റൊരു മലയാളി കുടുംബവുമുണ്ടായിരുന്നു; മിസ്റ്റർ ഫ്രാൻസിസ് നെറ്റിക്കാടനും ഭാര്യയും. എറണാകുളം നിവാസികളായ അവർ ഞങ്ങൾക്ക് വളരെ നല്ല ഒരു കൂട്ടായിരുന്നു. യാത്രയിലെ ഓരോ നിമിഷവും സ്നേഹസമ്പന്നരായ അയൽക്കാരെപ്പോലെ അവർ പെരുമാറി. ഈ യാത്രയിലുടനീളം ചുരുങ്ങിയത് പരസ്പരം മാതൃഭാഷയിൽ സംസാരിക്കാനെങ്കിലും അവസരമുണ്ടായത് ഫ്രാൻസിസ് കുടുംബം ഒപ്പം ഉണ്ടായിരുന്നതുകൊണ്ടുമാത്രമാണ്.

കെയ്റോ കഴിഞ്ഞാൽ ഈ രാജ്യത്തെ ഏറ്റവും വലിയ പട്ടണവും അലക്സാണ്ട്രിയയാണ്. വിശ്വസുന്ദരി ക്ലിയോപാട്രയുടെ ജന്മസ്ഥലവും ഇതത്രെ.

കെയ്റോയിൽനിന്ന് മൂന്നു മണിക്കൂർ വഴിദൂരമുണ്ട് അലക്സാണ്ട്രിയയ്ക്ക്. ഈ യാത്ര അതീവ രസകരമായിരുന്നു. കെയ്റോ നഗരാതിർത്തി പിന്നിട്ടാൽ, ഇടയ്ക്കിടെ ചെറിയ ചെറിയ ഗ്രാമങ്ങളും, അനന്തദൂരത്തിൽ പരന്നുകിടക്കുന്ന പരുക്കൻ മരുഭൂമിയുമാണ്. ഈ മണൽക്കാടിനു നടുവിലെ വിശാലമായ ഹൈവേയിലൂടെ ആയിരുന്നു ബസ്സ് യാത്ര.

ആഫ്രിക്കൻ രാജ്യങ്ങളിൽ ഏറ്റവും ദൈർഘ്യമേറിയ സമുദ്രതീരത്തുള്ള ഒരു പട്ടണമാണ് അലക്സാണ്ട്രിയ. പട്ടണത്തിന്റെ ഒരറ്റത്തുനിന്നും കടൽത്തീരത്തുകൂടി നീണ്ടുകിടക്കുന്ന റോഡിലൂടെ 25 കി.മീറ്റർ ദൂരം സഞ്ചരിച്ചാലും പിന്നേയും ഭംഗിയുള്ള ബീച്ച് ബാക്കി കിടക്കുന്നുണ്ടാകും. റോഡിന്റെ ഒരുവശത്താണ് സമുദ്രമെങ്കിൽ മറുഭാഗത്ത് ആധുനികനഗരം തലയുയർത്തിനില്ക്കുന്നു. എത്രയെത്ര ബഹുനില കെട്ടിടങ്ങളാണ്, അവയുടെ നീണ്ടനിര കാണാദൂരം വരെ വ്യാപിച്ചു കിടക്കുന്നുണ്ട്.

ഈജിപ്തിലെ ഏറ്റവും വലിയ മ്യൂസിയം കെയ്റോവിലാണെങ്കിൽ, ഏറ്റവും പുരാതനമ്യൂസിയങ്ങളൊക്കെയും അലക്സാണ്ട്രിയയിലാണ്. അലക്സാണ്ട്രിയായിലെ പ്രധാന മ്യൂസിയത്തിൽ ഫെറവോമാരുടെ നിരവധി ശിലാപ്രതിമകൾ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. പൊതിഞ്ഞുവച്ച മമ്മികളും ഇവിടത്തെ പ്രദർശനവസ്തുക്കളിൽ പ്രധാനയിനമാണ്.

അലക്സാണ്ട്രിയയിൽനിന്നും കെയ്റോയിലേക്കുള്ള മടക്കയാത്ര ഗീസ വഴിയാണ്. ഇവിടെയാണ് ലോകത്തെ ഏറ്റവും വലിയ മൂന്നു പിരമിഡുകൾ സ്ഥിതിചെയ്യുന്നത്. ഞങ്ങൾ ഗീസയിലെത്തിയത് രാത്രി 7 മണിക്കാണ്. പിരമിഡുകളുമായി ബന്ധപ്പെട്ട ഒരു ലൈറ്റ് ആന്റ് സൗണ്ട് ഷോ കാണാൻ ഞങ്ങൾക്ക

വസരം ഒരുക്കിയിരുന്നു. ഭീമാകാര രൂപത്തിൽ അടുത്തടുത്തായി സ്ഥിതിചെയ്യുന്ന ലോകമഹാത്ഭുതങ്ങളിലൊന്നായ ഈ കൂറ്റൻ ശിലാകുടീരങ്ങളുടെ ഒരു വശത്ത് അതിശക്തമായ സർച്ച്ലൈറ്റുകൾ ഉറപ്പിച്ച്, തൊട്ടരികിൽ തന്നെയുള്ള പിരമിഡിന്റെ നിർധാരണ കാലത്തുള്ള ഒരു പടുകൂറ്റൻ കരിങ്കൽഭിത്തിയിൽ Light and Sound Show ഒരുക്കിയിരിക്കുന്നു. ഈ സ്ക്രീനിൽ അത്യാധുനിക സിനിപ്രൊജക്ടറിന്റെ സഹായത്തോടെയുള്ള ഒരു ലേസർ ഷോ ആണ് തയ്യാറാക്കിയിരിക്കുന്നത്. പുരാതന ഈജിപ്തിന്റേയും പിരമിഡുകളുടേയും ചരിത്രകഥ ഇതിലൂടെ അനാവരണം ചെയ്യപ്പെടുന്നു. ഈ പ്രദർശനം അത്യന്തം രസാവഹവും വിജ്ഞാനപ്രദവുമായിരുന്നു. മിന്നിമായുന്ന വിവിധ നിറങ്ങളിലുള്ള ലേസർ ലൈറ്റുകളുടെ ജ്വലിക്കുന്ന പ്രകാശധാരയിൽ ഈ മൂന്ന് കൂറ്റൻ സ്മാരകങ്ങളും ഒരു നിഴൽചിത്രത്തിലെന്നപോലെ കാണുക ഒരസാധാരണ അനുഭവംതന്നെ.

ഈ ഷോ കണ്ടുകൊണ്ടിരുന്നപ്പോൾ, പുരാതന ഈജിപ്റ്റിന്റേയും, അന്നത്തെ ഭരണാധികാരികളായ ഫെറവോമാരുടെ ചരിത്രത്തെപ്പറ്റിയും സുഖലോലുപ ജീവിതത്തെക്കുറിച്ചും മരണാന്തരജീവിതത്തിലേക്ക് സുരക്ഷിതത്വം തേടി മൃതദേഹങ്ങൾ സൂക്ഷിച്ചുവയ്ക്കാനായി അവർ നിർമ്മിച്ചുവച്ച ഭീമൻ ശവക്കല്ലറകളെപ്പറ്റിയുമൊക്കെ വ്യക്തമായ ഒരു ചിത്രം ലഭിച്ചു. കനത്ത കരിങ്കൽഭിത്തിയാണ് വേദിയെങ്കിൽ, വിശാലമായ ഒരു തുറന്ന സ്ഥലത്താണ് ആയിരക്കണക്കിന് കസേരകളിട്ട് കാണികൾക്കിരിക്കാൻ സൗകര്യം ഒരുക്കിയിരുന്നത്. കാഴ്ചക്കാരിൽ 99%വും വെള്ളക്കാർതന്നെ. മുകളിൽ നക്ഷത്രങ്ങൾ തിളങ്ങിനില്ക്കുന്ന മേലാപ്പില്ലാത്ത ആ തുറന്ന സ്ഥലത്ത് വല്ലാത്ത തണുപ്പനുഭവപ്പെട്ടു. ആകാശത്തിന്റെ ശൂന്യതയിൽനിന്നും ശങ്കയില്ലാതെ ഇറങ്ങിവന്നതായിരിക്കണം ഈ കടുത്ത ശൈത്യമെന്നു തോന്നിപ്പോയി. രാവിലെ പുറപ്പെട്ടപ്പോൾ സ്വെറ്ററും ജായ്ക്കറ്റും കൈയിലെടുക്കാത്തത് കഷ്ടമായിപ്പോയി എന്നു മനസ്സിലായി.

കുളിർന്നു വിറച്ചാണ് പെട്ടെന്ന് ഓടി ബസ്സിൽ കയറിയത്. പുറത്ത് നിരവധി ബസ്സുകൾ സന്ദർശകരെ തിരികെ കൊണ്ടുപോകാൻ കാത്തുകിടപ്പുണ്ടായിരുന്നു. ബസ്സ് ഞങ്ങളേയുംകൊണ്ട് ഹോട്ടലിലേക്കു നീങ്ങി. പിരമിഡുകൾ ശരിക്കും പകൽവെളിച്ചത്തിൽ ഒരുദിവസം മുഴുവൻ നടന്നുകാണാനുള്ള അവസരം കെയ്റോ മ്യൂസിയം സന്ദർശനത്തോടൊപ്പം പിറ്റേദിവസത്തേയ്ക്കാണ് നിശ്ചയിച്ചിരുന്നത്.

നഗരഹൃദയത്തിലാണ് കെയ്റോ മ്യൂസിയം. വളരെ ഉയർന്ന സുരക്ഷാസംവിധാനങ്ങളാണ് ഇവിടെ ഏർപ്പെടുത്തിക്കണ്ടത്. ഉള്ളിൽ പ്രവേശിപ്പിക്കുന്നവരെ പരിപൂർണ്ണ ദേഹപരിശോധനയ്ക്ക് വിധേയമാക്കുന്നു. എക്സ്റേ മെഷിനിലൂടെ കണ്ടെത്തിയ ചെറിയൊരു പേനാക്കത്തിപോലും അവർ വാങ്ങി, അതിന് രസീത് നല്കിയപ്പോൾ ശരിക്കും അമ്പരന്നു. ഞങ്ങളുടെ ക്യാമറയും, ക്യാമറാ സംവിധാനമുള്ള മൊബൈൽ ഫോൺപോലും ക്ലോക്ക്റൂമിൽ വാങ്ങിവച്ച്, അതിനും ശീട്ട് നല്കപ്പെട്ടു.

മ്യൂസിയത്തിനകത്ത് ഫോട്ടോഗ്രാഫി നിരോധിച്ചിരിക്കയാണ്. അസാധാരണ കൗതുകത്തോടെ, അത്ഭുതത്തോടെ ആ വലിയ പുരാതന മ്യൂസിയത്തിനകം ഞങ്ങൾ ചുറ്റിനടന്നുകണ്ടു. ഓരോ ഹാളിലും പ്രദർശിപ്പിച്ചിരുന്ന അമൂല്യവസ്തുക്കളുടെ സുരക്ഷയ്ക്കായി യന്ത്രത്തോക്കുമായി സെക്യൂരിറ്റിഗാർഡുകൾ കറങ്ങി നടക്കുന്നു. പർദ്ദ ധരിച്ച ചില അറബിപെൺകുട്ടികളും വനിതാഗാർഡുകളായി ഹാളിൽ ഡ്യൂട്ടി നോക്കുന്നുണ്ടായിരുന്നു. പ്രധാനമായും സന്ദർശകർ രഹസ്യമായി ഫോട്ടോ എടുക്കുന്നുണ്ടോ എന്നത് ശ്രദ്ധിക്കാനായി നിയോഗിക്കപ്പെട്ടവരാണ് ആ വനിതാഗാർഡുകൾ. ഫോട്ടോഗ്രാഫി നിരോധിച്ചിട്ടില്ലാത്ത ചില പുരാതന മ്യൂസിയങ്ങളുമുണ്ട് കെയ്റോയിൽ. എന്നാൽ, അവിടെ ഫ്ളാഷ് പ്രവർത്തിപ്പിക്കാൻ പാടില്ല. ഫ്ളാഷിന്റെ രൂക്ഷവെളിച്ചം പുരാവസ്തുക്കൾക്ക് കേടുവരുത്താതിരിക്കാനാണത്രെ ഇത്.

വലുതും ചെറുതുമായി ഒരു ലക്ഷത്തിലധികം പുരാവസ്തുക്കളാണ് കെയ്റോ മ്യൂസിയത്തിൽ ഒരുക്കിവെച്ചിട്ടുള്ളത്. സഹസ്രാബ്ദങ്ങൾ പഴക്കമുള്ളവ. ഇത്രയേറെ അമൂല്യമായ സ്മാരകവസ്തുക്കൾ പ്രദർശിപ്പിക്കുന്ന ഒരു മ്യൂസിയവും ലോകത്ത് മറ്റെങ്ങും ഇല്ലതന്നെ. അവിടെകണ്ട വിലമതിക്കാനാവാത്ത പുരാവസ്തു ശേഖരത്തെപ്പറ്റി വർണ്ണിക്കുക അസാധ്യമാണ്. ഇന്നോളം കണ്ടെടുക്കപ്പെട്ടിട്ടുള്ളവയിൽവെച്ചേറ്റവും വലിയ ഫെറവോൻ പ്രതിമ മുതൽ നാലു പതിറ്റാണ്ട് മുമ്പുമാത്രം ഒരു ബ്രിട്ടീഷ് പര്യവേഷകൻ ഒരു പിരമിഡിന്റെ തറ കുഴിച്ചപ്പോൾ കിട്ടിയ ഒന്നര സെന്റീമീറ്റർ മാത്രം വലിപ്പമുള്ള (ഇതാണ് ഇന്നോളം കണ്ടെടുക്കപ്പെട്ടിട്ടുള്ളതിൽ വെച്ചേറ്റവും ചെറിയ ഈജിപ്ഷ്യൻ പ്രതിമ) ഒരു ഫെറവോൻ രൂപം വരെ അവിടെ പ്രദർശിപ്പിക്കപ്പെട്ടിരുന്നു.

ലോകത്ത് ഇന്നുള്ളവയിൽ വച്ചേറ്റവും മൂല്യമുള്ള പൗരാണിക വസ്തുക്കളിൽ ഒന്നാണ് ഈ ചെറിയ ഫെറവോൻ പ്രതിമ. ഇതിന്റെ മതിപ്പുവില കോടികളാണ്. ഈ കൊച്ചുഫെറവോനെ, തോക്കുധാരികളായ ഗാർഡുകൾക്കിടയിൽ, കനത്ത ഒരു കണ്ണാടിക്കൂട്ടിനുള്ളിൽ സൂക്ഷിച്ചിരിക്കുന്നു. ഒരു ഭൂതക്കണ്ണാടിയിലൂടെ ഇത്, വലുതായി വ്യക്തമായി കാണാൻ കഴിയുന്ന സംവിധാനവും ഇവിടെയുണ്ട്.

ഇതിന്റെ, ഇത്ര ചെറിയ ഈ ശിലാപ്രതിമയുടെ, നിർമ്മാണത്തിലെ ചാതുര്യം നമ്മെ വിസ്മയിപ്പിക്കും. ഈ മൈക്രോസ്റ്റാച്യൂ നിർമ്മിക്കുവാൻ ആ പുരാതന കാലത്ത് അന്നവർ ഉപയോഗിച്ച ടൂൾസിനെപ്പറ്റി അതും അയ്യായിരം വർഷങ്ങൾക്കപ്പുറമുള്ള കാലത്തെ അവ

*പേജ് 41-ൽ*

ലേഖനം

അബ്ദുൽ ഹഖീം, ആലപ്പുഴ

# മുഹമ്മദ് നബി(സ)യെ അംഗീകരിക്കാതെ ഖുർആൻ സ്വീകരിക്കാമോ?

**ക്രൈ**സ്തവലോകം നിരന്തരമായി അനുവർത്തിച്ചുവരുന്ന ഒരു വികലമായ നടപടിയാണ്, യേശുവിന്റേയും അദ്ദേഹത്തിന്റെ മാതാവിന്റേയും സത്യം തെളിയിക്കുവാൻ പരിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ സ്വീകരിക്കുകയെന്നുള്ളത്. ഇതിലെ നീതിയും ന്യായവും പരിചിന്തനം ചെയ്യുകയാണിവിടെ. പല ക്രിസ്തീയ വിഭാഗങ്ങളും അവരുടെ താല്പര്യങ്ങളെ സംരക്ഷിക്കുവാനും ബൈബിൾ വചനങ്ങൾ സമൂഹത്തിൽ സമർത്ഥിക്കുവാനും പ്രത്യേകിച്ച്, മുസ്‌ലിം നാമധാരികളെ വശത്താക്കുവാനും വേണ്ടി. പലപ്പോഴായി പരിശുദ്ധഖുർആന്റെ വചനങ്ങൾ എടുത്തുകാട്ടാറുണ്ട്. ക്രിസ്തീയ ഗ്രന്ഥരചനയുടെ നല്ലൊരു ഭാഗം ഇപ്പോൾ ഈ നിലയിലാണ് പുറത്തിറങ്ങുന്നത്. മുസ്‌ലിം അവാന്തരവിഭാഗങ്ങളിൽ പലരുടേയും ഉദ്ദേശ്യലക്ഷ്യങ്ങളെ മുൻനിർത്തി ഉദരപൂരണത്തിനായും പരിശുദ്ധഖുർആന്റെ വ്യാഖ്യാനങ്ങൾ എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. അതുപോലുള്ള കൃതികളിലൂടെയാണ് ഇടമറുകിനെപോലുള്ളവർ ഇസ്‌ലാമിനെ ആക്ഷേപിച്ചിട്ടുള്ളതും. 'ആശയത്തെ ആശയംകൊണ്ട് നേരിടുകയെന്ന' സമീപനം വളരെയേറെ സ്വാഗതാർഹം തന്നെയാണ്. എന്നാൽ, അതിൽ സത്യത്തിന്റേയും പ്രമാണങ്ങളുടേയും പിൻബലം അനിവാര്യമാണ്. മറ്റൊരു പ്രധാനകാര്യം ഒരു വേദഗ്രന്ഥം അത് ദൈവികമാണെന്നവകാശപ്പെടുമ്പോൾ അതിലെ ഉള്ളടക്കങ്ങൾ വൈരുദ്ധ്യമോ, പൊരുത്തക്കേടുകളോ മനുഷ്യബുദ്ധിയ്ക്ക് ഗ്രാഹ്യമല്ലാത്തതോ ആകാൻ പാടില്ലായെന്നതും ശ്രദ്ധേയമാണ്. ആ നിലയ്ക്ക് ഇന്ന് ലോകത്ത് യാതൊരുവിധ കൈകടത്തലോ, വൈരുദ്ധ്യമോ അവകാശപ്പെടാവുന്നത് പരിശുദ്ധഖുർആൻ മാത്രമാണ്! ഇതുപറയുമ്പോൾ മറ്റുള്ള മതവിഭാഗക്കാർ അത്ഭുതം കൂറേണ്ടതില്ല. പരിശുദ്ധഖുർആന്റെ പ്രഖ്യാപനംതന്നെ ഇതിന്റെ മുന്നിൽ കൂടിയോ, പിന്നിൽകൂടിയോ യാതൊരബദ്ധവും വരുന്നതല്ലായെന്നും ഇത് സർവ്വജ്ഞനായ ദൈവത്തിൽനിന്നും അവതരിച്ചിട്ടുള്ളതുമാണെന്നുമാണ്. ഈ പരിശുദ്ധഖുർആനെ വെല്ലുന്ന ഏതാനും വചനങ്ങൾ കൊണ്ടുവരുവാൻ ആ പവിത്രഗ്രന്ഥം മുഴുലോകത്തേയും വെല്ലുവിളിക്കുകയും ചെയ്യുന്നു. ഇക്കാലമത്രയും ആ വെല്ലുവിളി ആരാലും സാധിച്ചിട്ടില്ല.

പരിശുദ്ധഖുർആന്റെ അധ്യാപനം മുഴുലോകജനതയ്ക്കും വേണ്ടിയുള്ളതാണ്. അത് കാലികമോ, പ്രാദേശികമോ അതല്ലെങ്കിൽ ഗോത്രപരമോ അല്ല. മുൻവേദഗ്രന്ഥങ്ങളുടെ പരിധി കാലികവും, പ്രാദേശികവും ഗോത്രപരവുമായിരുന്നു. പരിശുദ്ധഖുർആന്റെ അവതരണത്തോടുകൂടി മുഴുലോകത്തിനുമായിട്ടുള്ള ഒരു ഏകലോകക്രമ വ്യവസ്ഥ പ്രഖ്യാപിച്ചു കഴിഞ്ഞു. പരിശുദ്ധഖുർആൻ അവതരിച്ചത് ഒരു സർവ്വലോകപ്രവാചകനിലൂടെയുമാണ്. അതിന് മുമ്പ് വന്നിട്ടുള്ള എല്ലാ മഹാത്മാക്കളും അവരുടെ ഗോത്രത്തിനും, ദേശത്തിനും, കാലത്തിനും വേണ്ടിമാത്രമായിരുന്നു. യേശുക്രിസ്തുപോലും ഒരു ഗോത്രപ്രവാചകനായിരുന്നു. ഇസ്രായേല്യർക്കുവേണ്ടി മാത്രം. "ജാതികളുടെ അടുക്കൽ പോകാതേയും, ശമ്യരുടെ പട്ടണത്തിൽ കടക്കാതേയും കാണാതെപോയ ആടുകളുടെ അടുക്കലേക്കുവേണ്ടി മാത്രം ചെല്ലുക'' എന്നാണ് യേശു പറഞ്ഞത്.

മുഹമ്മദ് നബി(സ) സർവ്വലോകപ്രവാചകനും, പരിശുദ്ധ ഖുർആൻ സർവ്വലോകർക്കുമുള്ള ന്യായപ്രമാണവുമാകുന്നു. എന്നാൽ, ക്രിസ്തീയ സഹോദരന്മാർ, അവരുടെ പക്കലുള്ള ന്യായപ്രമാണത്തിന്റെ അപര്യാപ്തതയെ പരിഹരിക്കുവാനായിട്ട് പരിശുദ്ധ ഖുർആന്റെ വചനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി കണ്ടുവരുന്നു. ഇത്തരം ദുരുപയോഗം മാന്യതയ്ക്ക് ചേർന്നതല്ല. സ്വന്തം ന്യായപ്രമാണം പ്രശ്നപരിഹാരത്തിനുതകുന്നതല്ലായെന്നു കാണുമ്പോൾ മറ്റുള്ളവരുടെ വേദപ്രമാണങ്ങൾ തെളിവായിട്ട് ഉദ്ധരിക്കുന്നത് ധാർമ്മികബോധമുള്ളവർക്ക് ചേർന്നതല്ല. പരിശുദ്ധ ഖുർആൻ മുഹമ്മദ് നബി(സ)യ്ക്ക് അവതരിച്ചതാണ്. മുഹമ്മദ് നബിയെ സത്യപ്പെടുത്താതെ അദ്ദേഹം പറഞ്ഞതിനെ സത്യപ്പെടുത്തുകയും, സ്വീകരിക്കുകയും ചെയ്യുന്നതിന്റെ ഔചിത്യം ഊഹാതീതമാണ്. മുഹമ്മദ് നബി(സ) സത്യവാനാണെന്ന് അംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ ക്രിസ്തുമതത്തിന് നിലനില്ക്കുവാൻ സാധിക്കുകയില്ലായെന്നുള്ള വസ്തുത മനഃപൂർവ്വം മറച്ചുവെച്ചാലും ബുദ്ധിയുള്ളവർ ചോദ്യം ചെയ്യുകതന്നെ ചെയ്യും. പരിശുദ്ധഖുർആനെ ആവശ്യത്തിന് സ്വീകരിക്കുകയും മുഹമ്മദ് നബിയെ തള്ളിക്കളയുകയും ചെയ്യുന്ന സുവിശേഷ വിദ്വാന്മാർ ഇനിയെങ്കിലും ഇത്തരം നയം തിരുത്തിയാൽകൊള്ളാം. നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങളുടെ കൈവശമുള്ള സത്യവേദപുസ്തകമെന്നു നിങ്ങൾ കൊട്ടിഘോഷിക്കുന്ന ബൈബിളിന്റെ അധ്യാപനങ്ങളിലൂടെ യേശുവിന്റേ

യും, അദ്ദേഹത്തിന്റെ മാതാവിന്റേയും പരിശുദ്ധിയേയും, സത്യതയേയും തെളിയിച്ചുകാട്ടുക. അതല്ലാതെ മറ്റുള്ളവരുടെ വേദപ്രമാണങ്ങളുടെ പിൻബലം സ്വീകരിക്കുന്നത് ഉചിതമല്ല. വചനത്തെ സ്വീകരിക്കുകയും വാചികനെ നിരാകരിക്കുകയും ചെയ്യുന്ന നിലപാട് ശരിയല്ല. സ്ഥിരമായിട്ട് ദൈവദൂഷണം പ്രചരിപ്പിക്കുന്ന ക്രൈസ്തവസമൂഹത്തിന് മറ്റുള്ളവരെക്കൂടി വഴികേടിലേക്ക് വലിച്ചിഴക്കുന്നതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാൻ സാധ്യമല്ല. യേശുക്രിസ്തു ഒരു സത്യാത്മാവായ പ്രവാചകനായിരുന്നുവെന്നു വിശ്വസിക്കുന്നവർക്ക് ബൈബിളിന്റെ ദൈവികമായിട്ടുള്ള വചനങ്ങൾ സ്വീകരിക്കാവുന്നതാണ്. യേശുവിനേയും, അദ്ദേഹത്തിന്റെ നേരായ വചനങ്ങളേയും ബഹുമാനിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്നു. അതല്ലാതെ വള്ളത്തിലും വെള്ളത്തിലും ചവിട്ടിനിന്നുള്ള ഈ ചീത്തവിശേഷം അധികനാൾ മനുഷ്യൻ കൊണ്ടുനടക്കുകയോ, സ്വീകരിക്കുകയോ, ചെയ്യുന്നതല്ല. യേശുവെന്ന ഒരു സത്യാത്മാവിന്റെ പേരിൽ അദ്ദേഹം പറയാത്തതും, പഠിപ്പിക്കാത്തതുമായ കാര്യങ്ങൾ പ്രചരിപ്പിക്കുകയും വിശ്വസിക്കുകയും ആ മാർഗ്ഗത്തിലേക്ക് മറ്റുള്ളവരെക്കൂടി നയിക്കുകയും ചെയ്യുന്നതിന്റെ ഭയാനകമായ ശിക്ഷയെക്കുറിച്ച് ക്രൈസ്തവലോകം ഇനിയും ഒരു വിചിന്തനം നടത്തിയില്ലെങ്കിൽ വരുവാനുള്ള ദൈവിക കോപത്തിൽനിന്നും രക്ഷയുണ്ടാവുകയില്ലായെന്നോർക്കുക.

**യേശുവിന്റെ അമാനുഷികത**

യേശുക്രിസ്തുവിന്റെ അത്ഭുതജനനവും അമാനുഷികതയും ബൈബിളിന്റേയും പരിശുദ്ധഖുർആന്റേയും അധ്യാപനങ്ങളിലൂടെ താരതമ്യം ചെയ്തുകൊണ്ട് മുസ്‌ലിംകളെ ക്രിസ്തുമാർഗ്ഗത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന സുവിശേഷവിദ്വാന്മാർ യേശുവിന്റെ യഥാർത്ഥ നിലയറിയുന്നില്ലായെന്നുള്ളതാണ് വാസ്തവം. യേശു പിതാവില്ലാതെ ജനിച്ചുവെന്നു വാദിക്കുമ്പോൾ പിതാവില്ലാതെ ജനിക്കുന്നത് ഒരു മഹാശ്രേഷ്ഠതയായിട്ട് വേദഗ്രന്ഥങ്ങൾ പറയേണ്ടിയിരിക്കുന്നു. എന്നാൽ, ഇതൊരു ശ്രേഷ്ഠതയായിട്ട് ബൈബിൾ എവിടേയും പ്രസ്താവിക്കുന്നില്ല. ദൈവം ആദമിനെ സൃഷ്ടിച്ചത് മാതാവും പിതാവുമില്ലാതെയാണെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ഇതിൽ യാതൊരു മേന്മയും അവർ കാണുന്നില്ല. വേദഗ്രന്ഥം നല്കിയതുമില്ല. സ്നാപകയോഹന്നാന്റെ ജനനം ഒരു കണക്കിന് അത്ഭുതജനനമായിരുന്നു. കാരണം സക്കര്യായും ഭാര്യയും വാർദ്ധക്യത്തിന്റെ പരമസീമയിൽ ആയിരുന്നു. അവർക്കും ദൈവം തന്റെ കല്പനയാൽ ഒരു പുത്രനെ നല്കി. അവന്റെ നാമംപോലും ദൈവം നേരത്തെ പറഞ്ഞു. യേശുവിന്റെ ജനനത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. ഇതല്ലാതെ ദൈവം പുത്രന്മാരെ ജനിപ്പിക്കുവാനായിട്ട് ഒരു സ്ത്രീയെ വിവാഹം കഴിച്ചുവെന്നു ക്രിസ്തുമതലോകം വിശ്വസിക്കുന്നുവെങ്കിൽ, ധാർമ്മികമായിട്ട് ക്രൈസ്തവലോകം എവിടെ നില്ക്കുന്നുവെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. പിതാവില്ലാതെ ജനിക്കുന്നത് സമൂഹത്തിൽ ശ്രേഷ്ഠതയാണെങ്കിൽ അതും ക്രിസ്തീയലോകത്തിന് മാത്രമായിട്ടുള്ള നേട്ടവും മാന്യതയുമാണ്. വിശുദ്ധഖുർആൻ യേശുവിന്റെ ജനനത്തെക്കുറിച്ച് പ്രസ്താവിക്കുന്നത് ആദമിനോട് ഉപമിച്ചിട്ടാണ്. മാത്രമല്ല എല്ലാം കുൻ (ഉണ്ടാവുക) എന്ന പ്രയോഗത്തിൽപ്പെടുന്നു. അതല്ലാതെ യേശുവിന് പ്രത്യേകിച്ച് ഒരു ശ്രേഷ്ഠതയും ഖുർആൻ നല്കുന്നില്ല. ദൈവത്തിന്റെ ഒരു വരിഷ്ഠദാസൻ- പ്രവാചകൻ എന്നതിലുപരി ഒരു യഥാർത്ഥ മുസ്‌ലിമിന് മറ്റു വിലയിരുത്തലുകളോ, വിശ്വാസമോ ഇല്ലതന്നെ.

യേശുവിനെ പരിശുദ്ധഖുർആൻ 'ഗുലാമുൻസകിയ്യാ' (നിഷ്കളങ്കനായ കുഞ്ഞ്) എന്നു വിളിച്ചിട്ടുണ്ടെന്നും ക്രിസ്തീയ സുവിശേഷകർ സമർത്ഥിക്കാറുണ്ട്. അങ്ങനെ ലോകത്ത് യേശുവിനെ പരിശുദ്ധൻ എന്നു നാമകരണം ചെയ്തിട്ടുള്ളത് പരിശുദ്ധഖുർആൻ മാത്രമാണ്. അതല്ലാതെ ബൈബിളിൽനിന്നും യേശു പരിശുദ്ധനാണെന്ന ഒരു വചനവും ക്രിസ്തുമതലോകത്തിന് ഉദ്ധരിക്കാൻ സാധ്യമല്ല. ഇത് പറയുന്നത് മുഹമ്മദ് നബി(സ)യിലൂടെയാണെന്ന കാര്യം ക്രിസ്തീയ സഹോദരർ പ്രത്യേകം ഓർക്കേണ്ടതുണ്ട്. മറ്റൊന്ന് ലോകത്ത് അവതരിച്ചിട്ടുള്ള എല്ലാ പ്രവാചകന്മാരും പാപരഹിതർ തന്നെയാണെന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. ആരിലും ഒരുവിധ വ്യത്യാസവും മനുഷ്യൻ കല്പിക്കാൻ പാടില്ലായെന്നും ആ പവിത്രഗ്രന്ഥം ഉദ്ബോധിപ്പിക്കുന്നു. ബൈബിളിൽ പാപരഹിതൻ എന്നു പറയാവുന്ന ഒറ്റ വ്യക്തി യേശുവിനെ മാനസാന്തര പാപപരിഹാരസ്നാനംകഴിപ്പിച്ച സ്നാപകയോഹന്നാൻ മാത്രമേയുള്ളൂ. സ്ത്രീയിൽനിന്നും ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുംതന്നെ ഉണ്ടായിട്ടില്ലായെന്ന വേദവാക്യം ഇവിടെ പൂർത്തിയാകുന്നു.

**യേശുവിന്റെ അത്ഭുതപ്രവൃത്തികൾ**

സുവിശേഷഘോഷണം നടത്തുന്ന സഹോദരന്മാരോട്, യേശു പറഞ്ഞ ഒരുവാക്ക്, 'എന്നിൽ കടുകളവ്' വിശ്വാസമുള്ള ഒരു വ്യക്തിക്ക് ഞാൻ ചെയ്തതുപോലെ ചെയ്യുവാനും, മലയോട് മാറിപോകൂ എന്നു പറഞ്ഞാൽ മാറിപോകുകയും ചെയ്യുമെന്നും വചനപ്രകാരം യേശുവിന്റെ വചനത്തെ പൂർത്തീകരിക്കാമോ?

ഏതെങ്കിലുമൊരു ക്രിസ്ത്യാനിക്ക് യേശു പറഞ്ഞ ഇക്കാര്യം പൂർത്തീകരിച്ചുകാണിക്കാൻ സാധിക്കുമോ? അതല്ലായെങ്കിൽ യേശുവിൽ നിങ്ങൾക്ക് 'കടുകളവ്' വിശ്വാസം ഇല്ലായെന്നും സമ്മതിക്കേണ്ടിവരും. യേശുക്രിസ്തു ഒരുപാട് അത്ഭുതങ്ങൾ കാഴ്ചവെച്ചുവെന്നു നിങ്ങൾ കൊട്ടിഘോഷിക്കുമ്പോഴും യേശുവിന്റെ ജീവിതകാലത്തു 12 ശിഷ്യന്മാരല്ലാതെ 13-ാമതൊരു വ്യക്തിയെ ചൂണ്ടിക്കാണിക്കാൻ കഴിയുമോ? യേശുവിന്റെ പേരിൽ ഇന്ന് ലോകത്ത് നടക്കുന്ന സുവിശേഷ പ്രസംഗങ്ങളിലും, മറ്റും രോഗശാന്തി ശുശ്രൂഷയും നടക്കുന്നുണ്ടല്ലോ. അവിടെ എവിടെയെങ്കിലും ഒരു രോഗിയ്ക്കെങ്കിലും സുഖം നല്കിയതായിട്ട് തെളിയിക്കാമോ? ബാഹ്യമായ രോഗശാന്തി ശുശ്രൂഷയല്ല യേശു പറഞ്ഞത്. മറിച്ച്, ആത്മീയരോഗശാന്തിയ്ക്കുള്ള ശുശ്രൂഷയാണ് എന്ന് അ

ല്പമെങ്കിലും ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ബൈബിളിലും, ഖുർആനിലും ഒരുപാട് അത്ഭുതങ്ങൾ പ്രവർത്തിച്ചതായിട്ട് പറയുന്നില്ലേയെന്ന സംശയം വായനക്കാർക്ക് ഉണ്ടായേക്കാം. പരിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്ന കാര്യങ്ങൾ മുഴുവനും ആത്മീയ മായ മർഗ്ഗത്തിലേക്കുള്ള വഴികളാണ്. അതിൽ ആല ങ്കാരിക അർത്ഥവും ബാഹ്യാർത്ഥവുമൊക്കെ ഉൾക്കൊള്ളുന്നു. ബൈബിളും അതുതന്നെയാണ് പറ യുന്നത്. എന്നാൽ, അന്ധമായ വിശ്വാസത്തിന്റെ ചുവ ടുംപിടിച്ചുകൊണ്ട് യേശുവിന്റെ വചങ്ങൾക്ക് ബാഹ്യാർത്ഥം കൊടുത്തുകൊണ്ടും, സുവിശേഷകർ സ്വയം അപമാനിതരാവുകയാണ്. യേശുവിന്റെ യഥാർത്ഥ അധ്യാപനങ്ങൾ ഇനിയും ഇക്കൂട്ടർ തിരി ച്ചറിഞ്ഞിട്ടില്ല. അത്ഭുതങ്ങളുടെ കണക്കിലാണ് യേശു വിന്റെ മാഹാത്മ്യവും സത്യതയും നിലകൊള്ളുന്നതെ ങ്കിൽ, ആധുനിക ക്രിസ്തുമതത്തിന് തെറ്റി. അങ്ങനെ നോക്കുമ്പോൾ, യേശുവിനു മുമ്പേ മഹാത്ഭുതങ്ങൾ കാണിച്ചിട്ടുള്ള പലരും വേദഗ്രന്ഥത്തിന്റെ പരിധിയിൽ വരും. മൽകിദമോസ് ദൈവവും, ദൈവപുത്രനുമാ യിരുന്നുവെന്നു വേദഗ്രന്ഥം പറയുന്നു. കൂടാതെ ഏലിശാ പ്രവാചകൻ യേശു ചെയ്തതിനേക്കാളും അത്ഭുതങ്ങൾ ചെയ്തിട്ടുള്ളതായി രണ്ടാം രാജാക്ക ന്മാർ 4-ാം അധ്യായം മുതൽ പ്രസ്താവിക്കുന്നു. കുരു ടന് കാഴ്ച കൊടുത്തു. കാഴ്ച എടുക്കുകയും ചെയ്തു. മരിച്ചകുട്ടിയെ ജീവിപ്പിച്ചു. എണ്ണ വർദ്ധിപ്പി ച്ചു. അപ്പം വർദ്ധിപ്പിച്ചു. കുഷ്ഠം എടുക്കുകയും, കൊടുക്കുകയും ചെയ്തു. മൽകിദമോസിന് ആദിയും അന്തവുമില്ലായെന്നുകൂടി പറയുന്നു. ഇങ്ങനെയെല്ലാം നോക്കുമ്പോൾ യേശുവിനേക്കാൾ എന്തുകൊണ്ടും ശ്രേഷ്ഠതയുള്ളവർ ബൈബിളിന്റെ ഭാഷ്യത്തിൽ അനേകർ ഉള്ളതായിട്ട് വരുന്നു. ബൈബിളിന്റെ അധ്യാ പനങ്ങളിലൂടെ യേശുവിന്റെ ശ്രേഷ്ഠതയേക്കാൾ കൂടു തൽ യേശുവിന്റെ സത്യതയ്ക്കെതിരായി കാര്യങ്ങൾ വേദഗ്രന്ഥം യേശുവിന്റെമേൽ ആരോപിക്കുന്നുണ്ട്. ഇതിനെയെല്ലാം ഇല്ലാതാക്കി യേശുവിന്റേയും, മാതാ വിന്റേയും പരിശുദ്ധിയേയും സത്യതയേയും ലോക ത്തിന്റെ മുന്നിൽ തെളിയിച്ചു കാട്ടുന്ന ഒരൊറ്റ ഗ്രന്ഥ മുണ്ടെങ്കിൽ അത് മുഹമ്മദ് നബി(സ)ലൂടെ ദൈവം അവതരിപ്പിച്ച പരിശുദ്ധഖുർആൻ മാത്രമാണ്! ഖുർ ആനിലൂടെയല്ലാതെ യേശുവിന്റേയും മാതാവിന്റേയും സത്യതയേയും പരിശുദ്ധിയേയും ആർക്കെങ്കിലും തെളിയിക്കാമെങ്കിൽ മുന്നോട്ടുവരേണ്ടതാണ്.

**പരിശുദ്ധഖുർആന്റെ ആവശ്യകത**

പരിശുദ്ധഖുർആന്റെ അവതരണം മുഴുലോക ത്തിന്റേയും പ്രശ്നപരിഹാരത്തിനും മനുഷ്യന്റെ ആത്മീയമായ ഉന്നമനത്തിനും വേണ്ടിയുള്ള ഒരു ബൃഹത്തായ പദ്ധതിയുടെ കർമ്മവേദിയാകുന്നു. ആ പവിത്രഗ്രന്ഥം അവതരിച്ചത് സർവ്വലോക പ്രവാചക നും ഒരു പരിപൂർണ്ണമനുഷ്യനുമായ മുഹമ്മദ് നബി (സ)യ്ക്കായിരുന്നു. അതുവരെയുള്ള എല്ലാ ന്യായപ്രമാണങ്ങളുടേയും പ്രവാചകന്മാരുടേയും ആകെചുരുക്കം പരിശുദ്ധഖുർആനിൽ പ്രതിപാദിക്കു ന്നുമുണ്ട്. നബി(സ)യ്ക്ക് മുമ്പ് അവതരിച്ച ഗ്രന്ഥങ്ങ ളും, പ്രവാചകന്മാരുമെല്ലാം കാലികവും, ദേശീയവും, ഗോത്രപരവുമായിരുന്നു. ഖുർആന്റെ അവതരണ ത്തോടുകൂടി മുമ്പ് വന്നതെല്ലാം കാലഹരണപ്പെട്ടു. കാരണം മുകളിൽ സൂചിപ്പിച്ചതുതന്നെ.

പരിശുദ്ധഖുർആന്റെ ആഹ്വാനംതന്നെ "ഇത് സർവ്വജ്ഞനായ ദൈവത്തിൽനിന്നുള്ളതാണ്. ജീവി തത്തിൽ സൂക്ഷ്മത പാലിക്കുന്നവർക്ക് ഈ ഗ്രന്ഥം മാർഗ്ഗദർശനവുമാണ്" എന്നാകുന്നു. ഇത് ജാതിമത വ്യത്യാസമില്ലാതെയുള്ള പ്രഖ്യാപനമാണ്. അതല്ലാതെ കറുത്തവനോ, വെളുത്തവനോ, അറബിക്കോ, അന റബിക്കോ, യാതൊരു മേന്മയുമില്ല. ജീവിതത്തിൽ ദൈവത്തെ സൂക്ഷിച്ചുജീവിക്കുന്നവർക്കാണ് ഈ പവിത്രഗ്രന്ഥം വഴികാട്ടുന്നത്. മുമ്പ് കടന്നുകഴിഞ്ഞ തിന്റെ വിവരണങ്ങൾക്കൊപ്പം മനുഷ്യന് ദൈവവുമാ യി അടുക്കാനുള്ള യഥാർത്ഥ ദൈവികമാർഗ്ഗം പരി ശുദ്ധഖുർആൻ നിർദ്ദേശിക്കുന്നു. സമൂഹത്തിന്റെ ആരോഗ്യപരമായ ഉന്നതിക്കുതകുന്ന ഉപദേശനിർദ്ദേ ശങ്ങളും കണ്ടെത്താം. മനുഷ്യന്റെ ധാർമ്മികവും അധാർമ്മികവുമായ പ്രശ്നങ്ങൾ എന്തൊക്കെയാ ണെന്നും സവിസ്തരം പ്രതിപാദിക്കുന്നു. മതാധ്യാപ നങ്ങളെ മനുഷ്യബുദ്ധിയ്ക്കും, യുക്തിയ്ക്കും വിധേ യമാക്കി പ്രമാണങ്ങളുടെ പിൻബലം തേടുവാനും ഉപ ദേശിച്ചിട്ടുണ്ട്. ഒരു വിശ്വാസിയുടെ ആയുധം ബുദ്ധി അഥവാ യുക്തിയാണെന്നും പ്രവാചകപ്രഭുവായ മുഹമ്മദ് നബി(സ)യും നിർദ്ദേശിച്ചിട്ടുണ്ട്. ഖുർആൻ നമ്മോട് ആജ്ഞാപിക്കുന്നത് "നിങ്ങൾ സത്യമാണ് പറ യുന്നതെങ്കിൽ നിങ്ങളുടെ പക്കലുള്ള തെളിവുകൾ മുന്നോട്ടുവെക്കുകയെന്നാണ്." മനുഷ്യന്റെ ആത്മീ യവും ധാർമ്മികവും സാമൂഹ്യവുമായ മുഴുവൻ പ്രശ്നങ്ങളുടേയും പരിഹാരം ഖുർആനിൽ കാണാ വുന്നതാണ്. ആത്മാവ്, മരണാനന്തരജീവിതം, പരലോ കം എന്നീ വിഷയങ്ങളുടെ തൃപ്തികരമായ മറുപടി യും, പരിശുദ്ധഖുർആന്റെ സവിശേഷതയാണ്. ഭാവി, ഭൂതം, വർത്തമാനം എന്നീ മൂന്നു കാലങ്ങളുടേയും വിധിവിലക്കുകളും സംഭവവികാസങ്ങളും പ്രസ്താ വിക്കുന്നുണ്ട്. ഈ വർത്തമാനകാലഘട്ടം നമ്മോടാ വശ്യപ്പെടുന്നതിന്റെ വ്യക്തമായ രൂപരേഖകളും നമുക്ക് കണ്ടെത്താം. മറ്റു മതഗ്രന്ഥങ്ങൾ അപര്യാപ്ത മാണെന്നു പറയുമ്പോൾ സഹോദരന്മാർ കോപിക്കേ ണ്ടതില്ല. കലിയുഗമെന്ന ഈ കാലഘട്ടത്തിന്റെ ഭീകര തയെക്കുറിച്ച് നാം കാണുകയും മനസ്സിലാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിന്റെ പരിഹാരമാർഗ്ഗ ങ്ങൾ എന്താണെന്ന് വിശദമാക്കുന്ന ഗ്രന്ഥവും ഖുർ ആൻ തന്നെയാണ്. മുൻവേദഗ്രന്ഥങ്ങളും പ്രവാചക ന്മാരും പ്രവചനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ യുഗത്തിന് ഒരു മഹാത്മാവിന്റെ ആഗമനം അത്യാ ന്താപേക്ഷിതമാണ്. പരിശുദ്ധഖുർആൻ പറയുന്ന ആ മഹാത്മാവാണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹദ്റത്ത് അഹ്മദ്(അ).

ലേഖനം

എ. അമ്രീൻ

# മനുഷ്യന്റെ ജീവിതാവസ്ഥകളും ജീവിതസാക്ഷാത്കാരവും

പൂർണ്ണമായനിലയിൽ ദൈവത്തിൽ ആത്മാർപ്പണം ചെയ്യുന്നവർ മാത്രമേ വിഷയാസക്തയിൽനിന്ന് ദൂരപ്പെടുകയുള്ളൂവെന്നാണ് വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്നത്. അതിനുള്ള ആദ്യത്തെ മാർഗ്ഗം ദൈവത്തോടുള്ള നിർമ്മലമായ സ്നേഹമാണ്. ഹൃദയത്തെ വൃക്ഷത്തോടുപമിച്ചുകൊണ്ട് വാഗ്ദത്ത മഹ്ദി മസീഹ്(അ) വിശദീകരിക്കുന്നുണ്ട്. അടിവേരുകളില്ലാത്ത വൃക്ഷം അടിയിലെ ഈർപ്പം വലിച്ചെടുക്കാനാവാതെ ഉണങ്ങിപ്പോകും. അതിന്റെ പച്ചളിപ്പ് അസ്തമിക്കുന്നു. ദൈവസ്നേഹത്തിൽനിന്നു പറിച്ചെടുക്കപ്പെട്ട ഹൃദയത്തിന്റെ ഉടമയ്ക്കും സംഭവിക്കുന്നത് ഇതാണ്. വരൾച്ച പോലെ പാപം അയാളിൽ പ്രവർത്തിക്കുന്നു. വാഗ്ദത്ത മസീഹ്(അ) പറയുന്നു: “പാപം അടിസ്ഥാനപരമായി ഒരു വൈറസാകുന്നു. മനുഷ്യൻ ദൈവത്തിന്റെ ഇച്ഛയ്ക്ക് വഴിപ്പെടാതിരിക്കുമ്പോഴാണ്, ദൈവവുമായി സ്നേഹാർദ്രമായ ഒരു ബന്ധത്തിനു വേണ്ടിയുള്ള യഥാർത്ഥമായ ഒരഭിനിവേശം അവനില്ലാതിരിക്കുമ്പോഴാണ്, അത് ജന്മമെടുക്കുന്നത്.” (സിറാജ്ജുദ്ദീൻ എന്ന ക്രിസ്ത്യാനിയുടെ നാല് ചോദ്യങ്ങൾക്കുള്ള മറുപടി, പേജ് 5)

**ദൈവസ്നേഹത്തിനുള്ള വഴികൾ**

ദൈവികനിയമത്തിൽ ഇതിനുള്ള പരിഹാരം മൂന്നുവിധത്തിലുള്ളതാണ്. ആദ്യത്തേത് ദൈവസ്നേഹം തന്നെയാണ്. ദൈവസ്നേഹം ദൈവത്തോടും ദൈവത്തിന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതിലൂടെയാണ് സാർത്ഥകമാകുന്നത്. ഈ കടമകളോടുള്ള ഉദാസീനത പാപത്തെ സൃഷ്ടിക്കുന്നു. (മൽഫൂസാത്ത്). രണ്ടാമത്തേത് 'ഇസ്തിഗ്ഫാർ' അഥവാ രക്ഷാർത്ഥന. ദൈവം തന്റെ ബലഹീനതകളും വീഴ്ചകളും മൂടിക്കളയാനുള്ള ഇടതടവില്ലാത്ത യാചന. മണ്ണിൽ ആഴ്ന്നിറങ്ങിയ വേരുകളുള്ള മരത്തിനുമാത്രമേ അതിന്റെ പച്ചളിപ്പ് നിലനിർത്താനാവുകയുള്ളൂ. തോട്ടത്തിലെ മണ്ണിൽ അതിന്റെ വേരുകൾ ആഴ്ന്നിറങ്ങണം. എന്നിട്ട് ശാഖകളിലോരോന്നിലേക്കും ഈർപ്പം വലിച്ചെടുക്കണം. ഇസ്തിഗ്ഫാർ യഥാർത്ഥത്തിൽ ആ ധർമ്മമാണ് നിർവ്വഹിക്കുന്നത്. ശാരീരികമായ കരുത്തും ശക്തിയും കായികാഭ്യാസം മുഖേന പരിപോഷിപ്പിക്കപ്പെടുന്നതുപോലെ 'ഇസ്തിഗ്ഫാർ' ആത്മീയമായ കായികാഭ്യാസമാണെന്ന് സൂഫികൾ പറഞ്ഞിട്ടുണ്ട്. മൂന്നാമത്തേത് പശ്ചാത്താപമാണ്. അതായത് അതീവവിനയത്തോടെ ദൈവത്തിലേക്ക് ചായുക. സൽക്കർമ്മങ്ങളിലൂടെ പാപത്തിൽനിന്ന് സ്വയം മോചിതനാകുക. വാഗ്ദത്ത മസീഹ്(അ) പറയുന്നത് പശ്ചാത്താപം നാവിൽനിന്നല്ല, മറിച്ച്, അനുയോജ്യവും അനുയുക്തവുമായ പ്രവർത്തികളിൽനിന്നാണ് വരുന്നതെന്നാണ്. അത്തരം പ്രവൃത്തികൾ പശ്ചാത്താപത്തെ മികവുറ്റതാക്കുന്നു. ദൈവത്തിന്റെ അടുക്കലോളം എത്തിക്കുന്നു. ദൈവത്തോടുള്ള തന്റെ സ്നേഹം ഒരാൾ തന്നിൽനിന്നുള്ള സൽക്കർമ്മം മുഖേന സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ആത്മാവിന്റെ 'റാഹത്ത്' അഥവാ സായൂജ്യം ദൈവത്തെ സ്വീകരിക്കുകയും സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലാണ്. അതുകൊണ്ടാണ് ദൈവം ആത്മാവിനെ 'റൂഹ്' എന്ന് നാമകരണം ചെയ്തിരിക്കുന്നത്.

ദൈവവുമായി ആത്മൈക്യം പ്രാപിച്ച ആത്മാവ് തോട്ടത്തിലെ മണ്ണിൽ വേരുകൾആഴ്ന്നിറങ്ങിയ വൃക്ഷത്തെപ്പോലെയാണ്. വാഗ്ദത്ത മസീഹ്, ഹദ്റത്ത് അഹ്മദ്(അ) പറയുന്നത് അതാണ് സ്വർഗ്ഗമെന്നാണ്. വൃക്ഷം അടിയിലുള്ള വെള്ളത്തെ വലിച്ചെടുക്കുകയും പിന്നെ അതിന്റെ ശാഖകളിലോരോന്നിലേക്കും എത്തിക്കുകയും ഹാനികരമായ വാതകങ്ങളെ പുറന്തള്ളുകയും ചെയ്യുന്നതുപോലെ ദൈവസ്നേഹത്തിന്റെ ഊറ്റിൽനിന്ന് പാനം ചെയ്ത ആത്മാവ് ദോഷപ്രവണതകളെ പുറന്തള്ളാനുള്ള ശക്തിയാർജ്ജിക്കുന്നു. “അതിനാൽ പാപമാകുന്ന വരൾച്ച ദൈവത്തിൽനിന്നുള്ള വേർപാടിൽനിന്നാണ് ഉണ്ടാകുന്നത്. അതിനുള്ള പ്രതിവിധി ദൈവവുമായുള്ള സുദൃഢമായ ആത്മൈക്യമാണ്.” (നാല് ചോദ്യങ്ങൾക്കുള്ള മറുപടി) ഈ സ്നേഹത്തിന്റെ ഊറ്റിൽനിന്ന് ഉറവെടുക്കുന്ന സൽക്കർമ്മങ്ങളാകുന്ന വെള്ളം പാപത്തിന്റെ അഗ്നിയെ കെടുത്തിക്കളയുന്നു. ഇതാണ് മനുഷ്യന്റെ മൂന്നാമത്തെ അവസ്ഥ. മറ്റു വാക്കുകളിൽ പറഞ്ഞാൽ മനുഷ്യജീവിതത്തിന്റെ ലക്ഷ്യസാക്ഷാത്ക്കാരത്തിലേക്കുള്ള പ്രയത്നബദ്ധമായ വഴി.

**നഫ്സ് അമ്മാറയിൽനിന്ന് രക്ഷപ്പെടാൻ**

ഇവിടെ ഓർക്കേണ്ട ഒരുകാര്യം മനുഷ്യന്റെ രണ്ടാമത്തെ അവസ്ഥയെ സ്വയം ശാസകാത്മകസ്ഥിതിയിൽനിന്ന് മൂന്നാമത്തെ ആത്മീയ ദിശയിലേക്കുള്ള ഈ മാറ്റത്തിന് നീണ്ട ഇടവേള നല്കിക്കൂടെന്നുള്ളതാണ്. ആ ഇടവേളകൾ മനുഷ്യൻ 'നഫ്സ് അമ്മാറ'യുടെ- ദോഷപ്രവണമായ ആത്മസ്ഥിതിയുടെ- അപ്രതീക്ഷി

തവും പൊടുന്നനെയുള്ളതുമായ ആക്രമണങ്ങൾക്ക് ഇരയാവാൻ ഇടയുണ്ട്. അതുകൊണ്ട് ആത്മീയാവ സ്ഥയിലേക്കുള്ള മനുഷ്യന്റെ മാറ്റവും 'പൊടുന്നനെ 'യായിരിക്കണമെന്നാണ് പറയപ്പെട്ടിരിക്കുന്നത്. അതായത്, ഒറ്റയടിക്കുള്ള തീരുമാനം. ഇതിനെയാണ് മറ്റു വാക്കുകളിൽ 'മരണം' എന്നു പറയുന്നത്. അതെങ്ങനെയെന്നാൽ, വാഗ്ദത്ത മസീഹ്(അ) പറയുന്നത്, "മനസ്സിൽ താലോലിച്ചുപോന്ന പതിവുരീതികളിൽനിന്നെല്ലാം പൊടുന്നനെ പിൻവാങ്ങുക, നീണ്ടനാളത്തെ പ്രവർത്തി മൂലം സ്വഭാവമായിമാറിയ സ്വാർത്ഥപരമായ എല്ലാ ആഗ്രഹാഭിലാഷങ്ങളും ഒറ്റയടിക്കുപേക്ഷിക്കുക, ബഹുമതിയുടേയും അന്തസ്സിന്റേയും അഹന്തയുടേയും പ്രതാപത്തിന്റേയും എല്ലാ പരിഗണനകളും വെടിഞ്ഞ് അല്ലാഹുവിനു പുറമെയുള്ള സർവ്വതിനേയും നിസ്സാരമാക്കി കരുതി പൂർണ്ണമായ നിലയിൽ ദൈവത്തിലേക്ക് ചായുക" (ബറാഹീനെ അഹ്മദിയ്യാ, പേ- 576).

ഇങ്ങനെ ഒറ്റയടിക്ക് ഒരു തീരുമാനമെടുത്തുകൊണ്ട് മാനസീകമായ ഒരു മരണത്തെ സ്വീകരിക്കാത്ത കാലത്തോളം മനുഷ്യൻ 'നഫ്സ് അമ്മാറയുടെ' അപ്രതീക്ഷിതമായ ആക്രമണങ്ങളിൽനിന്ന് സുരക്ഷിതനാവാൻ കഴിയില്ല. പൊടുന്നനെയുള്ളതും സമൂലവുമായ ഈ മാറ്റത്തെയാണ് പശ്ചാത്താപം (തൗബ) എന്നു വിശേഷിപ്പിക്കപ്പെടുന്നത്. എന്നാൽ, ഈ പശ്ചാത്താപത്തിന് മൂന്ന് ഉപാധികളുണ്ടെന്നു വാഗ്ദത്ത മസീഹ് ഓർമ്മിപ്പിക്കുന്നുണ്ട്. അവ പൂർത്തിയാകാത്ത കാലത്തോളം യഥാർത്ഥമായ പശ്ചാത്താപം കൈവരിക്കാനാവില്ല. ദുഷിച്ച സുഖങ്ങൾ ഇളക്കിവിടുന്ന എല്ലാ വിചാരങ്ങളും അപ്പാടെ കൈയൊഴിയുക എന്നുള്ളതാണ് അതിലാദ്യത്തേത്. രണ്ടാമത്തെ ഉപാധി കുറ്റബോധം ഉണ്ടായിരിക്കുക എന്നുള്ളതാണ്. മൂന്നാമത്തേത് താനിനിയൊരിക്കലും അത്തരം തിന്മകളിലേക്ക് മടങ്ങിപ്പോവുകയില്ലെന്ന ദൃഢനിശ്ചയമാണ് (മൽഫൂസാത്ത്, വാള്യം 1, 132-134).

ഇങ്ങനെയുള്ള ദൃഢനിശ്ചയമെടുത്ത് ആത്മീയതയുടെ കരളിലിറങ്ങുന്നതോടെ മനുഷ്യനിലെ ആത്മീയശക്തികൾ അവന്റെ സ്വത്വത്തെ ജയിച്ചടക്കാൻ തുടങ്ങുകയായി. ആത്മീയശക്തികൾ ഇങ്ങനെ മനുഷ്യനെ ഭരിക്കുന്ന അവസ്ഥയേയാണ് ഫ്രോയിഡ് മറ്റൊരുതരത്തിൽ 'സൂപ്പർ ഈഗോ' (Super ego) എന്നു വിശേഷിപ്പിച്ചത്. കീർക്കഗാർഡ് 'മതാത്മകം' (Religious) എന്നു വിശേഷിപ്പിച്ചതും ഈ ദശയെയാവാം. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ ഇത് ധാർമ്മിക സ്വഭാവത്തെ കർശനമായി നിയന്ത്രിക്കുന്ന ഒരു മാനസികാവസ്ഥയാണ്. ഈ അവസ്ഥ ബോധാവസ്ഥയുടെ ഏറ്റവും അടുത്താണെങ്കിലും യഥാർത്ഥ ലോകവുമായി അബോധതലങ്ങളിലൂടെ ബന്ധപ്പെടുകയും ആത്മസമ്മർദ്ദങ്ങളിലൂടെ ആത്മനിയന്ത്രണത്തിനുള്ള ഒരു മുഖ്യസ്രോതസ്സായിത്തീരുകയും ചെയ്യുന്നു. മനുഷ്യൻ ഈ ദശയിൽ അതിഭൗതികമായ ഒരുതലത്തിൽ പ്രവേശിക്കുന്നു എന്നാണ് ഫ്രോയിഡ് ഇതുകൊണ്ട് ഉദ്ദേശിച്ചത്. തികച്ചും ശരിയായ നിഗമനമാണിത്. ഈ ഘട്ടത്തിലാണ് മനുഷ്യൻ ദൈവികമനുഷ്യനായി മാറുന്നത്.

**ഇസ്‌ലാമും ഇസ്തിഖാമത്തും**

വാഗ്ദത്ത മസീഹ്(അ) ആത്മാവിന്റെ ഈ സമുന്നതദശയെ വിശുദ്ധഖുർആന്റെ ഭാഷയിൽ 'നഫ്സ് മുത്മഇന്ന' അഥവാ ശാന്തിപ്രാപിച്ച ആത്മാവ് എന്നാണ് വിശേഷിപ്പിക്കുന്നത്. ആ മഹാത്മാവ് 'ഇസ്‌ലാംമത തത്ത്വജ്ഞാനം' എന്ന തന്റെ ഉജ്ജ്വലഗ്രന്ഥത്തിൽ ഇത് സുവിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ ഘട്ടത്തിൽ പ്രശാന്തമായൊരു ആത്മീയ പരിവർത്തനത്തിൽ മനുഷ്യൻ എത്തിച്ചേരുന്നു. ദൈവത്തെ തിരയുന്ന ഓരോ വ്യക്തിയുടേയും പുരോഗതിയുടെ അവസാനദശ ഇതാണ്. ഇതുതന്നെയാണ് ദൈവദർശനത്തിന് പുണ്യാത്മാക്കൾ സ്വീകരിച്ച ദുഷ്കരമായ മാർഗ്ഗവും. ഒരാളുടെ കഴുത്ത് സ്രഷ്ടാവായ ദൈവത്തിന്റെ യജ്ഞവേദിയിൽ സ്വയം സമർപ്പിക്കുന്നതിന് തുല്യമാണിത്. വാഗ്ദത്തമസീഹ്(അ) പറയുന്നത്, മനുഷ്യന്റെ ഈ ആത്മീയാവസ്ഥയുടെ തികവാണ് 'ഇസ്‌ലാം' എന്ന വാക്കിന്റെ അർത്ഥത്തിൽ സാക്ഷാത്കരിക്കപ്പെടുന്നതെന്നാണ്. "ത്യാഗാത്മകമായ ഈ അവസ്ഥയെ അനുസ്മരിപ്പിക്കുന്നതിനായിട്ടാണ് മുസ്‌ലിംകളുടെ മതത്തിന് 'ഇസ്‌ലാം' എന്നു നാമകരണം ചെയ്തിരിക്കുന്നത്. എന്തെന്നാൽ, 'ഇസ്‌ലാം' എന്നതുകൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത് പരിപൂർണ്ണമായി ദൈവേഷ്ടത്തിന് വഴിപ്പെടുകയും സർവ്വവും ദൈവത്തിന് സമർപ്പിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണ്'' (ഇസ്‌ലാം മതതത്ത്വ ജ്ഞാനം, പേ- 37).

ഈ അവസ്ഥാവിശേഷത്തെ വിശുദ്ധഖുർആന്റെ തന്നെ വാക്കുകളിൽ 'ഇസ്തിഖാമത്ത്' എന്നും വാഗ്ദത്തമസീഹ്(അ) വിശേഷിപ്പിക്കുന്നുണ്ട്. അടിസ്ഥാനപരമായി ഓരോ വസ്തുവിന്റേയും പ്രകൃതിപരമായ അവസ്ഥയേയാണ് 'ഇസ്തിഖാമത്ത്' എന്നു പറയുന്നത്. പ്രപഞ്ചത്തിലെ ഓരോ വസ്തുവിനും അതിന്റെ ലക്ഷ്യസാക്ഷാത്ക്കാരത്തിനായി 'ഇസ്തിഖാമത്ത്' കൂടിയേതീരൂ. ഒരു വസ്തു എന്തിനുവേണ്ടിയാണോ ഉണ്ടാക്കപ്പെട്ടത്, എന്താണോ അതിന്റെ നിർമ്മാണ ലക്ഷ്യം അതിലാണ് അതിന്റെ ഇസ്തിഖാമത്ത് എന്നു പറയാം. അപ്പോൾ മനുഷ്യനെ സംബന്ധിച്ചിടത്തോളം എന്താണ് ഇസ്തിഖാമത്ത്? വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) അത് ഇപ്രകാരം നിർവചിക്കുന്നു:

''ഏതൊരു വസ്തുവിനെ സംബന്ധിച്ചുമുള്ള 'ഇസ്തിഖാമത്തി'ന്റെ അവസ്ഥ അത് ഏതൊരു ലക്ഷ്യത്തിനുവേണ്ടി നിലകൊള്ളുന്നുവോ, അതിന്റെ അടിസ്ഥാനത്തിലാണ് നിർവചിക്കപ്പെടുന്നത് എന്നു മനസ്സിലാക്കേണ്ടതാണ്. അതിനാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം അവൻ ദൈവേച്ഛയ്ക്ക് വിധേയമായിരിക്കുന്നതിനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നിരിക്കെ, അവനെ സംബന്ധിച്ചിടത്തോളമുള്ള ഇസ്തിഖാമത്തിന്റെ അവസ്ഥ, ദൈവേച്ഛയ്ക്ക് മുച്ചൂടും

കീഴ്പ്പെടുക എന്നതു തന്നെയാണ്. മനുഷ്യൻ തന്റെ അസ്തിത്വം പൂർണ്ണമായും ദൈവത്തിനുവേണ്ടി മാത്രമായി അർപ്പണം ചെയ്യുമ്പോൾ ദൈവാനുഗ്രഹം അവനിൽ വർഷിക്കാൻ തുടങ്ങുന്നു. ഇതുതന്നെയാണ് പരിശുദ്ധമായ ജീവിതം" (സിറാജുദ്ദീൻ എന്ന ക്രിസ്ത്യാനിയുടെ നാലു ചോദ്യങ്ങൾക്ക് മറുപടി).

അപ്പോൾ മൂന്നാമത്തെ ദശ മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യത്തിന്റെ പൂർത്തീകരണദശയാണ്. ഇസ്‌ലാം യുക്തിയുക്തമായ മതവും പ്രകൃതിമതവുമാണെന്ന് ഈ വിശദീകരണങ്ങളിൽനിന്നു നമുക്ക് മനസ്സിലാക്കാൻ കഴിയും. മനുഷ്യന്റെ പ്രകൃതിയ്ക്ക് വിരുദ്ധമായതൊന്നും അത് ഉദ്ഘോഷിക്കുന്നില്ല. ദൈവമാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യാൻ അത് ഉദ്ബോധിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മനുഷ്യർക്കു മുമ്പിൽ ഇസ്‌ലാം സമർപ്പിക്കുന്ന പ്രകൃതിമാർഗ്ഗമാണ് ഇസ്തിഖാമത്ത്. ദൈവദർശനത്തിന് മനുഷ്യനുമുമ്പിൽ ഇതല്ലാതെ മറ്റു കുറുക്കുവഴികളൊന്നുമില്ല. അതുകൊണ്ടാണ് വിശുദ്ധഖുർആൻ അതിന്റെ പ്രാരംഭാധ്യായമായ 'ഫാത്തിഹാ' സൂക്തത്തിൽ ഇസ്തിഖാമത്തിനുവേണ്ടിയുള്ള പ്രാർത്ഥന പഠിപ്പിക്കുകയും അത് നിരന്തരം ഉരുവിട്ടുകൊണ്ടിരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നത്.

"ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ ഇസ്തിഖാമത്തിന്റെ മാർഗ്ഗത്തിൽ വഴി നടത്തേണമേ! നിന്റെ അനുഗ്രഹവരദാനങ്ങൾക്ക് പാത്രമായവരുടെ മാർഗ്ഗത്തിൽത്തന്നെ" (1:6).

ഇസിത്ഖാമത്ത് എന്ന വാക്കിന്റെ അർത്ഥം, സ്ഥിരോത്സാഹം, പരിപൂർണ്ണസ്ഥിരത എന്നിങ്ങനെയൊക്കെയാണ്. വാഗ്ദത്ത മസീഹ്(അ) ആ സ്ഥിരതയെക്കുറിച്ച് ഇപ്രകാരം നമുക്ക് വിശദീകരിച്ചുതരുന്നുണ്ട്:

"ഇവിടെ പരിപൂർണ്ണ സ്ഥിരത എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടുള്ള വിവക്ഷിതം, ഒരു കഠിനപരീക്ഷയ്ക്കും ചഞ്ചലിപ്പിക്കുവാനോ ക്ഷതപ്പെടുത്തുവാനോ സാധിക്കാത്ത നിഷ്കളങ്കവും നിഷ്കപടവുമായ ഭക്തിവായ്പാകുന്നു. അതായത്, ഖഡ്ഗത്തിനു വിച്ഛേദിക്കുവാൻ കഴിയാത്തതും അഗ്നിക്ക് കരിക്കുവാൻ വയ്യാത്തതും കഷ്ടാനുഭവത്തിന് ഭേദിപ്പിക്കുവാൻ സാധിക്കാത്തതും പ്രിയജനത്തിന്റെ വിരഹദുഃഖത്തിന് ഭഞ്ജിക്കുവാൻ സാധ്യമല്ലാത്തതും മാനനഷ്ടഭയത്തിന് ചലിപ്പിക്കുവാനാകാത്തതും കഠിനദണ്ഡനത്തോടുകൂടിയ മരണവിധിയ്ക്ക് ശിഥിലമാക്കുവാൻ മേലാത്തതുമായ സുദൃഢബന്ധമെന്നതിനെ നിർവചിക്കാം" (ഇസ്‌ലാംമത തത്ത്വജ്ഞാനം, പേ-116).

**മരണവും പുനരുജ്ജീവനവും**

ഫലത്തിൽ ഇതൊരു മരണം തന്നെയാണെന്നു വാഗ്ദത്തമസീഹ്(അ) സ്ഥാപിക്കുന്നു. ഇത്തരത്തിലുള്ള ഒരു മരണത്തിന്റെ, ഒരു ജീവൻമുക്തിയുടെ ആവശ്യകതയെക്കുറിച്ച് തന്റെ കൃതികളിൽ നിരന്തരം അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. ഈ ജീവൻമുക്തിയാണ് പുതിയൊരു ആത്മീയ പുനർജന്മത്തിലേക്കുള്ള മാർഗ്ഗം. വാഗ്ദത്ത മസീഹ്(അ) തന്റെ ഗ്രന്ഥങ്ങളിൽ ഈ മരണത്തേയും, ഇസ്‌ലാം എന്ന പദത്തേയും ഇസ്തിഖാമത്ത് എന്ന അടിപതറാത്ത സ്ഥിരനിഷ്ഠയേയുമെല്ലാം പരസ്പര പര്യായങ്ങളായാണ് ഉപയോഗിച്ചിട്ടുള്ളതെന്നുകാണാം. സൂഫികൾ ഇതിനെ 'ഫന' (ആത്മസംഹരണം) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. 'ദ മിസ്റ്റിക്സ് ഓഫ് ഇസ്‌ലാം' എന്ന ഗ്രന്ഥത്തിൽ ആർ. എ. നിക്കൾസൻ സൂഫികൾക്കിടയിലുള്ള 'ഫന' സങ്കല്പത്തിലൊന്നായി ചൂണ്ടികാണിക്കുന്നത്, ആഗ്രഹങ്ങളുടേയും അഭിവാഞ്ജകളുടേയും പൂർണ്ണമായ ഉന്മൂലനവും അതുവഴി ആത്മാവിനുണ്ടാകുന്ന ധാർമ്മിക പരിവർത്തനവും ആണ്. ഇതാണ് വാഗ്ദത്ത മസീഹ് (അ) ഫനയെ നിർവചിച്ചുകൊണ്ട് പറഞ്ഞിട്ടുള്ളത്. ഇത് യോഗികളുടെ സമാധിപോലെ, ബുദ്ധന്മാരുടെ നിർവാണം പോലെയുള്ള ഒന്നല്ലെന്ന് ഓർക്കേണ്ടതുണ്ട്. കുടുംബപരമായ എല്ലാ ബാധ്യതകളും നിലനിറുത്തിക്കൊണ്ടുതന്നെ ലൗകികലാലസമായ ജീവിതത്തിൽനിന്നുള്ള ഒരു മരണമാണ് ഉദ്ദേശിക്കുന്നത്. 'ഫന'യുടെ അനിവാര്യമായ രണ്ടാംഘട്ടം 'ബഖ' (പുനരുജ്ജീവനം) എന്നവസ്ഥയാണ്. 'ബഖ' അനിവാര്യമായും 'ലിഖാ' (ദൈവാഭിമുഖം) യിലെത്തിക്കുന്നു.

വാഗ്ദത്ത മസീഹ്(അ) പറയുന്നത്, ഇസ്‌ലാമിന്റെ പുനരുജ്ജീവനം തന്നെ ഇത്തരത്തിലുള്ള മരണത്തെ പുനരുജ്ജീവിപ്പിക്കുന്നതിലാണുള്ളതെന്നാണ്. അതുകൊണ്ടാണ് അദ്ദേഹം മുസ്‌ലിംകളെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പ്രഖ്യാപിച്ചത്:

"ഇസ്‌ലാമിന്റെ നിലനില്പ് നമ്മിൽനിന്നു ഒരു തെണ്ടം ആവശ്യപ്പെടുന്നു. അതെന്താണ്? ഇതേമാർഗ്ഗത്തിൽ നാം ഒരു മരണം വരിക്കുകതന്നെയാണത്. ഇസ്‌ലാമിന്റെ നിലനില്പും മുസൽമാന്മാരുടെ ജീവിതവും ജീവിച്ചിരിക്കുന്ന ദൈവത്തിന്റെ തേജസ്സും സ്ഥിതിചെയ്യുന്നത് ഈ മരണത്തിലാണ്. ഇതിനുതന്നെയാണ് മറ്റൊരുവിധത്തിൽ 'ഇസ്‌ലാം' എന്നു പറയുന്നത്. ഈ ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്'' (ഫത്ഹെ ഇസ്‌ലാം, പേ-27).

നിർഭാഗ്യവശാൽ, ഈ യഥാർത്ഥമായ ഇസ്‌ലാമിനെക്കുറിച്ച് ഒന്നും അറിയാത്തവരാണ് ഇന്ന് അതിന്റെ സ്വയംകൃതരക്ഷകരായി രംഗത്തുള്ളത്. രാഷ്ട്രീയവിപ്ലവങ്ങളിലും ശക്തിപ്രകടനങ്ങളിലുമാണ് അവർ ഇസ്‌ലാമിന്റെ പുനരുജ്ജീവനം കാണുന്നത്. അല്ലാഹുവിനുവേണ്ടിയുള്ള ആത്മത്യാഗങ്ങൾ പഴയസൂഫിസത്തിന്റെ കണക്കിൽ ചേർത്ത് അവർ തൃപ്തരാകുന്നു! എവിടെയാണ് ഇസ്‌ലാം അധഃപതിച്ചതെന്നോ എങ്ങനെയാണ് ഇസ്‌ലാമിനുവേണ്ടിയുള്ള മരണമെന്നോ അവർക്കറിഞ്ഞുകൂടാ. ആത്മഹത്യയിലും നരഹത്യയിലുമാണ് ആ മരണം എന്നാണവർ ധരിച്ചിരിക്കുന്നത്! എന്നാൽ വാഗ്ദത്ത മസീഹ്(അ) പറയുന്നത്, ഇസ്‌ലാമിനുവേണ്ടി മരണം വരിക്കുന്നവർക്ക് ഈ ജീവിതത്തിൽത്തന്നെ മറ്റൊരു ജീവിതം പ്രദാനം ചെയ്യപ്പെടുന്നുവെന്നാണ്. (തുടരും)

ലേഖനം

അഡ്വ. നിസാർ അഹ്മദ്

# 'ഫസ്ഖ്'- നിയമവും ചരിത്രവും

(തുടർച്ച)

വിവാഹമോചനം നേടാൻ മുസ്‌ലിം ഭാര്യയ്ക്ക് 1939-ലെ നിയമം നല്കിയിട്ടുള്ള മറ്റൊരു സുപ്രധാന കാരണം ഭർത്താവ് രണ്ടുവർഷത്തോളം ബുദ്ധിസ്ഥിരതയില്ലാത്തയാളോ കുഷ്ഠരോഗിയോ, ലൈംഗികമായി പകരുന്ന മാറാവ്യാധിയുള്ളയാളോ ആയിരിക്കുക എന്നതാണ്. ഈ വ്യവസ്ഥയുടെ അന്തസ്സത്ത യാതൊരുവിധത്തിലും ഒരു സാധാരണമനുഷ്യനെപ്പോലെ ജീവിക്കാനോ ഒരു ഭർത്താവിന്റെ കടമകൾ നിർവ്വഹിക്കാനോ കഴിയാത്തവിധത്തിൽ മാനസിക രോഗിയോ, ഭാര്യയുൾപ്പെടെയുള്ള മറ്റാളുകൾക്ക് അടുത്തിടപഴകാൻ സാധിക്കാത്തവിധത്തിലുള്ള മാരകരോഗിയോ ആയി ഭർത്താവ് മാറിക്കഴിഞ്ഞാൽ ഒരു വിധത്തിലും ആ വിവാഹബന്ധം മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കില്ല എന്നതിന്റെ അടിസ്ഥാനത്തിൽ വിവാഹമോചനത്തിന് ഭാര്യയ്ക്ക് അവകാശം ലഭിക്കുന്നു എന്നുള്ളതാണ്.

ഈ വ്യവസ്ഥയിൽ വിവക്ഷിച്ചിട്ടുള്ള രോഗങ്ങൾ ഒരു പ്രത്യേകവിഭാഗത്തിൽപെടുന്നവയാണെന്ന കാര്യം പ്രസക്തമാണ്. കാൻസർ, ഹൃദയാഘാതം തുടങ്ങിയ മാരകമായ രോഗങ്ങളോ ശാരീരികമായ അവശതയിലേക്ക് നയിക്കുന്ന ദുർബ്ബലാവസ്ഥകൾ പോലുമോ ഈ വകുപ്പിന്റെ പരിധിയിൽ വരുന്നില്ല. എന്നാൽ, കുത്തഴിഞ്ഞ ജീവിതത്തിലൂടെ പുരുഷൻ നേടുന്ന എയ്ഡ്സ് ഉൾപ്പെടെയുള്ള ലൈംഗികജന്യ രോഗങ്ങളും സമൂഹത്തിനുതന്നെ ഭീഷണിയായ കുഷ്ഠമുൾപ്പെടെയുള്ള മാറാവ്യാധികളുമാണ് പ്രസ്തുത പരിധിയിൽ വരുന്നത്.

വിവാഹമോചനത്തിന് പെൺകുട്ടികൾക്ക് ലഭ്യമായ മറ്റൊരു വ്യവസ്ഥ 15 വയസ്സ് പൂർത്തിയാവും മുമ്പ് പിതാവോ രക്ഷിതാവോ (വലി) ശരീഅത്ത് വ്യവസ്ഥകൾ പ്രകാരം വിവാഹം ചെയ്തുകൊടുക്കുന്ന പെൺകുട്ടിക്ക്, 18 വയസ്സ് പൂർത്തിയാവും മുമ്പ് അവൾ ആ വിവാഹബന്ധം വേണ്ടെന്ന് വെച്ചിരിക്കണം എന്നതാണ്. ഈ വ്യവസ്ഥയ്ക്ക് ഒരു സുപ്രധാന ഉപാധി നിശ്ചയിച്ചിട്ടുള്ളത് അപ്രകാരം ബന്ധം ഉപേക്ഷിക്കുമ്പോൾ (Repudiation) ഭർത്താവുമായി ശാരീരികബന്ധത്തിലേർപ്പെട്ടിരുന്നില്ല എന്നുറപ്പുവരുത്തണം എന്നതാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ 15 വയസ്സിനു മുമ്പ് വിവാഹിതയാവുന്ന മുസ്‌ലിംപെൺകുട്ടി 18 വയസ്സ് തികയും മുമ്പ് ആ വിവാഹബന്ധം ഉപേക്ഷിക്കാതിരിക്കുകയോ ഭർത്താവുമായി ശാരീരികബന്ധമുണ്ടാവുകയോ ചെയ്യുന്നതായാൽ ഈ വ്യവസ്ഥ പ്രകാരമുള്ള വിവാഹമോചന അവകാശം ലഭിക്കുന്നതല്ല.

ശിശുവിവാഹ നിരോധനനിയമത്തിൽ (Child Marriage Restraint Act 1929) 1976-ലും 1978-ലും വരുത്തിയ ഭേദഗതികൾ പ്രകാരം വിവാഹപ്രായം ആൺകുട്ടിക്ക് 21ഉം പെൺകുട്ടിക്ക് 18ഉം ആയി നിശ്ചയിക്കുകയും ആ പ്രായത്തിന് മുമ്പ് നടക്കുന്ന ശിശുവിവാഹങ്ങൾ ശിക്ഷാർഹമായ ക്രിമിനൽ കുറ്റമായി വ്യവസ്ഥപ്പെടുത്തുകയും അപ്രകാരം ശിശുവിവാഹങ്ങൾ നടക്കുന്നത് സ്വമേധയാപോലും നിരോധിച്ചുകൊണ്ട് ഉത്തരവിടാൻ കോടതികൾക്ക് വിപുലമായ അധികാരങ്ങൾ നല്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത വിവാഹപ്രായമെത്തുന്നതിന് മുമ്പ് നടക്കുന്ന വിവാഹങ്ങൾ അസാധുവായി ഒരു നിയമവും കണക്കാക്കുന്നില്ല എന്ന വസ്തുതയോട് ചേർത്തുവായിക്കേണ്ടതാണ്. 1939-ലെ മുസ്‌ലിം വിവാഹമോചന നിയമത്തിലെ മേൽപറഞ്ഞ വ്യവസ്ഥ ശിശുവിവാഹ നിരോധനനിയമത്തിൽ വിവാഹപ്രായം നിശ്ചയിക്കുന്നതിനുള്ള ഭേദഗതികൾ വന്നപ്പോൾ ഇന്ത്യയിലുടനീളം വ്യാപകമായ വിവാദങ്ങൾ ഉയർന്നുവന്നിരുന്നു. അന്ന് ഉയർന്നുകേട്ട വലിയൊരു വാദം വിവാഹപ്രായം നിശ്ചയിക്കുന്നത് ജാതിമതഭേദമന്യെ എല്ലാവർക്കും ബാധകമാക്കിയാൽ അത് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ശരീഅത്ത് നിയമത്തിൽ കൈകടത്തലാണ് എന്നതായിരുന്നു. എന്നാൽ, കഥയറിയാതെയുള്ള ആട്ടം കാണലായിരുന്നു ആ വിവാദമെന്ന് പിന്നീട് എല്ലാവർക്കും ബോധ്യമായി. വിവാഹപ്രായം നിശ്ചയിച്ചത് ഭരണഘടനാനുസൃതമാണെന്ന് സുപ്രീംകോടതി വിധിച്ചു. വിവാഹം ഭരണഘടനയനുസരിച്ച് ഇന്ത്യൻ പൗരന്റെ

വ്യക്തിനിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ വിവാഹപ്രായത്തിന്റെ പരിധി നിശ്ചയിക്കുന്നത് വ്യക്തിനിയമത്തിൽ കൈകടത്തലാവുമോ എന്നതായിരുന്നു അന്ന് സുപ്രീംകോടതി പരിശോധിച്ച വാദം. എന്നാൽ, വസ്തുതകൾ വ്യത്യസ്തമായിരുന്നു. ശൈശവവിവാഹം നിരുത്സാഹപ്പെടുത്താൻ എല്ലാ ഇന്ത്യൻ പൗരന്മാർക്കും ബാധകമായനിലയിൽ വിവാഹപ്രായം നിശ്ചയിച്ചതുകൊണ്ട് മാത്രം വിവാഹവും അതിന്റെ ആചാരമര്യാദകളും നിഷ്ഠകളും വ്യക്തിനിയമത്തിന്റെ പരിധിയിൽനിന്നും എടുത്തുകളയാനാവില്ല എന്നതായിരുന്നു സുപ്രധാനമായ കണ്ടെത്തൽ.

അതനുസരിച്ച് ശരീഅത്ത് അംഗീകരിക്കുന്ന ഏത് വിവാഹബന്ധവും നിയമപ്രകാരം സാധുവാണ്. മുസ്‌ലിം വിവാഹത്തിന്റെ സാധുത നിശ്ചയിക്കുന്നതും ശരീഅത്ത് വ്യവസ്ഥകൾ തന്നെയാണ്. ശരീഅത്ത് നിയമം വിവാഹത്തിന് പ്രായപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ആ നിലയ്ക്ക് ശിശുവിവാഹനിരോധനനിയമത്തിൽ നിശ്ചയിച്ച പ്രായപരിധിയിൽപെടുന്ന ശൈശവവിവാഹമായാൽപോലും ആ ബന്ധം മറ്റുവിധത്തിൽ സാധുവാണെങ്കിൽ ബലത്തിലും ഫലത്തിലും വരുമെന്നർത്ഥം. എന്നാൽ, ശിശുവിവാഹം അത് നടക്കും മുമ്പ് തടയാനും നടന്നാൽ ബന്ധപ്പെട്ടവർക്കെതിരെ ക്രിമിനൽകുറ്റത്തിന് കേസെടുത്ത് കുറ്റം തെളിഞ്ഞാൽ ശിക്ഷിക്കാനും ബന്ധപ്പെട്ട കോടതികൾക്ക് ശിശുവിവാഹനിരോധനനിയമം അധികാരം നല്കുന്നുണ്ട്. അതായത്, ഒരു മുസ്‌ലിം വിവാഹം, ആൺകുട്ടിയോ പെൺകുട്ടിയോ രണ്ടുപേരുമോ ആ നിയമത്തിലെ വിവാഹപ്രായമെത്താത്തവരാണെങ്കിൽ കൂടി, ആയത് നടന്നുകഴിഞ്ഞാൽ, സാധുവായ വിവാഹമായിരിക്കും. ശരീഅത്ത് നിബന്ധനകൾ പാലിച്ചിട്ടുണ്ടെങ്കിൽ. ക്രിമിനൽ കേസ്, വിചാരണ, ശിക്ഷ എന്നിവ ആ ശിശുവിവാഹത്തിന്റെ സാധുതയെ ബാധിക്കുന്നില്ല എന്നർത്ഥം. അതായത്, ശരീഅത്ത് പ്രകാരം സാധുവാണെങ്കിൽകൂടി നിയമപ്രകാരം വിവാഹപ്രായം തികയാത്തവരുടെ വിവാഹം നടന്നാൽ ബന്ധപ്പെട്ടവർ നിശ്ചിതസമയപരിധിക്കകം ക്രിമിനൽ കേസിൽ പ്രതികളാകേണ്ടിവരുന്നതാണ്. നിശ്ചിതസമയത്തിനകം ആരും പരാതിപ്പെടുന്നില്ലെങ്കിൽ ക്രിമിനൽകേസ് കാലഹരണപ്പെടുകയും ചെയ്യും. ശിശുവിവാഹം നടത്തിയാലും അതിന് ക്രിമിനൽകേസ് ഉണ്ടായാലും ഇല്ലെങ്കിലും ശരീഅത്ത് വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള വിവാഹം സാധുവാണ്.

ഈ പശ്ചാത്തലത്തിലാണ് 1939-ലെ മുസ്‌ലിം വിവാഹമോചനനിയമത്തിലെ 15 വയസ്സ് തികയാത്ത പെൺകുട്ടി വിവാഹിതയായാൽ ആ പെൺകുട്ടിക്ക് ഫസ്ഖ് പ്രകാരം വിവാഹമോചനത്തിന് മേൽപറഞ്ഞ നിബന്ധനകൾ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ആ വ്യവസ്ഥയ്ക്ക് ഇന്നും സാംഗത്യവും പ്രസക്തിയുമുണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കും. അതേസമയം ഈ വ്യവസ്ഥ 15 വയസ്സ് പൂർത്തിയായ ശേഷമോ മേൽപറഞ്ഞ ശിശുവിവാഹത്തിന്റെ പ്രായപരിധി കഴിഞ്ഞനിലയിൽ 18 വയസ്സ് പൂർത്തിയായ ശേഷമോ വിവാഹിതയാകുന്ന മുസ്‌ലിം പെൺകുട്ടിക്ക് ബാധകമാവുന്നതല്ല.

ഇവിടെ പ്രതിപാദിക്കുന്ന വിവാഹമോചനനിയമത്തിൽ മുസ്‌ലിം ഭാര്യക്ക് വിവാഹമോചനം നേടാൻ അനുവദിച്ചിട്ടുള്ള ഏറ്റവും ഫലപ്രദവും ഏറ്റവും ഉപയുക്തവുമായ വ്യവസ്ഥ ഭർത്താവ് അവളോട് കാണിക്കുന്ന ക്രൂരതയാണ്. ഒരുപക്ഷേ, പ്രസ്തുത നിയമവ്യവസ്ഥയുടെ കാതൽതന്നെ ഈ വകുപ്പാണെന്ന് തറപ്പിച്ചുപറയാൻ കഴിയും. ഒരു ഭാര്യ ഭർത്താവിൽനിന്നും അനുഭവിക്കുന്ന എല്ലാവിധ ക്രൂരതയും ഈ വ്യവസ്ഥയുടെ നിർവചനത്തിൽ നിയമം നിജപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 68 വർഷത്തിന്നിടയിൽ അതായത്, പ്രസ്തുത നിയമം നടപ്പിൽവന്ന ശേഷം ഏറ്റവും കൂടുതൽ മുസ്‌ലിംസ്ത്രീകൾ വിവാഹമോചനത്തിന് സ്വീകരിച്ച വ്യവസ്ഥയും അതുതന്നെയായിരിക്കും. ഒരു സ്ഥിതിവിവരക്കണക്കുപ്രകാരം ഇന്ത്യയിൽ കുടുംബകോടതികളിൽ നിലവിലുള്ള മുസ്‌ലിംഭാര്യമാരുടെ വിവാഹമോചനനിയമനടപടികളിൽ 90%വും ഭർത്താക്കന്മാരുടെ ക്രൂരതകാരണമാണ് വിവാഹബന്ധത്തിൽനിന്നും വിടുതൽ തേടുന്നത്. അത്രമാത്രം സാധാരണ ജീവിതവുമായും നമുക്കുചുറ്റും കാണുന്ന ശിഥിലബന്ധങ്ങളുമായും ബന്ധമുള്ളതാണ് ഭർത്താവിന്റെ ക്രൂരത. സ്ത്രീപീഡനമെന്നും മറ്റും പരക്കെ വ്യവഹരിക്കപ്പെടുന്ന ഭർത്താവിന്റെ അസഹനീയമായ എല്ലാവിധ പെരുമാറ്റങ്ങളും ഈ വ്യവസ്ഥയുടെ പരിധിയിൽ വരുന്നുണ്ട്.

ഈ വിപുലമായ വ്യവസ്ഥയിൽതന്നെ ആറ് കാര്യങ്ങൾ ഭർത്താവിന്റെ ക്രൂരതയായും ക്രൂരതയിൽപെടുന്ന പ്രവൃത്തികളായും നിയമം വിവക്ഷിക്കുന്നുണ്ട്. സ്ഥിരമായി ഭാര്യയെ മർദ്ദിക്കുകയോ ക്രൂരമായ പെരുമാറ്റത്തിലൂടെ ഭാര്യയുടെ ജീവിതം ദുസ്സഹമാക്കുകയോ ചെയ്യുന്ന ഭർത്താവിന്റെ സ്വഭാവമാണ് ക്രൂരതയിൽ ഒന്നാമതായി വിവരിച്ചിട്ടുള്ളത്. ശാരീരികമായ മർദ്ദനം ഒരിക്കലും ഉണ്ടായില്ലെങ്കിൽപോലും ഭാര്യയുടെ സ്വൈര്യജീവിതം അസാധ്യമാക്കുന്ന പെരുമാറ്റവും മാനസികമായ പീഡനവുമെല്ലാം ഈ നിർവചനത്തിൽ പെടുന്നതാണ്. ഒറ്റപ്പെട്ട സംഭവങ്ങളോ വല്ലപ്പോഴുമുള്ള ക്രുദ്ധമായ

പെരുമാറ്റമോ എന്നെങ്കിലുമുള്ള ശാരീരികമായോ മാനസികമായോ ഉള്ള പീഡനമോ ഇങ്ങനെ വ്യാഖ്യാനിക്കാവുന്ന ക്രൂരതയിൽപെടുന്നില്ലെന്ന് നീതിപീഠങ്ങൾ വിധിച്ചിട്ടുണ്ട്. ജീവിതം ദുസ്സഹമാക്കുന്നവിധത്തിൽ, അല്ലെങ്കിൽ സ്വൈര്യജീവിതം അസാധ്യമാക്കുന്നവിധത്തിൽ അതുമല്ലെങ്കിൽ സ്ഥിരമായി മനഃസമാധാനം നഷ്ടപ്പെടുത്തുന്ന വിധത്തിലുള്ള ഏത് പെരുമാറ്റവും പീഡനവും ശാരീരികമോ മാനസികമോ ആയ കൈയ്യേറ്റങ്ങളും ഉൾപ്പെടെയുള്ള സ്ഥിരമായ, പതിവായ ഭർത്താവിന്റെ പെരുമാറ്റമാണ് ഈ വ്യവസ്ഥയുടെ പരിധിയിൽ വരുന്നത്.

ഭർത്താവ് ഭാര്യയോട് കാണിക്കുന്ന ഏറ്റവും വലിയ ക്രൂരതകളിൽ രണ്ടാമത്തേത് ചീത്തയായ നിലയിൽ കഴിയുന്ന പരസ്ത്രീകളോടൊപ്പം ഭർത്താവ് ഇടപഴകുന്നതും അത്തരം മോശമായ ജീവിതം നയിക്കുന്നതുമാണ്. ഇവിടേയും ഭർത്താവിന്റെ ജീവിതശൈലി, സ്വഭാവം, പതിവുകൾ, സഹവാസം എന്നിവയെ മൊത്തത്തിൽ പരിശോധിച്ച് തീരുമാനത്തിലെത്താൻ ഈ ക്രൂരത ആരോപിക്കുന്ന ഭാര്യ ബാധ്യസ്ഥയാണ്. ക്ഷന്തവ്യമായ അപഭ്രംശമോ അബദ്ധങ്ങളോ വല്ലപ്പോഴും സംഭവിക്കുന്ന സദാചാരവിരുദ്ധ നടപടികളോ അല്ല മറിച്ച്, സ്വഭാവപരമായി വൃത്തികെട്ട പരസ്ത്രീബന്ധമോ ദുർന്നടപടികളിൽ ആഴ്ന്നിറങ്ങുന്ന ജീവിതരീതിയോ ഭർത്താവിനുണ്ടെങ്കിൽ അവയാണ് ഈ വ്യവസ്ഥയിൽ പ്രതിപാദിക്കുന്ന ക്രൂരത.

മുസ്ലിംഭാര്യയുടെ വ്യക്തിപരമായ അഭിമാനബോധവും വ്യക്തിത്വവും ഉയർത്തിപ്പിടിക്കുന്നതാണ്, അധാർമ്മികമായ ഒരു ജീവിതം നയിക്കാൻ സ്വന്തം ഭാര്യയെ നിർബന്ധിക്കുന്ന ഭർത്താവിൽനിന്നും വിവാഹമോചനം നേടാൻ അതേ കാര്യംതന്നെ ക്രൂരതയുടെ മറ്റൊരു അടിസ്ഥാനമായി ഉപയോഗിക്കാൻ ഭാര്യയ്ക്ക് ഈ നിയമവ്യവസ്ഥ അനുവദിക്കുന്ന മറ്റൊരു ആനുകൂല്യം. ഏറ്റവും നികൃഷ്ടമായ ഭർത്തൃക്രൂരതയാണിത്. ഭർത്താവ് സ്വയം അധാർമ്മികജീവിതം നയിക്കുന്നതാണ് ഇതിന് തൊട്ടുമുമ്പ് വിവരിച്ച ഭർത്താവിന്റെ ക്രൂരതയെങ്കിൽ ഇവിടെ മൂന്നാമതായി നിർവ്വചിച്ചിട്ടുള്ള ക്രൂരത ഭാര്യയെ അധാർമ്മികജീവിതത്തിലേക്ക് തള്ളിവിടുന്ന ഭർത്താവിന്റെ നികൃഷ്ടതയാണ്.

നാലാമതായി മുസ്ലിം ഭർത്താവിന്റെ ക്രൂരതയിൽ ഈ നിയമം ഉൾപ്പെടുത്തിയിട്ടുള്ളത് ഭാര്യയുടെ സ്വത്തുവകകൾ വിറ്റുതുലക്കുകയോ ഭാര്യ സ്വന്തം വകയായ സ്വത്തുക്കൾ നിയമപരമായി കൈകാര്യം ചെയ്യുന്നത് തടയുകയോ ചെയ്യുന്ന ഭർത്താവിന്റെ സ്വാർത്ഥതയേയും ദുരുപദിഷ്ടതയേയുമാണ്. വിശുദ്ധഖുർആന്റെ ശാസനകളിലൊന്നാണ് സ്ത്രീയുടെ സാമ്പത്തികാധികാരങ്ങൾ പുരുഷൻ യഥാവിധി സംരക്ഷിക്കണമെന്നുള്ളത്. മഹർ മുതൽ മാതാപിതാക്കളുടേയും കുടുംബത്തിന്റേയും സ്വത്തുക്കളിൽ സ്ത്രീകൾക്ക് ലഭിക്കുന്ന സ്വത്തവകാശംവരെ സംരക്ഷിക്കാനുള്ള ബാധ്യത ഖുർആൻ പവിത്രമായ ധർമ്മമായി പുരുഷനെ ഭരമേല്പിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് മനുഷ്യചരിത്രത്തിലാദ്യമായി സ്വത്തവകാശം അനുവദിച്ചത് ഇസ്ലാമായിരുന്നു. ആ ഖുർആൻ ശാസനകളനുസരിച്ചാണ് ഭാര്യയുടെ സ്വത്തവകാശവും അത് നിയമവിധേയമായി കൈകാര്യം ചെയ്യാൻ ഭാര്യക്കുള്ള അവകാശവും ശരീഅത്ത് നിയമസംഹിതയിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. ഈ സംരക്ഷിതവലയം തകർക്കാൻ ഭർത്താവിന് യാതൊരവകാശവുമില്ലെന്നും അതിന് ശ്രമിക്കുന്ന ഭർത്താവിന്റെ നടപടി ഫസ്ഖ് പ്രകാരം വിവാഹമോചനത്തിന് ഭാര്യക്ക് അവകാശം ലഭ്യമാക്കുന്ന ക്രൂരതയാണെന്നും മേൽവിവരിച്ച വിവാഹമോചനവ്യവസ്ഥ വിശദീകരിക്കുന്നു.

ഭാര്യയുടെ മതപരമായ വിശ്വാസങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും തടസ്സം നില്ക്കുന്ന ഭർത്താവിന്റെ ഏത് നടപടിയും ഭാര്യയോടുള്ള ക്രൂരതയായി വ്യാഖ്യാനിക്കുന്നതാണ് അഞ്ചാമതായി ഈ നിയമം വിവക്ഷിക്കുന്നത്. ഒരു മുസ്ലിം ഭാര്യയുടെ ഈമാനുമായും തഖ്വയുമായും നേരിട്ട് ബന്ധമുള്ളതാണ് ഈ വ്യവസ്ഥ. സ്വന്തമായി ഭർത്താവ് എത്ര തന്നെ സമുന്നതമായ നിലയിൽ ഭക്തിയും ഇസ്ലാമികവിശ്വാസ- അനുഷ്ഠാന സംഹിതകളും സ്വീകരിച്ചിരുന്നാലും അതുപോലെതന്നെ സ്വന്തം ഭാര്യയ്ക്ക് വിശ്വാസകാര്യങ്ങളിലും ആരാധനകളിലും സർവ്വവിധ സ്വാതന്ത്ര്യവും നല്കാൻ അയാൾ ബാധ്യസ്ഥനാണ്. ഭാര്യയുടെ അത്തരം അവകാശങ്ങളെ നിഷേധിച്ചാൽ അല്ലെങ്കിൽ തടസ്സപ്പെടുത്തിയാൽ ഭാര്യക്ക് അക്കാരണം കൊണ്ട് വിവാഹമോചനത്തിന് അവകാശം ലഭിക്കുന്നു. ഭാര്യയെ നമസ്കരിക്കുന്നതിൽനിന്നോ നോമ്പ് നോല്ക്കുന്നതിൽനിന്നോ ഖുർആൻപാരായണത്തിൽനിന്നോ അതുപോലെ വിശ്വാസവും ആരാധനയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യത്തിലോ ഭർത്താവ് തടസ്സപ്പെടുത്തിയാൽ അത് വിവാഹമോചനം ലഭ്യമാക്കാവുന്ന ഭർത്താവിന്റെ ക്രൂരതയായി നിയമം വിശദീകരിക്കുന്നു.

ആറാമത്തെ ക്രൂരതയായി ഈ നിയമം വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത് ഒന്നിലധികം ഭാര്യമാരുള്ള ഭർത്താവ് തന്റെ ഭാര്യമാരോട് തുല്യമായ നിലയിലോ തുല്യപരിഗണനയിലോ വിശുദ്ധഖുർആന്റെ അനുശാസനകളനുസരിച്ചോ പെരുമാറാതിരിക്കുക എന്നതാ

ണ്. ബഹുഭാര്യത്വം മുസ്‌ലിം പുരുഷന് വിശുദ്ധഖുർആൻ അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ, അത് അപരിമിതമായ ഒരു സൗകര്യമോ അതിരുകളില്ലാത്ത ജീവിതാസ്വാദനമോ സ്വേച്ഛയനുസരിച്ചുള്ള പെരുമാറ്റമോ ആവരുതെന്നും വിശുദ്ധഖുർആൻ വിശദീകരിച്ചിട്ടുണ്ട്. ഒരുപാട് അതിരുകളും അരുതുകളും ഈ അനുവാദത്തിന്റെ അനുബന്ധമായി ഇസ്‌ലാം നിഷ്കർഷിച്ചിട്ടുള്ളതാണ്. വിസ്താരഭയത്താൽ അവ ഇവിടെ വിശദീകരിക്കുന്നില്ലെങ്കിലും പ്രസക്തമായ ഒരു വസ്തുത ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാൻ അല്ലാഹു പുരുഷന് നല്കിയ അനുവാദത്തിന്റെ ആദ്യത്തെ നിബന്ധനയാണ്, എല്ലാ ഭാര്യമാരേയും തുല്യമായി, സമമായി, എല്ലാവിധത്തിലും ഒരുപോലെ, ഒന്നുപോലെ, വേർതിരിവും വകതിരിവുമില്ലാതെ, വിവേചനമില്ലാതെ, ആരോടും പ്രത്യക്ഷമായോ കൂടുതലായോ സ്നേഹമോ അടുപ്പമോ അകൽച്ചയോ വിരോധമോ ഈർഷ്യയോ ഇല്ലാതെ, പരിഗണിക്കാൻ, നോക്കിനടത്താൻ, പരിരക്ഷിക്കാൻ, പെരുമാറാൻ സാധിക്കുമെങ്കിൽ മാത്രമേ-അങ്ങനെ സാധിക്കുമെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ- ഒരു മുസ്‌ലിം പുരുഷൻ രണ്ടാമതൊരു വിവാഹം കഴിക്കാൻ പാടുള്ളൂ- അങ്ങനെ രണ്ടാമതൊരു വിവാഹത്തിന് സാംഗത്യമുള്ള സാഹചര്യത്തിൽ. ഇതാണ് ഏകദേശമുള്ള ഖുർആന്റെ അനുശാസനം.

ഇങ്ങനെ അതിരുകളിട്ട ഒരു അനുവാദത്തിന്റെ ബലത്തിൽ ഒന്നിലധികം വിവാഹം കഴിക്കുന്ന മുസ്‌ലിം പുരുഷൻ ഏത് നിമിഷത്തിൽ ആ ലക്ഷ്മണരേഖ ലംഘിക്കുന്നുവോ അപ്പോൾ ബന്ധപ്പെട്ട ഖുർആൻ ശാസനക്ക് വിരുദ്ധമായി പരിഗണന നഷ്ടപ്പെടുന്ന ഭാര്യമാരിലാർക്കും അക്കാരണത്താൽ ഈ നിയമവ്യവസ്ഥ പ്രകാരം വിവാഹമോചനത്തിന് അവകാശം ലഭിക്കുന്നു. ഈ ശരീഅത്ത് വ്യവസ്ഥിതിയിലധിഷ്ഠിതമായ നിയമസംവിധാനം വിരൽചൂണ്ടുന്നത് ബഹുഭാര്യത്വം എത്രമാത്രം ശാസ്ത്രീയമായിട്ടാണ് ഇസ്‌ലാം അനുവദിച്ചിട്ടുള്ളതും നിയന്ത്രിച്ചിട്ടുള്ളതുമെന്നാണ്. അതേശാസ്ത്രീയതയോടെ തന്നെ അസ്വീകാര്യവും അപകടകരവുമായ ബഹുഭാര്യത്വം ഏത് പുരുഷനിലും അവസാനിപ്പിക്കാനും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

മുസ്‌ലിം നിയമസംഹിത, ഒരു മുസ്‌ലിം വിവാഹബന്ധം അവസാനിപ്പിക്കാൻ സാധുവായ നിലയിൽ അംഗീകരിക്കുന്ന മറ്റേത് കാരണത്തിന്മേലും ഒരു മുസ്‌ലിം ഭാര്യക്ക് മേൽപറഞ്ഞ നിയമപ്രകാരം വിവാഹമോചനത്തിന് അപേക്ഷിക്കാം എന്ന് 1939 -ലെ നിയമം വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. ഈ വ്യവസ്ഥ, മറ്റ് സുവ്യക്തമായ കാരണങ്ങളിൽനിന്നും വ്യത്യസ്തമാണ്. മുസ്‌ലിംനിയമസംഹിത അപ്രകാരം സാധുവായ നിലയിൽ അംഗീകരിക്കുന്ന മറ്റ് കാരണങ്ങൾ എന്താണെന്ന് നിയമം പ്രതിപാദിക്കുന്നില്ല. കാലദേശ വ്യത്യാസമനുസരിച്ചും കാലാകാലം ഇസ്‌ലാമികപണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങളനുസരിച്ചും നിയമത്തോളം സാധുതയുള്ള നാട്ടാചാരങ്ങളും നടപ്പുരീതികളുമനുസരിച്ചും ശരീഅത്ത് തത്വങ്ങൾക്ക് വിധേയമായി അപ്രകാരം സ്വീകരിക്കപ്പെടാവുന്ന കാര്യങ്ങളെ ഈ വ്യവസ്ഥപ്രകാരം വിവാഹമോചനത്തിന് ആധാരമാക്കാൻ കഴിയും. ആത്യന്തികമായി ശരീഅത്ത് തത്വങ്ങളായിരിക്കും അവയുടെ ഉരകല്ല്. മറ്റൊന്ന് അവ പരിശോധിക്കുന്ന കോടതിയുടെ അതിവിപുലമായ വിവേചനാധികാരവും.

മറ്റൊരു നിയമസംഹിതയിലും സ്ത്രീകൾക്ക് ഇത്രയും വിപുലവും പ്രായോഗികവുമായ വിവാമോചനാവകാശം നല്കിയിട്ടില്ല. അതാണ് ഫസ്ഖിന്റെ മനോഹാരിത. ആ ചാരുതയും ശാസ്ത്രീയതയും ചോർന്നുപോവാതെയാണ് 1939-ലെ നിയമം എഴുതിയിട്ടുള്ളത്. എന്നാൽ, യാഥാസ്ഥിതിക മുസ്‌ലിം പ്രദേശങ്ങളിൽ ഇന്നും ഫസ്ഖ് പ്രകാരം വിവാഹമോചനം നേടുന്നത് ദിനപത്രങ്ങളിൽ പരസ്യം ചെയ്തുകൊണ്ടാണ്. ഫസ്ഖ് എന്തെന്നോ അതിന്റെ ഖുർആനിക വീക്ഷണം എന്താണെന്നോ ഫസ്ഖ് പ്രകാരമുള്ള നിയമാവകാശം എങ്ങനെ ഉപയോഗിക്കണമെന്നോ നിശ്ചയമില്ലാത്ത യാഥാസ്ഥിതിക പുരോഹിതവർഗ്ഗത്തിന്റെ അജ്ഞതയുടേയും വിവരക്കേടിന്റേയും രക്തസാക്ഷികളാണ് ഇങ്ങനെ പത്രപ്പരസ്യം മുഖേന ഫസ്ഖ് വിളംബരം ചെയ്ത് സായൂജ്യമടയുന്നവർ. മേൽപ്പറഞ്ഞ വിവാഹമോചന നിയമമനുസരിച്ച് ഫസ്ഖ് അധികാരമുപയോഗിച്ച് കോടതിയിൽനിന്നും നേടിയ വിവാഹമോചനവിധി സമുദായത്തിന് ബാധകമല്ലെന്ന് ഫത്‌വയിറക്കി കോടതിയലക്ഷ്യ നടപടികൾക്ക് വിധേയരാവേണ്ടിവന്ന ചില മുല്ലമാരുടെ നടപടികൾ ഈയ്യിടെ ഉത്തരേന്ത്യയിൽനിന്നും വാർത്തകളിൽ ഇടം നേടിയിരുന്നു. പത്രപ്പരസ്യം, മഹല്ലുകളിൽ മതപുരോഹിതർ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ, ഫത്‌വമോഡലിൽ മതപുരോഹിതൻ പരസ്യപ്പെടുത്തുന്ന വിളംബരം എന്നിവ മുഖേനയാണ് യാഥാസ്ഥിതിക മുസ്‌ലിം പ്രദേശങ്ങളിൽ ഇപ്പോഴും ഫസ്ഖ് നടപ്പാക്കുന്നത്.

അഹ്മദികളല്ലാത്ത മുസ്‌ലിം വിഭാഗങ്ങളിൽ ഫസ്ഖ് സൃഷ്ടിക്കുന്ന ആശയക്കുഴപ്പം വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്. ചില ഇസ്‌ലാമിക രാജ്യങ്ങളിൽ സിവിൽകോടതികളുടെ അധികാരം കൈയാളുന്ന ഖാസിമാരുടെ ചുവടുപിടിച്ച് ഇന്ത്യയിലും സിവിൽ നിയമപരിപാലന അധികാരം തങ്ങ

*ശേഷം 39-ൽ*

ലേഖനം

സലിഹ മാലിക്ക്, യു.എസ്.എ.

# പർദ്ദ: തഖ്‌വയുടെ വസ്ത്രം

ഇസ്‌ലാംമതത്തിൽ ആദ്യമായി താല്പര്യം തോന്നിത്തുടങ്ങിയപ്പോൾതന്നെ, എനിക്ക് ഒട്ടും ഉൾക്കൊള്ളാൻ കഴിയാത്ത വിഷയമായിരുന്നു പർദ്ദ. ആധുനികസ്ത്രീ സ്വതന്ത്രയാണെന്നും അവൾക്ക് ഈ രീതിയിൽ സ്വയം പരിചയപ്പെടുത്താൻ സാധ്യമല്ലെന്നും ഞാൻ ചിന്തിച്ചു. എന്നും രാത്രി ഉറങ്ങാൻ പോകുന്നതിനു മുമ്പായി എസ്സൻസ് ഓഫ് ഇസ്‌ലാം, നമ്മുടെ അധ്യാപനങ്ങൾ പോലുള്ള (ഹമാരീ തഅ്ലീമാത്ത്) പുസ്തകങ്ങൾ ഞാൻ വായിക്കുകയും സമാധാനാവസ്ഥ അനുഭവിക്കുകയും ചെയ്തിരുന്നു. പർദ്ദയെന്ന പ്രശ്നംകൂടി ഇല്ലാതായെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചുപോയി. അങ്ങനെയിരിക്കെ ഞാനൊരു സ്വപ്നം കാണുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ഇസ്‌ലാംമതം സ്വീകരിക്കുകയും അങ്ങനെ പർദ്ദയിലേക്കുള്ള യാത്രയ്ക്ക് ഞാൻ തുടക്കം കുറിക്കുകയും ചെയ്തു. അടുത്തിടെ ഖലീഫത്തുൽ മസീഹ് ഖാമിസുമായുള്ള കൂടികാഴ്ചയിൽ എന്റെ പർദ്ദയെ പ്രശംസിച്ച് അദ്ദേഹം സംസാരിച്ചപ്പോൾ ഞാനീ സ്വപ്നം ഹുസൂറിനോട് പറയുകയുണ്ടായി. ഈ സ്വപ്നം ഓരോ അഹ്മദിസ്ത്രീയും കണ്ടിരുന്നുവെങ്കിലെന്ന് ഞാൻ ആഗ്രഹിക്കുന്നുവെന്ന് അപ്പോൾ അദ്ദേഹം പറയുകയുണ്ടായി. എന്റെ സ്വപ്നം ലളിതവും വ്യക്തവുമായിരുന്നു. മുഴുനീള ബുർഖയും മൂടുപടത്തോടുകൂടി ഹിജാബും ഞാൻ ധരിച്ചിരിക്കുന്നതായാണ് കണ്ടത്. ആ വേഷത്തിൽ ഞാൻ പരിപൂർണ്ണമായി ശാന്തി അനുഭവിച്ചിരുന്നു. പിറ്റേന്ന് രാവിലെ ആ സ്വപ്നവും അതിന്റെ അപാരശക്തിയും എന്നെ അത്ഭുതപരതന്ത്രയാക്കി. എനിക്കതിനെ എന്റെ മനസ്സിൽനിന്ന് മാറ്റാൻ കഴിഞ്ഞില്ല. ആ സ്വപ്നമായിരുന്നു എന്റെ ഇസ്‌ലാം സ്വീകരണത്തിന്റെ വിത്ത്. ഞാനതിനെ അല്ലാഹുവിന്റെ പക്കൽനിന്നുള്ള ഒരു പ്രോത്സാഹനമായെടുത്തു. യഥാർത്ഥത്തിൽ കുറച്ചുവർഷങ്ങൾക്കുശേഷം പ്രാദേശിക ജമാഅത്തിൽ ഭാരവാഹിത്വം ലഭിക്കുന്നതുവരെ ഞാൻ ശരിയായ വിധത്തിൽ പർദ്ദ ധരിച്ചിരുന്നില്ല. ഭാരവാഹികൾ പർദ്ദ ധരിച്ചിരിക്കണമെന്ന് എന്നോട് പറയപ്പെട്ടിട്ടുണ്ടായിരുന്നു. സ്ത്രീകളെക്കുറിച്ചും, സ്ത്രീയെന്ന നിലയിൽ എന്നെക്കുറിച്ചും ഞാൻ നേരത്തെ ഗ്രഹിച്ചതുപോലെയല്ല പലതുമെന്ന് മനസ്സിലാക്കിത്തുടങ്ങിയത് അന്നുമുതല്ക്കാണ്. ആ യാത്ര ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഇതിൽ ഉറച്ചുനില്ക്കാൻ സഹായിക്കുന്നതിന് ഞാൻ അല്ലാഹുവിനോട് കൃതജ്ഞതയുള്ളവളാണ്.

എന്റെ സംസ്കാരത്തിന്റെ സമ്പ്രദായങ്ങളിൽ പെട്ടുപോവാതിരിക്കാൻ പർദ്ദയെന്നെ ഓർമ്മപ്പെടുത്തിയിരുന്നുവെന്ന് ഞാൻ മനസ്സിലാക്കി. ഒരു സംസ്കാരത്തിന്റെ ഉത്പന്നമായല്ലാതെ സ്ത്രീയെന്ന നിലയിൽ സ്വയം മനസ്സിലാക്കാനുള്ള മാധ്യമമായി പർദ്ദ മാറി.

"(മറ്റു) ജനങ്ങൾ വിശ്വസിച്ചതുപോലെ നിങ്ങളും വിശ്വസിക്കുകയെന്ന് അവരോട് പറയപ്പെടുമ്പോൾ, ആ ഭോഷന്മാർ വിശ്വസിച്ചതുപോലെ ഞങ്ങൾ വിശ്വസിക്കുകയോ എന്നവർ പറയും. അറിയുക! നിശ്ചയമായും അവർ തന്നെയാണ് ഭോഷന്മാർ. എന്നാൽ, അവർ (ഇക്കാര്യം) അറിയുന്നില്ല" (2:14).

പല സന്ദർഭങ്ങളിലും പർദ്ദയുമായി ബന്ധപ്പെട്ട് എന്റെ മനസ്സ് സംഘർഷിതമാകുമ്പോൾ ഈ വചനം എനിക്കോർമ്മവരും. നേരത്തെ ഒരവിശ്വാസിയായിരുന്നതിനാൽ രണ്ടുവശങ്ങളും എനിക്ക് മനസ്സിലാക്കാൻ കഴിയും. എന്റെ സംസ്കാരത്തിന്റെ സമ്പ്രദായങ്ങൾക്കെതിരായി പർദ്ദ ധരിക്കുന്നത് വിഡ്ഢിത്തമാണോ എന്ന ചിന്ത പലപ്പോഴും അലട്ടാറുണ്ട്. പ്രത്യേകിച്ചും എന്റെ സുഹൃത്തുക്കൾ വളരെ കാഷ്വലായി അല്പവസ്ത്രം ധരിച്ചുകാണുമ്പോൾ. എനിക്ക് ഭ്രാന്താണെന്ന് അവർ ചിന്തിക്കുന്നുണ്ടാവണം. അപ്പോൾ അല്ലാഹുവിന്റെ സമാധാനിപ്പിക്കുന്ന വാക്കുകൾ എന്നെ തേടിയെത്തും.

"നിശ്ചയമായും അവർ തന്നെയാണ് ഭോഷന്മാർ. എന്നാൽ അവർ (ഇക്കാര്യം) അറിയുന്നില്ല" (2:14).

**എന്തുകൊണ്ട് പർദ്ദയ്ക്കിത്ര പ്രാധാന്യം?**

ഈ ചോദ്യത്തിന് പല ഉത്തരങ്ങളും ഉണ്ട്. സാധാരണനിലയിൽ നമുക്ക് പറയാൻ കഴിയും അല്ലാഹുവും അവന്റെ റസൂലും പർദ്ദ ധരിക്കണമെന്ന് കല്പിച്ചിരിക്കുന്നു. അല്ലെങ്കിൽ നമുക്ക് ചാരിത്രത്തെക്കുറിച്ച് പറയാം. അതായത് പർദ്ദ നിങ്ങളെ ലൈംഗികപീഡനങ്ങളിൽനിന്ന് സംരക്ഷിക്കുന്നുവെന്ന്. പർദ്ദ ധരിക്കാൻ പ്രേരിപ്പിക്കാൻതക്ക ഗൗരവാവഹമായതും, ശക്തവുമായ കാരണങ്ങളാണ് ഇവ രണ്ടും. പക്ഷേ, നിർഭാഗ്യവശാൽ അത് സംഭവിക്കുന്നില്ല. പർദ്ദയുടെ പ്രാധാന്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ള ഉത്തരം ഇതാണ്. അതായത്, പർദ്ദ തഖ്‌വയുടെ വസ്ത്രമാകുന്നു. അതുകൊണ്ടുതന്നെ അത് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്) 1991-ലെ ജൽസയിൽവെച്ച് അമേരിക്കൻലജ്നയെ സംബോധന ചെയ്തുകൊണ്ട് ഇതിനെക്കുറിച്ച് ഏറ്റവും

നല്ല വിശദീകരണമാണ് നല്കിയത്. ഒരാൾ വസ്ത്രം ധരിക്കുന്നത് രണ്ട് ഉദ്ദേശ്യത്തോടുകൂടിയാണ്. ഒന്ന് ധരിക്കുന്ന വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. മറ്റേത് പൊതുവായി സമൂഹവുമായി ബന്ധപ്പെട്ടുള്ളതാണ്.

അദ്ദേഹം വിശദീകരിച്ചുകൊണ്ടു പറഞ്ഞു: "ഒരാളുടെ വ്യക്തിപരമായ ആവശ്യങ്ങൾ എന്തെന്നാൽ കാലാവസ്ഥയുടെ സ്വാധീനങ്ങളിൽനിന്ന് ചൂടിൽനിന്നും, തണുപ്പിൽനിന്നും സുരക്ഷ നേടുക എന്നതാണ് പ്രധാനമായും ഉള്ളത്. ഒരാളുടെ ശരീരത്തെ മറച്ചുകൊണ്ട് സാംസ്കാരികവും, മതപരവുമായ ആവശ്യങ്ങൾ പൂർത്തീകരിക്കുക എന്ന ഉദ്ദേശ്യവും അത് നിറവേറ്റുന്നുണ്ട്. പൊതുവെ സമൂഹവുമായി ബന്ധപ്പെട്ട് പറയുമ്പോൾ ഒരാൾ വസ്ത്രം ധരിക്കുന്നത് അവരുടെ സ്വാഭാവിക വ്യക്തിഗത ആവശ്യങ്ങൾക്കുപരി പ്രാഥമികമായി അവരുടെ അഹംബോധത്തെ തൃപ്തിപ്പെടുത്താൻ വേണ്ടി ഉദ്ദേശിച്ചുകൊണ്ടാണ്. ഈ വസ്ത്രത്തിനുവേണ്ടി ചിലവഴിക്കുന്ന പണത്തിന്റെ മുക്കാൽ ഭാഗവും ഈ ഉദ്ദേശ്യവുമായി ബന്ധപ്പെട്ടതാണ്. തഖ്വ അഥവാ ഭയഭക്തി ഇല്ലാത്ത മനുഷ്യർ വസ്ത്രം ധരിക്കുന്നത് അവരുടെ ആകർഷണീയത മറച്ചുവെക്കുന്നതിനു പകരം അത് പ്രദർശിപ്പിക്കാനും വെളിപ്പെടുത്താനും വേണ്ടിയാണ്.

തഖ്വയുടെ വസ്ത്രത്തിന് ഏതെങ്കിലും ഗോത്രപരമായോ, ഭൂമിശാസ്ത്രപരമായോ ദേശീയമായോ ആയ യാതൊരു പ്രത്യേകതകളും ഇല്ല. അത് അറബിയുടേതോ അനറബിയുടേതോ അല്ല. അത് യൂറോപ്യനാകാം അതുപോലെത്തന്നെ അമേരിക്കനുമാവാം. ലോകത്തിലെ സകല രാജ്യങ്ങളിലും ധരിക്കുന്ന വസ്ത്രം തഖ്വയുടെ വസ്ത്രമാകാം. അല്ലെങ്കിൽ തഖ്വയില്ലാത്ത വസ്ത്രധാരണമാകാം. അത് തീരുമാനിക്കുന്നത് കാഴ്ചക്കാരന്റെ കണ്ണാണ്. മനുഷ്യരുടെ അഭിനന്ദനത്തിനും സന്തോഷത്തിനും സ്തുതിഘോഷത്തിനും വേണ്ടിയോ, സ്വന്തം അംഗഭംഗി വെളിപ്പെടുത്താൻ വേണ്ടിയോ, എതിർലിംഗത്തിൽപ്പെട്ടവരെ ആകർഷിക്കാൻ വേണ്ടിയോ ധരിക്കപ്പെടുന്ന വസ്ത്രമാണെങ്കിൽ അത് തഖ്വയുടെ എല്ലാ ഗന്ധങ്ങളിൽനിന്നും, ഭാവങ്ങളിൽനിന്നും നിറങ്ങളിൽനിന്നും അനാവൃതമായിരിക്കും. എന്നാൽ, വസ്ത്രം ധരിക്കുന്ന വ്യക്തി അല്ലാഹുവിനെക്കുറിച്ച് ബോധവതിയാണെങ്കിൽ അവളുടെ വസ്ത്രം തീർച്ചയായും തഖ്വയുടെ വസ്ത്രമാണെന്ന് പറയാം.

ജനങ്ങളെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി മാത്രമാണ് നിങ്ങൾ വസ്ത്രം ധരിക്കുന്നതെങ്കിൽ നിങ്ങളുടെ മുഴുവൻ ജീവിതവും ആ ഒരു കാര്യത്താൽ നിയന്ത്രിക്കപ്പെടും. നിങ്ങൾ സാവധാനം ഭൗതികതയുടെ വ്യർത്ഥ സുഖങ്ങളുടെ പിന്നാലെ പായുന്നതിലേക്ക് നയിക്കപ്പെടും. പക്ഷേ, നിങ്ങൾ തഖ്വയുടെ വസ്ത്രം ധരിക്കുകയാണെങ്കിൽ, നിങ്ങളെന്ത് ധരിച്ചാലും, അത് സുന്ദരമായാലും അല്ലെങ്കിലും പരിഷ്കൃതമായതാണെങ്കിലും അല്ലെങ്കിലും അത് നിങ്ങളുടെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നതും നിങ്ങളെ മറ്റുള്ളവരിൽനിന്ന് വേർതിരിച്ചറിയാനും സഹായിക്കുന്നതുമായിരിക്കും.

ഈ കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ പർദ്ദയുടെ വിഷയം അല്ലാഹുവിലേക്കുള്ള നിങ്ങളുടെ യാത്രയായി മാറുന്നു. ഇത് നിങ്ങളുടെ ഇസ്‌ലാമിന്റെ വസ്ത്രമാകുന്നു.

**തഖ്വ; സ്നേഹത്തിന്റേയും ഭയത്തിന്റേയും മിശ്രിതം**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വിവരിക്കുന്നു. തഖ്വ, സംശയങ്ങളും ഭയവും ഉളവാക്കുന്ന സ്നേഹമാകുന്നു. ഒരു കാമുകൻ എല്ലായ്പ്പോഴും തന്റെ പ്രിയതമയുടെ പ്രതികരണത്തെക്കുറിച്ചുള്ള സംശയത്തിന്റേയും ഭയത്തിന്റേയും ദുർലക്ഷണങ്ങളുടേയുമൊക്കെ ലോകത്താണ് ജീവിക്കുന്നത്. സ്വന്തം പ്രേമഭാജനത്തിന്റെ ഓരോ ചലനവും അത് സ്നേഹത്തിന്റേതാണോ നീരസത്തിന്റേതാണോയെന്നവർ സന്ദേഹിക്കുന്നു.

ഇസ്‌ലാമിലേക്കും പർദ്ദയിലേക്കുമുള്ള എന്റെ യാത്രയെ ഞാനൊന്നായിത്തന്നെക്കാണുന്നു. ഇത്തരം തോന്നലുകൾ എന്റെ പ്രവർത്തനങ്ങളിൽ എന്നെ കൂടുതൽ പ്രലോഭിപ്പിച്ചതായി ഞാനോർക്കുന്നു. ഞാൻ ഇസ്‌ലാം സ്വീകരിക്കാൻ തീരുമാനിച്ചുകഴിഞ്ഞിരുന്നു. അധ്യാപന സമയത്തൊഴികെ മറ്റെല്ലാവസരങ്ങളിലും ഞാൻ പർദ്ദ ധരിച്ചുതുടങ്ങി. ഒരു ദിവസം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) എന്റെ ക്ലാസ്സിൽ വന്നതായി സങ്കല്പിച്ചു. അപ്പോൾ ഞാൻ ശരിക്കുമൊരു കപടവിശ്വാസിയാണെന്ന് തോന്നി. ഞാനെന്തുതരം വാഗ്ദാനമാണ് അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തത്. ഇത്തരമൊരു സാഹചര്യത്തിൽ ഞാനെങ്ങനെ ഇസ്‌ലാമിന്റെ വക്താവാകും. അങ്ങനെ ക്ലാസ്സിൽവെച്ച് ഒരയഞ്ഞകോട്ട് ധരിക്കാൻ തുടങ്ങി.

മറ്റൊരിക്കൽ എന്റെ ഒരു വിദ്യാർത്ഥിനി സ്കാർഫ് ധരിച്ചുകൊണ്ട് ക്ലാസ്സിൽ വരികയുണ്ടായി. എനിക്കവളോട് അസൂയ തോന്നി. ഇവിടെ അവൾ എന്നെക്കാളധികം അല്ലാഹുവിനെ സന്തോഷിപ്പിക്കുന്നുണ്ടായിരുന്നു. പക്ഷേ, ഞാനാണ് മുഹമ്മദ്(സ)ന്റെ സുഹൃത്താകാൻ ആഗ്രഹിച്ച വ്യക്തി; മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതുംഞാനായിരുന്നു; എന്റെ ഖലീഫ എനിക്ക് തഖ്വയെക്കുറിച്ച് വിശദീകരിച്ച് തന്നിട്ടുമുണ്ടായിരുന്നു. അവൾക്കോ ഇതൊന്നും അറിയില്ല. ഞാനും ക്ലാസ്സിൽ സ്കാർഫ് ഇടാൻതുടങ്ങി.

പർദ്ദയിലേക്ക് ഞാൻ അടുത്ത ചുവട് വെച്ചപ്പോൾ, ഇതുപോലത്തേയും, മറ്റു പല അനുഭവങ്ങളിലൂടെയും ഞാൻ മനസ്സിലാക്കി മറ്റുള്ളവർ എന്ത് ചിന്തിക്കും എന്നതല്ല പ്രശ്നം മറിച്ച്, എന്റെ അഹംബോധമാണ് പ്രതിബന്ധമുണ്ടാക്കുന്നതെന്ന്. ഞാനെടുത്ത പ്രതിജ്ഞ പാലിക്കുന്നതിൽനിന്നുമെന്നെ തടഞ്ഞുനിർത്തിയത് എന്റെ അഹംബോധമാണ്. എന്റെ വിദ്യാർത്ഥികളോ, മറ്റുള്ളവരോ ഇതൊന്നും ശ്രദ്ധിക്കുന്നതായി തോന്നിയില്ല.

**പർദ്ദയിലേക്കുള്ള യാത്ര ഇസ്‌ലാമിനെ അവതരിപ്പിക്കുന്നു**

ഞാൻ ബന്ധിതയാണിപ്പോൾ. ഒരു തീരുമാനം അടുത്തതിലേക്ക് എന്നെ നയിച്ചു. പർദ്ദ ധരിച്ചപ്പോൾ ഞാൻ അനുഭവിച്ച ബുദ്ധിമുട്ട് യഥാർത്ഥത്തിൽ എന്നോട് തന്നെയുള്ള തുറന്നപോരായിരുന്നു. പൊങ്ങച്ചം, സ്വന്തം മൂല്യങ്ങൾക്കുവേണ്ടി നില്ക്കുന്നതിനുപകരം മറ്റുള്ളവരെപ്പോലെയാകാനുള്ള ശ്രമം, വിമർശിക്കപ്പെടുമോ എന്ന ഭയം ഇതൊക്കെയായിരുന്നു പർദ്ദയിലുള്ള എന്റെ പുരോഗതിക്ക് പ്രതിബന്ധമായി നിന്നത്.

ഞാൻ എന്താണോ വിശ്വസിക്കുന്നത് എന്ത് പ്രവർത്തിക്കുമെന്നാണ് വാക്ക് നല്കിയത്, അതിൽ സ്വസ്ഥത നേടുവാനും, അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽനിന്നും കാലത്തിന്റെ ഖലീഫയോടുള്ള അനുസരണാർത്ഥം ചെയ്യുവാനുമുള്ള എന്റെ കഴിവിനെ വിലയിരുത്താൻ ഈ യാത്ര എന്നെ നിർബന്ധിതയാക്കുന്നു.

നാം ഇസ്‌ലാം സ്വീകരിക്കുമ്പോൾ ഒരുതരത്തിൽ നാം അഭയാർത്ഥികളാകുന്നു. സ്വന്തം സംസ്കാരത്തിൽനിന്നും പുറത്താക്കപ്പെടുന്നു. ചിലപ്പോൾ അല്ലാഹു നാമെങ്ങനെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നുവോ, അത് നമുക്ക് നേടുക അസാധ്യമായി ത്തോന്നും; കാരണം നാം തന്നെ നമ്മുടെ വഴിയിൽ തടസ്സമായി നിൽക്കുന്നു. നമുക്ക് ധൈര്യത്തിന്റെ ആവശ്യമുണ്ട്. അഹന്തയ്ക്കെതിരെ നമുക്ക് പ്രയത്നിക്കേണ്ടതുണ്ട്. നമുക്ക് പ്രാർത്ഥനയുടെ ആവശ്യമുണ്ട്.

ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ) വിശദീകരിക്കുന്നു: "അതുകൊണ്ട് അല്ലാഹു പറയുന്നു, നിങ്ങൾ അവന്റെയടുത്ത് പോകുമ്പോൾ ഓർക്കുക. അവനെ സ്നേഹിക്കുന്നതുകൊണ്ട് മാത്രമാണ് നിങ്ങൾ അവന്റെയടുത്ത് പോകുന്നതെന്ന്. അങ്ങനെയല്ലെങ്കിൽ അവനെ കാണാനുള്ള നിങ്ങളുടെ പോക്ക് അർത്ഥശൂന്യമാകുന്നു. നിങ്ങൾ അവനെ സ്നേഹിക്കുമ്പോൾ, തീർച്ചയായും നിങ്ങൾ തിരിച്ച് സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്നത് സ്വാഭാവികമാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളെത്തന്നെ ഉത്തമമാക്കുക. നിങ്ങളുടെ പ്രിയങ്കരനായ ദൈവത്തിന്റെ ഹൃദയത്തിൽ സ്നേഹമുളവാക്കുന്ന ആന്തരസൗന്ദര്യത്തിന്റേയും ലാവണ്യത്തിന്റേയും ഗുണംകൊണ്ട് നിങ്ങൾ നിങ്ങളെത്തന്നെ അലങ്കരിക്കുക.

ഞാൻ പ്രതീക്ഷിക്കുകയും നിങ്ങളോടപേക്ഷിക്കുകയും ചെയ്യുന്നു. നിങ്ങൾ ഇസ്‌ലാമിനുവേണ്ടി യുദ്ധം ചെയ്യുക. പക്ഷേ, അത് വാക്കുകൊണ്ടോ, മാനവരാശിക്കെതിരോ അല്ല മറിച്ച്, അത് അവിവേകത്തിന്നെതിരെ, വൃത്തികേടുകൾക്കെതിരെ, കാപട്യത്തിന്നെതിരെ, ജ്ഞാനംകൊണ്ടും സൗന്ദര്യംകൊണ്ടും സത്യംകൊണ്ടുമാണ് ചെയ്യേണ്ടത്.

ദൈവഭയത്തിലേക്ക് തിരിയുക; ഭക്തരാകുക; തഖ്‌വയെ ആയുധമാക്കിക്കൊണ്ട് തഖ്‌വയുടെ മനോഹര വസ്ത്രമണിയുക. അപ്പോൾ എല്ലാം അനായാസമായിത്തീരും. നിങ്ങളപ്പോൾ സ്വതന്ത്രരാക്കപ്പെടുകയും മറ്റുള്ളവരെ വിമോചിതരാക്കാനുള്ള ഊർജ്ജം നിങ്ങൾക്കുണ്ടാവുകയും ചെയ്യും. ഇവിടത്തെ സമൂഹത്തെ സാത്താൻ കീഴടക്കിയിരിക്കുകയാണ്. സാത്താനെക്കുറിച്ചുള്ള നിങ്ങളുടെ ധാരണ എന്തായാലും, അത് നിങ്ങളുടെ ആന്തരികാസ്തിത്വത്തിൽ വ്യാപിച്ചിരിക്കുകയോ അല്ലെങ്കിലോ ഞാൻ വിരൽചൂണ്ടുന്നത് തെറ്റെന്താണോ, ദൈവികമല്ലാത്തതെന്താണോ അതിലേക്കാണ്. തിന്മയെന്നു പറയുന്ന എല്ലാത്തിലേക്കും ഈ സമൂഹം ഹർഷപുളകിതരാക്കപ്പെട്ടിരിക്കുന്നു. സ്വയം വിമോചിതരാവാതെ നിങ്ങൾക്കിവരെ സ്വതന്ത്രരാക്കാൻ കഴിയില്ല. ഈ സന്ദേശം നിങ്ങളുടെ ഹൃദയങ്ങളിൽ പതിയുവാനും, അത് നിങ്ങളുടെ പ്രവൃത്തിയായി രൂപപ്പെടാനും അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ."

(*യു.എസ്.എ ജലസ സാലാന 1991 സ്ത്രീകളോടുള്ള സംബോധന*)

(സ്വതന്ത്ര വിവർത്തനം: ഷഫാന സഫ്‌വാൻ)

---

*8-ൽ നിന്ന്*

നങ്ങളിറക്കി എല്ലാം കഴിഞ്ഞുപോയെന്ന വാദം ഒരിക്കലും ശരിയല്ല എന്നും ഇവിടെ വിവരിക്കുന്നു. ആവശ്യമുള്ളപ്പോൾ അല്ലാഹു വചനങ്ങളും ഇറക്കുന്നതാണ്. ക്രൈസ്തവരുടെ പുസ്തകങ്ങളിൽ യേശുവിനെ വചനം എന്നാണ് പറഞ്ഞിരിക്കുന്നത്. വിശുദ്ധഖുർആനും കലിമ (വചനം) എന്നും പറയുന്നു. ഇതുകാരണം അവർ പറയുന്നത് കലിമ, കലാം (വചനം) പോയിക്കഴിഞ്ഞതിനുശേഷം ഇനിയൊരു വചനവും ഇറങ്ങുകയില്ല എന്നാണ്. എന്നാൽ, ഈ ഒരാശയത്തേയും അല്ലാഹു ഇവിടെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ആത്മീയസംവിധാനം നിലനിർത്തുന്നതിന് ഇതിനുമുമ്പ് അല്ലാഹുവിന് ഒരു പുത്രന്റെ ആവശ്യമില്ലാതിരുന്നതുപോലെ ഇപ്പോഴും അതിന്ന് അല്ലാഹുവിന് ഒരു പുത്രന്റേയും ആവശ്യമില്ല.

'***കുൻഫയകൂൻ***' എന്നതിന്റെ അർത്ഥം അല്ലാഹു ആവുക എന്ന് പറയുമ്പോൾതന്നെ എല്ലാം നൊടിയിടയിൽ ആകുന്നു എന്ന് കരുതരുത്. മറിച്ച്, അല്ലാഹു ഏതൊരു കാര്യം നടപ്പിൽവരുത്തണം എന്ന് ഉദ്ദേശിക്കുന്നുവോ അതിന് ഒന്നും ഒരു തടസ്സമായിരിക്കില്ല എന്നാണ്. അത് എപ്പോഴാണോ പ്രത്യക്ഷപ്പെടേണ്ടത് ആ സമയത്ത് പ്രത്യക്ഷപ്പെടുന്നതാണ്.

ചുരുക്കത്തിൽ അല്ലാഹുവിന് പുത്രനുണ്ടെന്ന വാദത്തെ വിവിധ തെളിവുകൾ നിരത്തിക്കൊണ്ട് ഈ ആയത്തുകളിലൂടെ അല്ലാഹു നിരാകരിക്കുകയാണ്. അവൻ എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധനാണ്.

(*അവലംബം: തഫ്സീർകബീർ, വാല്യം-2, തയ്യാറാക്കിയത് എം. നാസിർ അഹ്മദ്*)

അബൂഅയ്മൻ

കവിത

# 'ഖുദ്റത്തെ സാനിയ'തൻ തേജോവിലാസം

പിരിഞ്ഞുകൊണ്ടിലയതിൻ മരത്തിനെയകന്നെന്നാൽ
ഇരയാകുമവമണ്ണിന്നണുകീടത്തിൽ.
പരിശുദ്ധ ഖിലാഫത്താം പരിപൂർണ്ണ തരുവിനെ
പരിത്യജിച്ചവർക്കിതേ പര്യവസാനം

പരത്തിലുമില്ല നേട്ടം ഇഹത്തിലുമില്ല നേട്ടം
പരാജയം അവരുടെ പതിവുകാഴ്ച
പ്രകാശമാണെന്നു ദൈവം പ്രവചിച്ച സംവിധാനം
പ്രശംസയ്ക്കായന്നു ചിലർ ത്യജിച്ചകന്നൂ

പടച്ചവൻ തിരുസ്വന്തം കൈകളാലേ നട്ടയീ തൈ
പടുവൃക്ഷമായിടാതെ കൊഴിഞ്ഞിടാനോ?
ഖിലാഫത്തിൻ തോപ്പിലല്ലാതില്ലയിനിയൊരുവിധ
ഫലങ്ങളും നമുക്കിനി പൂകിടുവാനായ്

നാവിലോ ഖിലാഫത്ത് വേണം വേഗമൊന്നു വന്നിടേണം
ആവുമോ മനുഷ്യനാലീ ദൈവകർത്തവ്യം
ആളുകളും മാറി മാറി ദൗത്യമിതങ്ങേറ്റു നോക്കി
നീളുകില്ല രണ്ടുനാളതിനപ്പുറം പോലും

തുരുതുരെ തൊടുത്താലും ഒരുവിധ ശരങ്ങളും
തറക്കുകില്ലിതിൻ മീതെയൊരിക്കൽ പോലും
മുറുകെ നീ പിടിച്ചെന്നാൽ പടച്ചവൻ തന്നയീ കയർ
അറുതിക്കുള്ളവരുടെ ശ്രമം വ്യാമോഹം.

സതി നീളെയനുഗ്രഹവർഷം മാത്രമേറ്റുവാങ്ങി
'ഖുദ്റത്തെ സാനിയ'തൻ തേജോവിലാസം
മഹാരഥരേറെയായി ജീവിച്ചിടാനാശിച്ചയീ
മഹദ് വേള കണ്ടനാമാണനുഗ്രഹീതർ

ഉരുവിടാൻ നന്ദിയുടെയൊരു വാക്കുമില്ല യോജ്യം
ഉലകിൻ തൻ പാലകായീ അനുഗ്രഹത്തിൻ
'കിസ് തറഹ് തേരാകറും ഏ സുല്മിനൻ ശുക്റോ സിപാസ്' ആം
മസീഹ്തൻ വാക്കുതന്നെയുരുവിടാം നാം

അബൂബക്കറുമറുസ്മാൻ അലിയൊപ്പം നൂറുദ്ദീനും
മഹമൂദിൻ ശേഷം നാസിർതാഹിർ മസ്റൂർ
മഹാനബി പിന്നെ മസീഹവരുടെ ഖലീഫമാർ
മഹാരഥരിവർ ദീനിൻ വഴികാട്ടികൾ

മഹത്വവാനായ നാഥാ മഹാത്മാക്കളിവർക്കുമേ-
ലനുദിനം സമാധാനപ്പൂക്കൾ ചൊരിയൂ
മഹദ്വൃന്ദമടങ്ങും നിൻ മലർവാടിക്കൊരു കോണിൽ
മരണംവരെയുമെനിക്കിടമരുളൂ.

ഖിലാഫത്താണെന്റെ ശ്വാസം ഖിലാഫത്താണെന്റെ പ്രാണൻ
ഖിലാഫത്തിനായി ജീവൻ ബലിയർപ്പിക്കാം
കല്പനനിൻ കൈവിടാനാണെങ്കിലാദ്യമെന്നുടെ നീ
ഖിലാഫത്തിനായി പ്രാണൻ എടുത്തിടേണം.

# ജവാബ്!

* "ഈസാ(അ) തൊട്ടിലിൽവച്ചുതന്നെ താൻ നബിയാണെന്നു പ്രഖ്യാപനം നടത്തി." (ഖുർആനും ഖാദിയാനികളും- ഇ.കെ.എം. പന്നൂർ, ഫെബ്രുവരി 1996, പേജ്-21)

"ഒരു ഖുർആൻ സൂക്തത്തിന്റെ വ്യാഖ്യാനമായി മറ്റൊരു സൂക്തമോ സൂക്തങ്ങളോ വരുന്ന സന്ദർഭങ്ങളുണ്ട്. 19:30 സൂക്തത്തിൽനിന്ന് പ്രത്യക്ഷമായി മനസ്സിലാക്കാനാവുക ഈസാ(അ) ജന്മനാ നബിയായിരുന്നു എന്നാണ്. എന്നാൽ 3:48ഉം 5:110 ഉം നല്കുന്ന വിവരം അങ്ങനെയല്ല. 19:30-ന്റെ വിശദീകരണം 3:48 -ലും 5:110-ലും ഉണ്ട്. അത് ജന്മനാ അദ്ദേഹം പ്രവാചകനായിരുന്നില്ല എന്നതാണ്. ശിശുവായിരിക്കെ അദ്ദേഹം പ്രവാചകനാവുകയുണ്ടായിട്ടില്ല. 'വേദഗ്രന്ഥം നല്കി' എന്നും 'പ്രവാചകനാക്കി' എന്നും പറഞ്ഞിട്ടുള്ളത് ആ രണ്ടുകാര്യവും അടുത്തു സംഭവിക്കാൻ പോകുന്നവയാണെന്നു തീർച്ചപ്പെട്ടതുകൊണ്ടാണ്. ശ്രോതാക്കളുടെ ശ്രദ്ധയാകർഷിക്കുവാനും പ്രതീക്ഷിച്ചുകൊണ്ടിരിക്കുവാൻ അവരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതിനുമായി വരാനിരിക്കുന്ന ഇത്തരം സംഭവങ്ങളെക്കുറിച്ച് ഭൂതകാലരൂപത്തിൽ സംസാരിക്കുക എല്ലാ ഭാഷകളിലും പതിവുള്ളതാണ്. 19:30 -നെ തുടർന്നുള്ള സൂക്തംതന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. "......... ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സകാത്ത് കൊടുക്കുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു" (19:31).

തൊട്ടിലിൽ കിടക്കുന്ന ശിശു എങ്ങനെയാണ് സകാത്ത് കൊടുക്കുക? സ്വയം സമ്പാദ്യമുള്ളവനാണല്ലോ സകാത്ത് കൊടുക്കേണ്ടത്. അതുപോലെ തൊട്ടിലിൽ കിടക്കുന്ന ശിശു എങ്ങനെയാണ് നമസ്കരിക്കുക? വരാനിരിക്കുന്ന കാര്യങ്ങളാണ് ഇവയെല്ലാമെന്നു വ്യക്തം." (സ്നേഹസംവാദം, 2006 ജൂലൈ, പേജ്-26, ലേഖനം- ഉസ്മാൻ പാലക്കാഴി)

മറ്റുമതക്കാരിൽ ഇസ്ലാമിന്റെ സന്ദേശമെത്തിക്കാനുള്ള 'സ്നേഹസംവാദം' മാസികയിലെങ്കിലും 'ഈസാനബി(അ) തൊട്ടിലിൽവച്ചുതന്നെ നബിയായി' എന്ന വിശ്വാസം തെറ്റാണെന്നു തെളിയിച്ചത് നല്ല കാര്യം. കൂടെ മറ്റൊരു വിഷയംകൂടി. താൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കാനും സകാത്തു കൊടുക്കാനും ഈസാനബി കല്പിക്കപ്പെട്ടിരിക്കുന്നുവെന്ന വിശുദ്ധഖുർആന്റെ പ്രസ്താവന 'സ്നേഹസംവാദം' ഉദ്ധരിച്ചല്ലോ. ഈസാനബി(അ) ഇന്നും സ്ഥൂലശരീരത്തോടെ ആകാശത്തു ജീവിച്ചിരിപ്പുണ്ടെന്നു വിശ്വസിക്കുന്നവരാണ് 'സ്നേഹസംവാദ'ത്തിന്റെ വക്താക്കളായ ഏപ്പി മുജാഹിദുകൾ. അവരോട് ചില സംശയങ്ങൾ ഉന്നയിക്കട്ടെ. ഇപ്പോൾ ആകാശത്ത് ഈസാനബി(അ) നമസ്കരിക്കുന്നത് താൻ പ്രബോധനം ചെയ്ത മൂസവീശരീഅത്തനുസരിച്ചോ അതോ മുഹമ്മദീശരീഅത്തനുസരിച്ചോ? മൂസവീശരീഅത്തനുസരിച്ചാണെങ്കിൽ; മറ്റെല്ലാ ശരീഅത്തുകളും മുഹമ്മദീ ശരീഅത്തുകൊണ്ട് മൻസൂഖാക്കപ്പെട്ടപ്പോൾ അതിൽനിന്നൊഴിഞ്ഞ് നില്ക്കാൻ മാത്രം മുഹമ്മദീ ശരീഅത്തിനേക്കാൾ ശ്രേഷ്ഠമാണോ ഈസാനബി (അ) അനുവർത്തിച്ചിരുന്ന ശരീഅത്ത്? മുജാഹിദ് വിശ്വാസപ്രകാരം ഈസാനബി (അ) അവസാനകാലത്ത് ഉടലോടെ ആകാശത്തിൽ നിന്നിറങ്ങിവരുമല്ലോ. അങ്ങനെ വന്നശേഷം ജനങ്ങൾക്കിടയിൽ വിധി കല്പിക്കാൻവേണ്ടി മുഹമ്മദീശരീഅത്ത് അപ്പോൾ വഹ്‌യായിട്ടവതരിപ്പിക്കുന്നതായിരിക്കുമോ? എങ്കിൽ, മുഹമ്മദ് നബി(സ)ക്കു ശേഷം എല്ലാവിധ വഹ്‌യും നിലച്ചെന്ന മുജാഹിദു വിശ്വാസം അബദ്ധമാണെന്നു വരില്ലേ? ഇനി ഈസാനബി(അ) ഇപ്പോൾ ആകാശത്തു നമസ്കരിക്കുന്നത് മുഹമ്മദീ ശരീഅത്തനുസരിച്ചാണെങ്കിൽ; ജനങ്ങൾക്കുവേണ്ടി മുഹമ്മദ് നബി(സ)യിലൂടെ ശരീഅത്ത് വഹ്‌യായി ഇറക്കിയതോടൊപ്പം, ജനങ്ങളില്ലാത്ത ആകാശത്ത് ഈസാനബി എന്ന ഒരൊറ്റ വ്യക്തിക്കുവേണ്ടി മുഹമ്മദീശരീഅത്ത് വഹ്‌യായി ഇറക്കാൻ മാത്രം റസൂൽ തിരുമേനി(സ)യേക്കാൾ ശ്രേഷ്ഠനാണോ ഈസാനബി(അ)? ഈസാനബി (അ) ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന സകാത്തിനെപ്പറ്റി ഒന്നും ചോദിച്ച് മുജാഹിദുകളെ ബുദ്ധിമുട്ടിക്കുന്നില്ല.

* "ചോദ്യകർത്താക്കളേയും വിമർശകരേയും വിസ്മയഭരിതരാക്കിക്കൊണ്ട് തൊട്ടിലിൽ കിടക്കുന്ന കുഞ്ഞ് സംസാരിച്ചു." അവൻ (കുട്ടി) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാണ്. അവൻ എനിക്ക് വേദപുസ്തകം തന്നിരിക്കുന്നു. എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു. ഞാൻ എവിടെയായിരുന്നാലും അവൻ എന്നെ അനുഗ്രഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം നമസ്കാരം നിർവ്വഹിക്കാനും സക്കാത്ത് കൊടുക്കാനും അവനെ

ന്നോട് കല്പിച്ചിരിക്കുന്നു.... (മർയം, 30-33) തൊട്ടിലിൽ കിടക്കുന്ന കുട്ടിയുടെ ഈ വർത്തമാനം മർയമിന്റെ വിശുദ്ധി വിളംബരം ചെയ്തു. തെറ്റിദ്ധാരണകളുടെ എല്ലാ ആവരണങ്ങളും അഴിച്ചുമാറ്റപ്പെട്ടു'' (അൽമനാർ, 2007 ആഗസ്റ്റ്, പേജ് 57).

തൊട്ടിലിൽ കിടന്ന് കൈകാലുകളിട്ടടിച്ച് കളിക്കുന്ന പ്രായത്തിൽതന്നെ കുഞ്ഞുഈസാ പ്രവാചകനായതായി ഇവിടെ എഴുതുന്നു. തുടർന്ന് വായിക്കുക.

"ഈസാ മസീഹ് 30-ാം വയസ്സിൽ പ്രവാചകനാകുംവരേയും പ്രവാചകനായശേഷവും എല്ലാ അർത്ഥത്തിലും മാതൃകായോഗ്യയായ ഒരു മാതാവായി മർയം ബീവി മകനോടുള്ള എല്ലാ ബാധ്യതകളും യഥാവിധി നിർവ്വഹിച്ചുകൊണ്ടിരുന്നു.

അതീവസാഹസികവും അത്ഭുതകരവുമായ ജീവിതത്തിന്റെ ഉടമയായ മർയംബീവി മകൻ ഈസാനബിയുടെ മരണശേഷം അഞ്ചുകൊല്ലം കഴിഞ്ഞാണ് ഈ ലോകത്തോട് വിടപറഞ്ഞത് എന്നു പറയപ്പെടുന്നു'' (അൽമനാർ അതേലക്കം, അതേ പേജ്).

ഈസാനബി(അ) തൊട്ടിലിൽവെച്ചല്ല, മുപ്പതാം വയസ്സിലാണ് പ്രവാചകനായതെന്ന് ഇവിടെ അൽമനാർ പ്രസ്താവിക്കുന്നു. മാത്രമല്ല, ഈസാനബി(അ) ഇന്നും ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്ന മുജാഹിദ് വിശ്വാസത്തിനു വിരുദ്ധമായി, മർയംബീവി മരിക്കുന്നതിന്റെ അഞ്ചുവർഷം മുമ്പുതന്നെ ഈസാനബി(അ) മരിച്ചുപോയിരിക്കുന്നുവെന്നും 'അൽമനാർ' വ്യക്തമാക്കുന്നു. (അൽമനാർ സപ്തംബർ ലക്കത്തിൽ ഇതിനൊരു തിരുത്തൽ കൊടുത്തിട്ടുണ്ട്. 'മരണശേഷം' എന്നത് അല്ലാഹുവിലേക്ക് ഉയർത്തപ്പെട്ടശേഷം എന്നു വായിക്കണമെന്ന്! ഈ വിഷയം പിന്നീട് പരാമർശിക്കാം. ഇ:അ) ഹദ്റത്ത് അഹ്മദ്(അ)ന്റെ സമകാലികനായിരുന്ന ഈജിപ്ഷ്യൻ പണ്ഡിതൻ സയ്യിദ് റശീദ് രിള, തന്റെ 'തഫ്സീറുൽ മനാറി'ലൂടെ, ഈസാനബിയുടെ ഇന്ത്യയിലേക്കുള്ള പലായനവും ഇവിടെ വെച്ചുള്ള മരണവും അംഗീകരിച്ചിരുന്നുവെന്നത് ഇത്തരുണത്തിൽ സ്മരണീയമാണ്. അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദ്.

*33-ൽ നിന്ന്*

ളിൽ നിക്ഷിപ്തമാണെന്ന് തെറ്റിദ്ധരിച്ചുകൊണ്ട് ഇപ്രകാരം പ്രവർത്തിക്കുന്നവരും അവരുടെ വിവരദോഷത്തിന്റെ പ്രത്യാഘാതങ്ങൾ അറിയാത്തവരാണ്.

പിന്തുടർച്ചയുൾപ്പെടെയുള്ള സ്വത്തവകാശ കാര്യങ്ങളിൽ വ്യവസ്ഥാപിത അധികാരകേന്ദ്രങ്ങളേയും കോടതികളേയും യഥാവിധി പിന്തുടരുന്ന ഈ അനഹ്മദീ സമൂഹത്തിലെ പുരോഹിതവർഗ്ഗം ആ അവകാശങ്ങൾപോലെതന്നെ ശരീഅത്ത് സംഹിതയുടെ ഭാഗമായ വിവാഹം, വിവാഹമോചനം തുടങ്ങിയവയുടെ കാര്യത്തിൽ വ്യവസ്ഥാപിതമായ നിയമസംവിധാനങ്ങളെ അംഗീകരിക്കാൻ പലപ്പോഴും തയ്യാറാവുന്നില്ല എന്നത് ഗുരുതരമായ പ്രശ്നമാണ്. വ്യവസ്ഥാപിതനിയമപ്രകാരമല്ല ഫസ്ഖ് പ്രകാരമുള്ള വിവാഹമോചനം നേടുന്നതെങ്കിൽ ആ വിവാഹമോചനത്തിന് ത്വലാഖിന്റെ നിയമസാധുത ഒരിക്കലും ഉണ്ടാവുന്നതല്ല. ആദ്യവിവാഹം നിലനില്ക്കുകതന്നെ ചെയ്യും. അത് നിലനില്ക്കേതന്നെ രണ്ടാം വിവാഹം കഴിക്കുന്ന മുസ്ലിം സ്ത്രീ യഥാർത്ഥത്തിൽ ബഹുഭർത്തൃത്വവും അതുവഴി വ്യഭിചാരതുല്യമായ ജീവിതവുമാണ് നയിക്കുന്നതെന്നും നിയമം അംഗീകരിക്കാത്ത പ്രസ്തുത രണ്ടാം വിവാഹബന്ധത്തിൽ പിറക്കുന്ന കുട്ടികൾ അവിഹിതസന്തതികളായി ജീവിതകാലം മുഴുവൻ, തിരുത്താനാവാത്ത ശിരോലിഖിതവുമായി കഴിയേണ്ടിവരുമെന്നുമുള്ള വസ്തുതകളും പ്രത്യാഘാതങ്ങളും ഭയാനകമാണ്. ഭാരിച്ച സ്വത്തുക്കൾപോലും യഥാർത്ഥ അവകാശികൾക്ക് കിട്ടാതെ പോവുന്നതിനും അന്യാധീനപ്പെടുന്നതിനും മാത്രമല്ല വലിയ സാമൂഹ്യ അരാജകത്വത്തിനും അസ്ഥിരതയ്ക്കുപോലും ആ മതപുരോഹിതരുടെ വിവരദോഷം കാരണമാവുന്നുണ്ട് എന്നതാണ് സത്യം.

ആത്മീയകാര്യങ്ങളിലെ അജ്ഞത തന്നെയാണ് ശരീഅത്തുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ യഥാവിധി പിന്തുടരാൻ കഴിയാത്തതിലും ഭൂരിപക്ഷ മുസ്ലിംസമൂഹങ്ങൾ അനുഭവിക്കുന്നത് എന്നതാണ് സത്യം. വിശുദ്ധഖുർആന്റെ ശാസ്ത്രീയതയും മനോഹാരിതയും പ്രായോഗികതയും അതിലടങ്ങിയ നിയമവ്യവസ്ഥകൾക്കും ബാധകമാണെന്ന് ഏറ്റവും ലളിതമായി ഈ ലോകത്ത് വ്യാഖ്യാനിച്ചത് അഹ്മദിയ്യാ പ്രസ്ഥാനം മാത്രമാണ്. അതുകൊണ്ടുതന്നെ ശരീഅത്തുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഏറ്റവും സൂക്ഷ്മമായി മനസ്സിലാക്കാനും പ്രയോഗവൽക്കരിക്കാനും അഹ്മദികൾ ബാധ്യസ്ഥരാണ്. പ്രത്യേകിച്ചും ശരീഅത്തിനെ വളച്ചൊടിച്ച്, ദുർവ്യാഖ്യാനം ചെയ്ത് അശാസ്ത്രീയവും അസാധുവാക്കി കാണിക്കുന്ന മുസ്ലിംനാമധാരികളുടെ ഈ ലോകത്ത് യഥാർത്ഥ ഇസ്ലാമികാധ്യാപനങ്ങളുടെ ഭാഗമായി യഥാർത്ഥ ശരീഅത്ത് വ്യവസ്ഥകളിലും അവബോധം സൃഷ്ടിക്കാൻ നമുക്ക് കഴിയണം. ഒരുപാട് തെറ്റിദ്ധരിക്കപ്പെട്ട ഫസ്ഖ് അപ്രകാരം വ്യാപകമായ പഠനവും അവബോധവും ആവശ്യമുള്ള ഒരു നിയമസങ്കേതമാണ്. ഈ നിയമാവബോധ മേഖലയിലും ഇസ്ലാമിന്റെ തനതായ വ്യക്തിത്വം ഉയർത്തിപ്പിടിക്കാൻ സർവ്വശക്തനായ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

(അവസാനിച്ചു)

ഇബ്നു മുഹമ്മദ്

# മജ്ലിസ് അൻസാറുല്ലാ സംസ്ഥാന ഇജ്തിമാഅ്



മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമാഅ് കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ നടത്തി. ആഗസ്ത് 19 ഞായറാഴ്ച പുലർച്ചെ തഹ്ജ്ജുദ് നമസ്കാരത്തോടെയാണ് ഏകദിന ഇജ്തിമ ആരംഭിച്ചത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള അൻസാർ സഹോദരങ്ങൾ ശനിയാഴ്ച മുതൽതന്നെ കോഴിക്കോട് എത്തിച്ചേർന്നിരുന്നു. സുബഹി നമസ്കാരത്തിനു ശേഷം മൗലവി സഫർ അഹ്മദ് സാഹിബ് ഖുർആൻ ദർസ് എടുത്തു. ഞായറാഴ്ച പതാക ഉയർത്തുമ്പോഴേക്കും നിരവധി അൻസാർ സഹോദരങ്ങൾ ആവേശപൂർവ്വം എത്തിക്കഴിഞ്ഞിരുന്നു.

രാവിലെ 9.45-ന് പതാക ഉയർത്തിയതോടെ ഇജ്തിമ പരിപാടികൾ ആരംഭിച്ചു. തുടർന്ന് മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. യു.കെ. മുഹമ്മദ് യൂസുഫ് സാഹിബ് ഖുർആൻ പാരായണം നടത്തി. കോഴിക്കോട് മേഖലാ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അമീർ എം.എ. മുഹമ്മദ് സാഹിബ് ഇജ്തിമാ ഉദ്ഘാടനം ചെയ്തു. അദ്ദേഹത്തിനെ കേന്ദ്രത്തിന്റെ പ്രത്യേക പ്രതിനിധിയായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ അൻസാരീങ്ങൾ ഇസ്ലാമിനു വേണ്ടി ചെയ്ത സേവനങ്ങൾ വിശദീകരിച്ചുകൊണ്ട് സംസാരിച്ച അദ്ദേഹം മജ്ലിസ് അൻസാറുല്ലാഹ് അംഗങ്ങൾ അതുപോലുള്ള പ്രവർത്തനങ്ങൾക്ക് സന്നദ്ധമാകണമെന്ന് ആഹ്വാനം ചെയ്തു. തിരുനബി(സ) തിരുമേനിയുടെ കാലഘട്ടത്തിലേക്കുള്ള ഒരു തിരിച്ചുപോക്കാണ് ഇന്ന് ലോകത്തിന്നാവശ്യം. അതിലേക്കാണ് ഇപ്പോഴത്തെ നമ്മുടെ ഹുസൂർ ക്ഷണിച്ചുകൊണ്ടിരിക്കുന്നതും. അദ്ദേഹം തുടർന്നുപറഞ്ഞു. ചടങ്ങിൽ വെച്ച് മജ്ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമിതി പുറത്തിറക്കിയ 'നിസാബെ തഅ്ലീം' എന്ന പുസ്തകം പ്രകാശനം ചെയ്തു. സംസ്ഥാന പബ്ലിക്കേഷൻ വിഭാഗം സദ്ർ പ്രൊഫ. ബി. മഹ്മൂദഹ്മദ് സാഹിബാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്. തുടർന്ന് ചീഫ്മിഷനറി മൗലവി മുഹമ്മദ് അയൂബ് സാഹിബ് ആശംസാ പ്രസംഗം നടത്തി. ഹുസൂർ തിരുമനസ്സിന്റെ ഖുത്ബകളിലേക്ക് ശ്രദ്ധ ക്ഷണിച്ച അദ്ദേഹം അൻസാറുകൾ തങ്ങളുടെ ജീവിതം ദൈവപ്രാപ്തി കരസ്ഥമാക്കാൻ ഉതകുന്ന തരത്തിൽ പരിവർത്തിപ്പിക്കണമെന്ന് പറഞ്ഞു. കാലത്തിന്റെ ഖലീഫ നമ്മോട് ചെയ്യാനാവശ്യപ്പെട്ട ദുആകളിൽ മുഴുകിയിരിക്കാനും അതിലൂടെ ഖിലാഫത്തിന്റെ പുതിയ നൂറ്റാണ്ടിനെ വരവേല്ക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു. കോഴിക്കോട് മേഖലാ അൻസാറുല്ലാഹ് നാസിം എസ്. മുഹമ്മദ് സലീം സാഹിബ് ചടങ്ങിന് സ്വാഗതം പറഞ്ഞു. നായിബ് നാസിം ഉമൂമി അഡ്വ.എം.ജലീൽ അഹ്മദ് സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു. ഐ.കെ. അഹ്മദ്കുട്ടി സാഹിബ് പദ്യം ആലപിച്ചു.

ഉദ്ഘാടന സമ്മേളനത്തിനുശേഷം ആന്ധ്രാപ്രദേശ് മുബല്ലിഗ് മൗലവി മുഹമ്മദ് സലീം സാഹിബ് 'തബ്ലീഗിന്റെ പ്രായോഗികതലം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും പ്രത്യേകിച്ച് മുസ്ലിംകൾക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ചുകൊടുക്കേണ്ട ബാധ്യത മുഴുവൻ അഹ്മദികൾക്കു മുണ്ടെന്നും അതിന് എല്ലാവരും തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു. ജനങ്ങളിന്ന് സന്ദേശത്തിന്നായി കാത്തിരിക്കുകയാണ്. ജമാഅത്തിന്റെ സന്ദേശം എത്തിച്ചുകൊടുക്കണമെങ്കിൽ അത് ആദ്യം നാം പഠിക്കേണ്ടതുണ്ട്. മുഴുവൻ അംഗ



ങ്ങളും അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് തങ്ങളുടെ ജീവിതം മാതൃകയാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഉച്ചയ്ക്കുശേഷം അൻസാറുകൾക്കായി മെമ്മറിടെസ്റ്റ്, ഖുർആൻ പാരായണം, അറബി, ഉർദു, മലയാള പദ്യപാരായണം, മ്യൂസിക്കൽ ചെയർ, സന്ദേശകൈമാറ്റം എന്നീ മത്സരങ്ങൾ നടത്തി. ഭക്ഷണത്തിനുശേഷം നടത്തിയ നർമ്മവേദി സദസ്യരിൽ ചിരിപടർത്തി.

കൃത്യം 6 മണിക്ക് സമാപന സമ്മേളനം ആരംഭിച്ചു. സമാപനസമ്മേളനത്തിൽ പി.പി. നാസിറുദ്ദീൻ സാഹിബ് അധ്യക്ഷനായിരുന്നു. ഇബ്റാഹീം കുട്ടി സാഹിബ്, മാത്ര "അഹ്മദിയ്യാ ഖിലാഫത്ത്' എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസ്സെടുത്തു. ഖാദിയാനിൽനിന്നും എത്തിച്ചേർന്ന ദഅ്വത്തെ ഇലല്ലാഹ് പ്രതിനിധി മൗലവി മുബശ്ശിർ അഹ്മദ് സാഹിബ് സദസ്സിനെ അഭിസംബോധന ചെയ്തു. ഇജ്തിമാക്ക് ദുആയോടെ പരിപാടികൾക്ക് വിരാമമായി. ഇജ്തിമായിലുടനീളം പാലിച്ച സമയനിഷ്ഠ പ്രത്യേകം പ്രശംസനീയമാണ്.

---

*23-ൽ നിന്ന്*

സ്ഥയെപ്പറ്റി ഒന്നു ചിന്തിച്ചുനോക്കൂ എന്ന് ടൂർഗൈഡ് പറഞ്ഞപ്പോൾ, ആ കാലത്തെ സാങ്കേതിക സങ്കീർണ്ണതയെക്കുറിച്ച് അത്ഭുതത്തോടെ മാത്രം ഓർക്കാൻ തോന്നി.

കെയ്റോ മ്യൂസിയത്തിന്റെ മുകൾനിലയിൽ വളരെ സുരക്ഷിതമായ ഒരിടത്ത്, ഒരു ചെറിയ ഹാളിലാണ്, ഇന്ന് ലോകത്തെ ഏറ്റവും അമൂല്യമെന്ന് കരുതാവുന്ന മറ്റൊരു പുരാശേഖരം ഒരുക്കിയിരിക്കുന്നത്. അതാണ് മമ്മി സെക്ഷൻ. ഒരാൾക്ക് 500 രൂപയുടെ പ്രവേശന ടിക്കറ്റെടുക്കണം മമ്മി വിഭാഗം സന്ദർശിക്കുന്നതിന്. കഷ്ടിച്ച് 15 മിനുട്ട് നേരത്തെ കാഴ്ചക്ക്.

സഹസ്രാബ്ദങ്ങൾ പഴക്കമുള്ള പന്ത്രണ്ടോളം മമ്മികളാണ് ഇവിടെ സൂക്ഷിക്കപ്പെട്ടിരിക്കുന്നത്. ഇതൊരു എയർ കണ്ടീഷൻ ഹാളാണ്. ഈ ഹാളിൽതന്നെ പ്രത്യേക ശീതീകരണ സൗകര്യമുള്ള കനത്ത ഗ്ലാസ്സ് പേടകങ്ങളിലാണ് പുരാതന ഫെറവോമാർ, മമ്മികളുടെ രൂപത്തിൽ ഉറങ്ങിക്കിടക്കുന്നത്.

ആധുനികകാലത്ത് ഏറെ ഉറപ്പും ബലവുമുള്ളതെന്നു കരുതപ്പെടുന്ന എത്രയെത്ര വസ്തുക്കളാണ് ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ ജീർണ്ണിച്ചോ നശിച്ചോ പോകുന്നത്. എന്നാൽ ഇവിടെ അയ്യായിരത്തിലധികം വർഷം പഴക്കമുള്ള മനുഷ്യശരീരങ്ങൾ പോലും ഇപ്പോഴും കാര്യമായ കേടുപാടുകളൊന്നും കൂടാതെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഇവ, ഈ രൂപത്തിൽ, ജീർണ്ണിച്ചുപോകാതെ സംരക്ഷിക്കപ്പെട്ടതിന്റെ പിന്നിൽ പുരാതന ഈജിപ്തുകാരുടെ സാങ്കേതിക വൈഭവജ്ഞാനമാണുള്ളത്. ആധുനിക ശാസ്ത്രജ്ഞന്മാരെപോലും അത്ഭുതപ്പെടുത്തുന്നു അവരുടെ ഈ കഴിവ്.

മ്യൂസിയം സന്ദർശനം കഴിഞ്ഞ്, ക്ലോക്ക് മുറിയിൽ നിന്നും ഭാര്യയുടെ പേനക്കത്തിയും, എന്റെ ക്യാമറയും മൊബൈൽ ഫോണുമൊക്കെ ഏറ്റുവാങ്ങി ഞങ്ങൾ പുറത്തിറങ്ങി.

(തുടരും)

---

*14-ൽ നിന്ന്*

ക്കലും അലസരും സുഖലോലുപരുമായിത്തീരുകയില്ല.

ഇപ്രകാരം വ്രതാനുഷ്ഠാനത്തിൽ വിശിഷ്ട തത്വങ്ങളും അടങ്ങിയിരിക്കുന്നുവെങ്കിലും ഇച്ഛാധീനരായ ഭോഗേച്ഛുകൾക്ക് ഈ ഗുണപാഠങ്ങളൊന്നും കാണ്മാൻ കഴിയില്ല. അഥവാ, കണ്ടാലും ഇച്ഛയ്ക്ക് വിരോധമായി നില്ക്കുവാൻ അവർക്ക് ശക്തിയില്ല. ഇച്ഛകളെ എതിർക്കുക എന്നത് അവർക്ക് എത്രയും അസഹനീയവുമായിരിക്കും. അതിനാൽ, വ്രതം കൊണ്ട് വിശപ്പും കായക്ലേശവുമല്ലാതെ യാതൊരു ഫലവും ഉണ്ടാകുന്നില്ലെന്ന് അവർ ആക്ഷേപിക്കുന്നുണ്ടെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. മനുഷ്യൻ മൃഗപ്രകൃതിയിൽനിന്ന് കര കയറാതിരിക്കുന്നിടത്തോളം കാലം ശരീരവിഷയങ്ങളല്ലാതെ ആത്മീയമായ സൂക്ഷ്മസംഗതികൾ അവന് കാണ്മാൻ സാധിക്കുകയില്ല.

പ്രസ്തുത തത്വങ്ങളെ മുൻനിറുത്തി വ്രതത്തെ ജീവവത്താക്കിത്തീർക്കാതെ, കേവലമൊരു സമുദായ വഴക്കമെന്ന നിലയിലോ അഥവാ, സമുദായത്തിന്റെ നിന്ദനത്തിന് പാത്രമാകുമെന്ന രീതിയിലോ മാത്രം ആചരിക്കുന്ന നോമ്പിനും യഥാർത്ഥമായ നോമ്പിന്റെ ഗുണങ്ങളൊന്നും കാണപ്പെടുകയില്ല. ഇത്തരത്തിൽ വ്രതാനുഷ്ഠാനം ചെയ്യുന്നവരിൽ ദൈവഭക്തിയുടേയും ദൈവനിരീക്ഷണത്തിന്റേയും ഫലമായുണ്ടാകേണ്ടുന്ന സമാധാനവും ശാന്തതയും ഉണ്ടാകുന്നുമില്ല. അതുകൊണ്ടാണ് നോമ്പുകാലത്ത് ചിലർ ക്ഷിപ്രകോപികളായും മറ്റുകാലങ്ങളിൽ കാണപ്പെടാത്ത ദുസ്വഭാവങ്ങളോടു കൂടിയവരായും കാണപ്പെടുന്നത്. ഇങ്ങനെയുള്ള നോമ്പുകാരെക്കുറിച്ച് നബിതിരുമേനി (സ) പറഞ്ഞിരിക്കുന്നത് 'അവരുടെ ഭക്ഷണപാനീയ വർജ്ജനത്തെപ്പറ്റി ദൈവം ശ്രദ്ധിക്കയേയില്ല' എന്നാണ്. അതായത്, ദൈവം അവരുടെ വ്രതത്തെ സ്വീകരിക്കുകയില്ല എന്നാണ് തിരുമേനി അരുളിയിരിക്കുന്നത്. അപ്പോൾ ഇത്തരക്കാർക്ക് അവരുടെ നോമ്പുകൊണ്ട് അവർ കുറേ വിശപ്പും ബുദ്ധിമുട്ടും വെറുതെ സഹിച്ചുവെന്നല്ലാതെ വേറെ ഫലമൊന്നും സിദ്ധിക്കുന്നില്ല. അവരുടെ വ്രതം അവരെ പാപകൃത്യങ്ങളിൽ നിന്ന് തടയുന്നുമില്ല.

(*സത്യദൂതൻ, 1939, ഒക്ടോബർ*).

ഡോ. ഫുആദ്

# ഇബ്‌ലീസും, ഖന്നാസും, വസ്‌വാസുകളും

**ക**നിയും തിന്ന്, നാണവും വന്ന്, സ്വർഗ്ഗവും നഷ്ട പ്പെട്ട് ആദമും ഹവ്വയും ഭൂമിയിൽ വസിച്ചു തുടങ്ങിയ കാലം. ഒരുനാൾ ആദം എന്തോ ആവശ്യത്തിന് എവി ടെയോ പോയിരുന്ന നേരം, ഹവ്വ തന്റെ ജോലികളിൽ വ്യാപൃതയായിരിക്കുമ്പോൾ അതാ വരുന്നു പഴയ പരി ചയക്കാരൻ ഇബ്‌ലീസ്. ഒറ്റക്കല്ല, ഒരാട്ടിൻകുട്ടിയുമുണ്ട് കൂടെ.

"എവിടെ ആദം?" വന്നപാടെ ഇബ്‌ലീസ് തിരക്കി.

''നീ എന്തിനിവിടെ വന്നു? നീ കാരണമല്ലേ ഞങ്ങൾക്ക് സ്വർഗ്ഗം നഷ്ടപ്പെട്ടത്. ഇനിയെങ്കിലും ഞങ്ങളെ ശല്യം ചെയ്യാതെ." ഇബ്‌ലീസിന്റെ വരവിൽ സംശയം തോന്നിയ ഹവ്വ പറഞ്ഞു.

"നിങ്ങളെ മാത്രമല്ലല്ലോ പുറത്താക്കിയത് ഞാനും പുറത്തായല്ലോ! കഴിഞ്ഞത് മറക്കൂ... പ്ലീസ്, ഒരു ഉപ കാരം ചെയ്യണം. എനിക്ക് അത്യാവശ്യമായി ഒരിടംവരെ പോകണം. അത്രയും നേരം ഇവനെ ഒന്നു നോക്കണേ!" ആട്ടിൻകുട്ടിയെ ഹവ്വയെ ഏല്പിച്ചിട്ട് ഇബ്‌ലീസ് സ്ഥലം കാലിയാക്കി. ഇബ്‌ലീസിനോട് 'നോ' പറഞ്ഞ ശീലം ഹവ്വയ്ക്ക് പണ്ടും ഇല്ലായിരുന്നല്ലോ.

ആട്ടിൻകുട്ടിയുമായി ഹവ്വ അന്തംവിട്ടു നിൽക്കു മ്പോഴാണ് ആദമിന്റെ വരവ്. "ഇതെന്താണ്? എവിടുന്ന് കിട്ടി ഇതിനെ?" ആദം തിരക്കി. ഹവ്വ സംഭവങ്ങൾ വിവരിച്ചു.

"പടച്ചോനെ! നീ എന്ത് പണിയാ ഈ കാണിച്ചത്! ഇബ്‌ലീസിനെ നിനക്ക് ഇനിയും തിരിഞ്ഞിട്ടില്ലേ?" കലി പൂണ്ട ആദം ആട്ടിൻകുട്ടിയെ കൊന്ന് ദൂരേക്ക് വലി ച്ചെറിഞ്ഞു.

കുറേകഴിഞ്ഞ് ആദം പോയപ്പോൾ ഇബ്‌ലീസ് തിരികെ എത്തി തിരക്കി "എവിടെ എന്റെ കുട്ടി?"

നടന്നതെല്ലാം ഹവ്വ വിവരിച്ചു. ഇബ്‌ലീസ് വിളിച്ചു "മോനെ ഖന്നാസ്സ്!"

അപ്പോഴതാ ആട്ടിൻകുട്ടി ജീവനോടെ പ്രത്യക്ഷ പ്പെട്ടു. "ഞാനിവിടുണ്ട് വാപ്പാ!"

''ഒരിക്കൽകൂടി ഇവനെ നോക്കണം, ഞാൻ വേഗം വരാം" ഇബ്‌ലീസ് പോകാനൊരുങ്ങി.

''അയ്യോ പറ്റില്ല! അദ്ദേഹം എന്നെ കൊല്ലും! ഇവനെ കൊണ്ടുപോകൂ" ഹവ്വ വിലപിച്ചു. പക്ഷേ, ഇബ്‌ലീസ് പോയിക്കഴിഞ്ഞിരുന്നു.

തിരികെവന്ന ആദമിന്റെ കലി വിവരിക്കേണ്ടതില്ല ല്ലോ. "നീ കാരണം ഇനി എന്തൊക്കെയാണ് വരാൻ പോകുന്നതെന്ന് പടച്ചോന് മാത്രമേ അറിയൂ! കലിയും, ഭയവുംകൊണ്ട് ആദം വിറച്ചു. ആട്ടിൻകുട്ടിയെ വെട്ടി ക്കൊന്നു, കഷ്ണങ്ങളാക്കി, പല ഭാഗത്തേക്കായി ചിത റി.

ആദമിന്റെ അഭാവത്തിൽ തിരികെയെത്തിയ ഇബ്‌ലീസ് വീണ്ടും മാജിക്ക് ഉപയോഗിച്ച് ഖന്നാസ്സിനെ 'പുനഃസംഘടിപ്പിച്ചു.'

വീണ്ടും ആടുമകനെ ഹവ്വയുടെ എതിർപ്പുകൾ വകവയ്ക്കാതെ അവിടെ ഏല്പിച്ച് ഇബ്‌ലീസ് മുങ്ങി. ആദം ഇത്തവണ തിരികെയെത്തിയപ്പോഴാണ് ആദ്യ മായി ഹവ്വയ്ക്ക് ആദമിന്റെ കൈയിൽനിന്നും തല്ലു കൊള്ളുന്നത്. കാമിനിമൂലമുള്ള ആദ്യ കലഹം! ഇബ്‌ലീസുപുത്രനെ വീണ്ടും കൊന്ന്, കഷണമാക്കി എന്നിട്ട് അതിനെ വേവിച്ച്, ഒരു കഷണം ആദമും മറ്റൊന്ന് ഹവ്വയും ശാപ്പിട്ടു. തിരികെയെത്തിയ ഇബ്‌ലീ സിനോട് ഹവ്വ കാര്യങ്ങൾ വിവരിച്ചു. ഇബ്‌ലീസ് വീണ്ടും വിളിച്ചു. "മോനെ ഖന്നാസ്സ്!"

ഹവ്വയുടെ വയറ്റിനുള്ളിൽനിന്നും മറുപടി ഉയർന്നു. "ഞാൻ ഇവിടുണ്ട് വാപ്പാ!"

ഇബ്‌ലീസിന്റെ മുഖം പ്രസന്നമായി. "ഇതായി രുന്നു എന്റെ ലക്ഷ്യം. മോനെ നീ ഇപ്പോൾ ഏറ്റവും സുരക്ഷിതമായ സ്ഥാനത്താണ്. ഇനി മുതൽക്ക് നീ മനുഷ്യഹൃദയങ്ങളെ അവരുടെ ഉള്ളിൽനിന്നും, ഞാൻ അവരുടെ പുറത്തുനിന്നും കൈകാര്യം ചെയ്യാം. അങ്ങനെ നമുക്കവരെ നരകത്തിലേക്ക് നയി ക്കാം."

മനുഷ്യഹൃദയങ്ങളിൽ നന്മയോടൊപ്പം തിന്മയും കുടികൊണ്ടിരിക്കുന്നു എന്ന് മനസ്സിലാക്കിത്തരുവാൻ വേണ്ടിയുള്ള ഈ കഥ അറബി, പേർഷ്യൻ, തുർക്കി പുരാണ സാഹിത്യങ്ങളിൽ പല രൂപത്തിലും വർണ്ണ ത്തിലും കാണാം. ഹിജ്റ 3-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സൂഫി ശ്രേഷ്ഠനായ ഇബ്നുൽ ഹക്കീം അത്തിർമിദി യാണ് ഈ കഥ ആദ്യമായി സങ്കല്പിച്ചത് എന്നു കരു തപ്പെടുന്നു. ആദിപാപം സ്ത്രീജന്യമാണ് എന്ന സഹോദരമതങ്ങളുടെ കാഴ്ചപാട് ഖുർആനോ, ആധി കാരിക ഇസ്‌ലാമിക പ്രമാണങ്ങളോ, അംഗീകരിക്കു ന്നില്ല എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.